
# NEW VISION FOR A CHANGING WORLD

VOL. 5 ■ ISSUE 1 ■ SEPTEMBER 2004



വിലക്കപ്പെട്ട കനി തിന്നുമ്പോൾ മനുഷ്യൻ മോഹങ്ങളുടെ തടവിൽ കുടുങ്ങുന്നു; സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നു; അർത്ഥവത്തായ ജീവിതത്തെ പരിത്യജിക്കുന്നു. ചുരുക്കത്തിൽ മരിക്കുന്നു.

- പ്രൊഫ. എം. തോമസ് മാത്യു (പേജ് 7)

With the public image of the life of Christian individuals, churches and institutions as low as it is, any amount of over-evangelism fails to get integrity or conviction in the society. What we practise does not agree with what we preach. Evidently there is a glaring contradiction. If the Gospel does not convert you, how can you expect that it will transform other lives?

**- Rt. Rev. Dr. Samuel Amirtham** (Page 4)

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

'NEW VISION FOR A CHANGING WORLD' is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

# CONTENTS


- **Evangelism** 4
  **Auto - Evangelism**
  *Rt. Rev. Dr. Samuel Amirtham*
- **Naturopathy** 5
  പ്രകൃതി ചികിത്സയുടെ പ്രാധാന്യത്തെപ്പറ്റി
  *ഡോ. സുകുമാർ അഴീക്കോട്*
- **Theology** 7
  വിലക്കപ്പെട്ട കനി
  *പ്രൊഫ. എം. തോമസ് മാത്യു*
- **Science** 9
  സംഭാവ്യത
  *ഡോ. ജോർജ് എം. തോമസ്*
- **Meditation** 11
  **A meditation on Grass**
  *Rev. Dr. M.J. Joseph*
- **Devotional** 12
  സക്കായിയുടെ ജീവിത സാക്ഷ്യം
  *ഫാ. ഡോ. മർക്കോസ് ജോസഫ്*
- **Ecology** 13
  പരിസ്ഥിതി സംരക്ഷണം: പള്ളിയും പള്ളിക്കൂടവും
  *ഡോ. ജോസ് പാറക്കടവിൽ*
- **Ethics** 14
  വെല്ലുവിളിക്കൂ എന്നിലെ പുരുഷനെ
  *യൂഹാനോൻ മാർ മിലിത്തോസ്*
- **Musings** 15
  വെട്ടുക്കിളികൾ - യഹോവയുടെ മഹാ സൈന്യങ്ങൾ
  *പ്രൊഫ. ഡോ. സി.സി. ഏബ്രഹാം*
- **Glimpses** 16
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്*
- **Literary Review** 17
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Psychology** 18
  കുട്ടികളിൽ ആത്മാഭിമാനം വളരട്ടെ
  *ജോർജ് ബഹനാൻ ടി.*
- **Mythology** 19
  ദേശീയ മിത്തുകൾ
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Current Affairs** 20
  നമുക്കു പറക്കാൻ എക്സ്പ്രസ് ഹൈവേ
  *ഡോ. ജോൺ കുരുവിള*
- **Cine World** 21
  ദ പാഷൻ ഓഫ് ക്രൈസ്റ്റ്
  *ഫാ. ഡോ. കെ.എം. ജോർജ്*
- **News** 23


# EDITORIAL

## സ്വാശ്രയസ്ഥാപനങ്ങൾ

ക്രിസ്തീയ സഭ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയതിന്റെ പിന്നിൽ ഒരു മിഷനറി ദൗത്യമുണ്ടായിരുന്നു. അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേക്കു ജനങ്ങളെ നയിക്കുവാൻ വിദ്യാഭ്യാസപ്രവർത്തനങ്ങൾ അനിവാര്യമാണെന്ന ഉൾക്കാഴ്ചയുടെ ഫലമായിരുന്നു അത്. വിദ്യാഭ്യാസം സഭയുടെ പ്രേഷിതപ്രവർത്തനമായി മാറിയതിനാൽ നിസ്വാർത്ഥസേവനമായിട്ടാണ് അതിനെ കണക്കാക്കി വന്നിരുന്നത്. സാമ്പത്തിക നഷ്ടങ്ങൾ സഹിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സഭ ഏർപ്പെട്ടു. അതിൽ സേവനവും ത്യാഗവും കരുതലും സ്നേഹവുമൊക്കെ അടങ്ങിയിരുന്നു. ശമ്പളവും മറ്റും സർക്കാർ കൊടുക്കുവാൻ തുടങ്ങിയതോടെ ഇവയ്ക്കെല്ലാം അൽപ്പം മങ്ങലേറ്റു. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അധികാരത്തിന്റെയും സ്വാധീനത്തിന്റെയും കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. സ്വാശ്രയസ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ വിദ്യാഭ്യാസം കച്ചവടമായിത്തീർന്നു. വിദ്യാർത്ഥികളിൽ നിന്നു തന്നെ പണം വാങ്ങി, ചിലവു നടത്തി, മിച്ചമുണ്ടാക്കുന്ന ഒരു സംവിധാനത്തിലേക്കാണ് സ്വാശ്രയ സ്ഥാപനങ്ങളുടെ പോക്ക്. പ്രേഷിതപ്രവർത്തനങ്ങളേക്കാളുപരി, കച്ചവടമാണ് സഭകൾക്കു താൽപ്പര്യമെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. കച്ചവട സംസ്കാരത്തിനെതിരെ പ്രവാചക ശബ്ദമായിത്തീരേണ്ട സഭ അതിനടിമയായിത്തീർന്നത് വേദനാജനകമാണ്. സഭയുടെ ദൗത്യത്തെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും സജീവമാകേണ്ട ഒരു കാലഘട്ടമാണിത്; സഭ ആർക്കുവേണ്ടിയാണു നിലകൊള്ളേണ്ടതെന്ന് ഉറക്കെ ചിന്തിക്കേണ്ട സന്ദർഭവും.

## The other fellow and I

When the other fellow takes a long time, he's slow. When I take a long time, I'm thorough!

When the other fellow doesn't do it, he's lazy. But when I don't do it, I'm busy!

When the other fellow does something without being told, he's overstepping his bounds. But when I do it, that's initiative!

When the other fellow overlooks a rule of etiquette, he's rude. But when I skip a few rules, I'm original!

When the other fellow pleases the boss, he's an apple-polisher. But when I please the boss, that's co-operation!

When the other fellow gets ahead, he's getting the breaks. But when I manage to get ahead, that's just the reward for hard work!

The classical description of evangelism is, as D.T. Niles put it, one beggar telling another beggar where to find food. The point that we sometimes fail to discern in this parable is that it is a beggar who tells this and not a richly fed person.

# AUTO-EVANGELISM

RT. REV. DR. SAMUEL AMIRTHAM

Keep your eyes open when you travel on our roads. And you can be in for some very interesting attempts at christian evangelism or proclamation. 'Victory to Jesus', 'No other name but Jesus', 'Glory to Jesus', 'Jesus saves', 'Jesus heals', 'Jesus calls', are standard statements on lorries and mini-buses. The owners apparently being Christians, I thought, are dying to witness to Jesus; and passionately committed to evangelism, proclaim the Gospel in and out of time, and anyway, what a wonderful idea to exploit on some free public space for advertising the Christian message. There are other Biblical phrases: 'Jehovah Yireh', 'Jehovah Nissi', 'Jehovah sleeps not', 'Jehova is my strength'. Sometimes the slogans are in the vernacular. Popular are also slogans such as 'God is love', 'God is Merciful', 'God bless you'- more general religious statements than specifically Christian. There is also a humorous side to these titles. 'Jehovah does not sleep nor slumber' raises giggles- 'so the driver can afford to sleep'! 'Prepare to meet your God'- 'This vehicle must be heading directly to heaven'!! 'Jesus comes soon'- 'If you do not catch this one, you may miss Him'!!!


The question, of course, is : do these words communicate anything, and if so, what? At the simplest level, people get the message that the vehicle belongs to a Christian. Some fanatic Christians would find satisfaction that God is materially blessing fellow-Christians, and some 'born-again' Christians are not ashamed of the Gospel and its proclamation. We used to have a very committed but a bit fanatic student at the Tamilnadu Theological Seminary in those days, someone whom everyone loved and respected because of his pleasant nature. Whenever he would travel with other students in a van or bus, be it on preaching tour or excursion trips, he would bring his megaphone with him and shout till his throat lost its voice, 'Jesus loves, Jesus saves'. He definitely contributed to the discussion on effective and non-effective communication later when we had discussion on the experience and its efficacy and, I am afraid, that was all his contribution to evangelism! In Israel, I encountered the familiar Christian confession, 'Jesus is the Solution' on a taxi (obviously a Christian-owned). I noted that some Jewish cabs carried, 'What is the problem?' Some innocent laugh may be part of evangelism, is not to be contested. ***The serious point, however, is that there is no automatic evangelism, just because words are printed in public or words are shouted whether people listen or not.***

Further, one can understand that one response to this type of 'Automobile Evangelism' is competitive evangelism by persons of other faith. *'Murugar thunai'*, *'Pazhani Andavar thunai'*, *'Namasuvaya'*, *'Anbey Sivam'* are statements of Hindu faith, equally common on motor vehicles. If you see a writing, 'God is great', the owner is very probably a Muslim. If nothing else, one can understand that in a multi-faith context, such expressions affirm one's religious identity. Hindu friends do not pay much attention, nor is bothered, about such Christian self-proclaimed identities. But there is also sometimes the danger of counter fanaticism in extreme situations when, for other reasons, communal tensions run high and any Christian vehicle becomes victim of violence, or more often, for reasons of communal jealousy on economic grounds. It is more pertinent to our discussion that such evengelistic attempts become counter-productive or even counter-communicative. What is one to make of a 'God loves you' in the rear window of a Bishop's luxury automobile? Kindly do not mistake me, the point is not the car but the message on the car explicit and implicit!

With the public image of the life of Christian individuals, churches and institutions as low as it is, any amount of over-evangelism fails to get integrity or conviction in the society. What we practise does not agree with what we preach. Evidently there is a glaring contradiction. If the Gospel does not convert you, how can you expect that it will transform other lives? Moreover, evangelism is done by not the church

*(Contd. on Page 6)*





# പ്രകൃതിചികിത്സയുടെ പ്രാധാന്യത്തെപ്പറ്റി



ഡോ. സുകുമാർ അഴീക്കോട്

പ്രകൃതിചികിത്സ തുടങ്ങിയ രീതികൾ കൊണ്ടുദ്ദേശിക്കുന്നത് എന്തെന്ന് ഇന്ന് കുട്ടികൾക്കൊക്കെ സംശയമുണ്ടാകും. ഇവിടെ ഏതു സ്ഥലത്തും കൂറ്റൻ കെട്ടിടങ്ങൾ കാണുന്നതിൽ പകുതിയോളം വലിയ ആശുപത്രികളാണ്. അവയെല്ലാം സ്ഥിതിചെയ്യുമ്പോൾ ചെറിയ ഒരു വീട്ടിൽ ചെറിയ ഒരു മുറിയിൽ പ്രകൃതി ചികിത്സ നടത്തുന്നവർ വട്ടന്മാരല്ലേയെന്ന് കുട്ടികൾക്കു സംശയം തോന്നാം. തൃശൂരിലൊക്കെ എത്രയാണ് ആശുപത്രികളെന്നതിനു കണക്കില്ല. നമ്മുടെ നാട്ടിലെ നേതാക്കന്മാർ ഇവിടുത്തെ ചികിത്സകൾ പോരെന്നു പറഞ്ഞ് വിദേശചികിത്സ നടത്തുന്നവരാണ്. നമ്മെപ്പോലുള്ള ആളുകളും വിദഗ്ദ്ധ ചികിത്സ തേടുന്നവരാണ്. പക്ഷേ എവിടെയുമുള്ള ആളുകൾക്ക് അന്തിമമായി എത്തിച്ചേരാനുള്ള ഒരു ചികിത്സാലയം എവിടെയോ ഉണ്ടെന്നുള്ളത് ഒരാശ്വാസമാണ്. ഈ ചികിത്സാകേന്ദ്രങ്ങളിലൊക്കെയുള്ള ഡോക്ടർമാരുടെയും വൈദ്യന്മാരുടെയും രോഗികളോടുള്ള മനോഭാവമാണ് പ്രധാനം. ആധുനിക കാലത്തെ ചികിത്സയുടെ പുറകിലുള്ള ഭയങ്കര ക്രൂരതയെക്കുറിച്ച് ഓർമ്മ വരുന്നു. ഇതു പണ്ടേയുള്ളതാണെന്ന് എനിക്കു തോന്നുന്നു. ***രോഗി ഡോക്ടർക്ക് വിനോദവസ്തുവാകരുത്. നേരെമറിച്ച്, ഒരു കാരുണ്യ സ്പർശനമാണു വേണ്ടത്.*** നമ്മൾ ചികിത്സയെക്കുറിച്ച് ഒരുപാടു പറയും. ഏറ്റവും വലിയ ചികിത്സ, നിഷ്കളങ്കമായ കാരുണ്യമാണ്, അല്ലെങ്കിൽ, ചികിത്സയല്ല. ക്രിസ്തുദേവൻ രോഗികളെ ചികിത്സിച്ചുവെന്നു പറഞ്ഞത് ഈ കാരുണ്യമെന്ന അംശം കൊണ്ടാണ്. രോഗം വരുന്നത് മനുഷ്യശരീരത്തോടുള്ള ക്രൂരത കൊണ്ടാണ്. എവിടെ ക്രൂരതയുണ്ടോ അവിടെ പ്രകൃതിയുടെ നിയമലംഘനം നടക്കും. ആ ക്രൂരത നമ്മുടെ ശരീരത്തോടു തന്നെയാകുമ്പോളാണ് പല രോഗങ്ങളും വരുന്നത്. നമ്മൾ ശരീരത്തെ ഒരു അടിമയെപ്പോലെയാണ് ഉപയോഗിക്കുന്നത്. അമിതാഹാരമെന്നൊക്കെ പറയുന്നത് ശരീരത്തിന്റെ ദുരുപയോഗമാണ്. ദുരുപയോഗം നടത്തുമ്പോൾ പല ഭാഗങ്ങളും എളുപ്പം ചീത്തയാകും. മോട്ടോർ കാറിന് പെട്രോൾ നൽകുന്ന ഒരു ആക്സിലറേഷനുണ്ട്. കുട്ടികളുടെയൊക്കെ ധാരണ വലിയ സ്പീഡിൽ പോകുന്നതാണ് ഒരു കാറിന്റെ മേന്മ എന്നാണ്. അതു നമ്മെ വളരെ എളുപ്പത്തിൽ പരലോകത്ത് കൊണ്ടെത്തിക്കുന്നു. അതുകൊണ്ട് മിതമായി ഓടിക്കുക. സർവ ധർമ്മേഷു മദ്ധ്യമ എന്ന് വാഗ്ഭടാചാര്യൻ പറയുന്നു. ഏറ്റവും നല്ല ആചാരം മദ്ധ്യമാർഗ്ഗമാണ്. ഓരോ അടിവയ്പ്പിലും മദ്ധ്യമ രീതിയിൽ പോകുക -ഭക്ഷണത്തിന്റെ കാര്യത്തിലും.

വളരെ സമർത്ഥനായ ഒരു ഇംഗ്ലീഷ് പ്രൊഫസറെ എനിക്കറിയാം. രോഗം ഡയബറ്റിസ് ആണ്. പഞ്ചസാരയോടുള്ള താല്പര്യം അഞ്ച് വയസ്സുവരെ കാണും. ആറാം വയസ്സിൽ താല്പര്യം തോന്നിയാൽ ശിക്ഷിക്കപ്പെടേണ്ടതാണ്. കാരണം, അതിനടിമയായിപ്പോകുകയാണ്. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് യൂണിവേഴ്സിറ്റിയിലാണു ജോലി. ഭാര്യ വരുമ്പോഴേക്കും അദ്ദേഹം മിക്കവാറും അർദ്ധബോധാവസ്ഥയിലായിരിക്കും. അടുക്കളയിൽപോയി നാണവും മാനവും ഇല്ലാതെ പഞ്ചസാര കഴിക്കും. ഒരു രാത്രി അദ്ദേഹം മരിച്ചു. ഇവിടെ ആരാണ് കുറ്റക്കാരൻ? ആ മനുഷ്യൻ. അയാളുടെ ശരീരത്തിനു ഗുണം ചെയ്യുന്നുവെന്ന അജ്ഞാനത്തിൽ ശരീരത്തോടു ദ്രോഹം ചെയ്യുന്നു. ശരീരമെപ്പോഴും മനസ്സിന്റെ ഉള്ളാണ്. മനസ്സിനെ ഏറ്റവും ശ്രേഷ്ഠമാക്കിത്തീർക്കുക.

ചികിത്സയ്ക്ക് മാനുഷികമായ ഒരു തത്വശാസ്ത്രമുണ്ട്. ആദ്യമായി വേണ്ടത് ഡോക്ടർമാർക്ക് അതിനെപ്പറ്റിയുള്ള ബോധം കൊടുക്കണമെന്നതാണ്. ഇന്നുള്ളത് മുഴുവൻ മെഡിക്കേഷനാണ്. മരുന്നുകൾക്കെല്ലാം ഒരുപാടു ദോഷഫലങ്ങളുണ്ട്. ശരീരത്തെ ദുരുപയോഗപ്പെടുത്തുകയാണവർ ചെയ്യുന്നത്. ദോഷത്തെപ്പറ്റി പറയാതെ മരുന്നു കൊടുക്കുന്ന ഡോക്ടർമാരെ വൈദ്യവൃത്തിയിൽനിന്നു തന്നെ ബഹിഷ്കരിക്കേണ്ടതാണ്. രോഗം മാറ്റുകയെന്നുള്ളതല്ല വൈദ്യവൃത്തിയുടെ ഇന്നത്തെ ലക്ഷ്യം. ഇനി രോഗി തന്റെയടുത്ത് വരാതിരിക്കരുത്. രോഗികൾ ഒരുപാടു വരുന്നതാണ് ഡോക്ടർക്കിഷ്ടം. അപ്പോൾ രോഗം മാറരുത്. വൈദ്യവൃത്തിയുടെ അപകടം-കർമ്മം ഫലിച്ചാൽ വൃത്തിക്ക് നാശമായിട്ടുവരും. ചികിത്സ ഫലിച്ചാൽ ഈ വൃത്തി നശിച്ചുപോകും. എല്ലാവരും ആരോഗ്യമുള്ളവരായാൽ ഹോസ്പിറ്റൽ എന്തു ചെയ്യും? വല്ല എണ്ണയാട്ടുകയോ മറ്റോ....പണ്ടൊരു ചർമ്മരോഗ വിദഗ്ദ്ധൻ പറഞ്ഞു, എനിക്ക് അധികം രോഗികളൊന്നും വേണ്ട. പണക്കാരായ രണ്ട് ചർമ്മരോഗികളെ കിട്ടുകയാണെങ്കിൽ മരണം വരെ ചൊറിയും. അങ്ങനെയാണെന്നു വിചാരിച്ചാൽ മതി. മനുഷ്യന്റെ ബുദ്ധിശൂന്യതയ്ക്കൊരതിരില്ല.....ഈ ഹോസ്പിറ്റലൊക്കെ കണ്ടിട്ടാണോ ദൈവം നമ്മളെ സൃഷ്ടിച്ചത്? ഏറ്റവും വലിയ ഹോസ്പിറ്റൽ നമ്മുടെ ശരീരമാണ്. ഇവിടെ നടക്കുന്ന രോഗചികിത്സയുടെ അത്ഭുതാവഹങ്ങളായ ഇന്ദ്രജാലങ്ങളൊന്നും ഇവിടുത്തെ ഡോക്ടർമാർക്കറിയില്ല. എനിക്കിപ്പോൾ 79 വയസ്സായി. പറയുമ്പോൾ ആയുസ്സു കൂടുമെന്നാണ്. ഇപ്പോഴും ഒരു മാസം 8000 കി.മീ. കാറിൽ മാത്രം യാത്ര ചെയ്യുന്നു. ഏതു ഡോക്ടറോടു ചോദിച്ചാലും ഇതെല്ലാം തെറ്റാണെന്നു പറയും. എനിക്കിപ്പോഴും ഒരു കുഴപ്പവുമില്ല. 25-ാം വയസ്സിൽ ഞാൻ എങ്ങനെ പ്രസംഗിച്ചുവോ അങ്ങനെ ഇപ്പോൾ വേണമെങ്കിലും പ്രസംഗിക്കാം. എന്തുകൊണ്ടാണിതു സാധിക്കുന്നത്? ഇവരുടെ നിയമം എനിക്കറിയില്ല. എല്ലാവരും വിശ്രമിക്കണം-ഡോ. സി. കെ. രാമചന്ദ്രൻ എന്നോടു പറയാറുണ്ട്. ആശുപത്രിയിൽ വരുന്ന പണക്കാരായ ഒരു വലിയ വിഭാഗമുണ്ട്. ഒന്നു രണ്ടാഴ്ച സുഖമായി കിടക്കും. അപ്പോൾ ഇവരുടെ സുഹൃത്തുക്കളും ബന്ധുക്കളുമൊക്കെ സന്ദർശിക്കാൻ വരും. അപ്പോഴാണ് യഥാർത്ഥ സുഹൃത്തുക്കളും ബന്ധുക്കളുമൊക്കെ ആരെന്ന് തിരിച്ചറിയുന്നത്. ഇവരുടെയൊക്കെ പക്കൽനിന്ന് ഞാൻ അങ്ങേയറ്റം ഫീസ്സു വാങ്ങുമെന്ന് ഡോക്ടർ പറയും. അതാണു നല്ലതെന്ന് ഞാൻ പറയും.

**സത്യത്തിൽ, പ്രകൃതിചികിത്സയെന്നു പറയുന്നത് രോഗമുണ്ടാകുന്നതു തടയ**

NATUROPATHY

**ലാണ്. ജീവിതത്തിലേക്കു തിരിച്ചുപോകലാണ് ചികിത്സ.** ഇപ്പോൾ നമ്മൾ ധാരാളം ഭക്ഷണം കഴിക്കും. കപ്പലണ്ടി തിന്നും. മിക്ക പിള്ളേർക്കും അതെവിടെയാണ് നിർത്തേണ്ടതെന്നറിയില്ല. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് "Nobody can eat the last pea nuts." സുഖക്കേടു പിടിച്ചല്ലേ അവസാനമുള്ളൂ. ആദ്യത്തെ ചികിത്സ എപ്പോഴും കർമ്മം ചെയ്യുകയെന്നുള്ളതാണ്. റിട്ടയർ ചെയ്ത സുഹൃത്തുക്കൾ ഒന്നുരണ്ടു കൊല്ലം കൊണ്ട് മരിക്കുന്നവരാണ്. ഞാൻ റിട്ടയർ ചെയ്തിട്ട് 19 കൊല്ലമായി. അന്നുണ്ടായിരുന്നതിനേക്കാൾ ഏറെ ജോലിയാണെനിക്ക്. ഡോക്ടർമാർ ജോലി ചെയ്യുന്നത് തെറ്റാണെന്നു പറയുമല്ലോ. അതൊക്കെ സമ്പന്നർക്കും വലിയവർക്കുമുള്ള ചികിത്സയാണ്. ശരീരത്തെ വിസ്മരിച്ചുകൊണ്ട് മറ്റുള്ളവരെ ഓർക്കുക. കർമ്മമാണ് അടിസ്ഥാനം. മറ്റുള്ളവർ എന്ത് എന്നുള്ള ബോധം വരുമ്പോൾ-അതാണ് നമ്മൾ എങ്ങനെയാണ് വലുതാകുന്നത്, എങ്ങനെയാണ് ചെറുതാകുന്നത് എന്ന് ചിന്തിക്കുക. എനിക്കുവേണ്ടി മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ഞാൻ ചെറുതാകുന്നത്. എന്നെപ്പോലെയല്ല; ലോകത്തിലുള്ള മനുഷ്യരെ മുഴുവൻ ഓർത്തുനോക്ക്. പ്രവർത്തിക്കുമ്പോൾ ഓരോരുത്തരും വലുതാകുന്നു. അല്ലെങ്കിൽ ചെറുതായിപ്പോകും. ഒരുപാട് അന്ധവിശ്വാസങ്ങൾ നമുക്കുണ്ട്. വൈറ്റമിൻ കഴിക്കുന്നതുകൊണ്ട് കാര്യമില്ല. വിശ്രമിക്കേണ്ടതെങ്ങനെയാണെന്നു ചിന്തിക്കുമ്പോൾ ഒരു കഥ ഓർമ്മ വരുന്നു. അതായത്, **നദി എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. ആകാശം എപ്പോഴും വിശ്രമിക്കുകയും ചെയ്യുന്നു. ഒരിക്കൽ ആകാശം നദിയോടു ചോദിച്ചു, എപ്പോഴാണ് വിശ്രമിക്കുന്നതെന്ന്. അപ്പോൾ നദി പറഞ്ഞു, ഞാൻ ഒഴുകിക്കൊണ്ടു വിശ്രമിക്കുന്നു എന്ന്. ഈ ഉത്തരത്തോടെയാണ് ആകാശം സ്തംഭിച്ചുപോയത്.**

ഗാന്ധിജിയെ ഗോഡ്സെ വെടിവച്ചത് തെറ്റാണ്. പക്ഷേ ഗാന്ധിജി പിന്നെ എങ്ങനെ മരിക്കും? വളരെ വലിയ ഒരു പ്രശ്നമാണത്. ചാകാൻ ഒരു രക്ഷയുമില്ല. എല്ലാം മനുഷ്യജീവിതത്തിന്റെ സദ്ഭാവങ്ങൾ സ്വീകരിക്കുകയാണ്. ഒരു ദൈവനീതിയാണത്. അതൊരു ഉണ്ടയായി വന്നു. അങ്ങനെയെടുക്കണം അതിനെ. രാഷ്ട്രീയക്കാർ അതിനെ തെറ്റായി കരുതുന്നു. ഗാന്ധിജിയുടെ ജീവിതവിജയം തന്നെ ഇങ്ങനെയാണ്.

ക്രോധത്തെക്കുറിച്ചു പറയുമ്പോൾ എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഞാൻ നിരന്തരം ക്രോധിക്കാറുണ്ട്; പഠിപ്പിച്ച കുട്ടികൾക്കറിയാം. ഒരു ദിവസം എന്നെ കാണാൻ ബംഗാളിൽ നിന്നൊരു സ്ത്രീ വന്നു. പ്രൊഫസർക്ക് ഒഴിവുണ്ടോയെന്നു ചോദിച്ചു. ഒരാളും മിണ്ടിയില്ല എന്നെ പേടിച്ചിട്ട്. അവരെന്നോടു ചോദിച്ചു, എല്ലാവരും താങ്കളെ ഭയക്കുന്നു. എന്താണത്? എനിക്ക് അവരെ പേടിയില്ല. അവർക്ക് എന്നെയാണു പേടി. അതുകൊണ്ട് അവരോടുതന്നെ ചോദിക്കാൻ ഞാൻ പറഞ്ഞു. കർമ്മം ചെയ്യാത്തതുകൊണ്ടാണ് പേടിക്കുന്നത്. ചെയ്യേണ്ടതു ചെയ്യുക. ചിലപ്പോൾ ചില ബുദ്ധിമുട്ടുകൾ വന്നേക്കാം. രോഗത്തെ കാര്യമായെടുക്കാതെ നമുക്കു ചെയ്യാനുള്ളത് ചെയ്യുക. അൽപ്പസമയം മറ്റുള്ളവർക്കുവേണ്ടി ഉപയോഗിക്കുക. വലിയ ആഗ്രഹം ലോകത്തിൽ വേണ്ട, ചെറിയ ആഗ്രഹങ്ങൾ മാത്രം മതി. നമ്മുടെ ചില നേതാക്കന്മാരില്ലേ. മക്കൾക്കും അവരുടെ കുട്ടികൾക്കും എല്ലാം നേടിക്കൊടുത്തിട്ട് രാജ്യത്തിനൊന്നും നേടിക്കൊടുക്കാത്തവർ. ഇവനൊക്കെ അസുഖം വന്ന് നശിക്കേണ്ടതാണ്. ഇക്കൂട്ടരെ ഒരാശുപത്രിയിലും പ്രവേശിപ്പിക്കരുത്. അതാണു നല്ലത്. അത്ര വലിയ രാജ്യദ്രോഹികളാണ്. അതുകൊണ്ട്, കുട്ടികളെ സത്യം പറയാൻ പഠിപ്പിക്കുക. നമ്മുടെ ഒറ്റനേതാവും സത്യം പറയുകയില്ല.

***ആയുർവ്വേദത്തിൽ അനവധി രസായനങ്ങളുണ്ട്. ഏറ്റവും ശ്രേഷ്ഠമായത് പ്രകൃതി ചികിത്സകരുടേതാണ്. സത്യം പറയുക, ക്രോധിക്കാതിരിക്കുക. അതുപോലെ തന്നെ, ജീവിതത്തിനപ്പുറം ഒരു വലിയ മോഹമുണ്ട്, ചൈതന്യമുണ്ട്. ശാന്തരായിരിക്കുക. ആഗ്രഹങ്ങളില്ലാതിരിക്കുന്നുവനേ ശാന്തനായിരിക്കാൻ കഴിയൂ. അല്ലാത്തവന്റെ മനസ്സ് എപ്പോഴും പ്രക്ഷുബ്ധമായിരിക്കും. ഗുണം ചെയ്യുക. അതാണ് നിത്യരസായനം.*** പ്രകൃതിചികിത്സയ്ക്കു പോകുന്നത് പഴം കഴിക്കാനല്ല. പ്രകൃതിനിയമം പാലിക്കുക. ശാന്തമായിരിക്കുക-നദി ഒഴുകുന്നതുപോലെ. പ്രകൃതിചികിത്സ ആകാശത്തോളം വിപുലമാണ്. എന്റെ മനസ്സിൽ ഒരാശയമുണ്ട്. ഒരുപാടു പുസ്തകം ഞാനെഴുതിയിട്ടും രോഗങ്ങളെക്കുറിച്ചൊരെണ്ണം എഴുതാൻ കഴിഞ്ഞില്ല. ഇത്രയും കൊല്ലം ജീവിച്ചിട്ട് എന്റെ ശരീരത്തിനുണ്ടായ രോഗങ്ങളെ എങ്ങനെയാണു മാറ്റേണ്ടതെന്ന ധാരണയുണ്ട്. അതുകൊണ്ട് ഒരു വൈദ്യപുസ്തകം ദൈവം സഹായിച്ചാൽ എഴുതുന്നതായിരിക്കും. അത് നിങ്ങൾ ചികിത്സയ്ക്കായി ഉപയോഗിക്കേണ്ട. മഹാത്മജിയുടെ അന്വേഷണംപോലെ എന്റെ ആരോഗ്യപരിപാലന പരീക്ഷണമാണ്. അതിലൊന്നു മാത്രം ഞാൻ പറയാം. നമ്മുടെ ശരീരത്തിൽ രണ്ടു മൂന്നു പ്രവാഹങ്ങളുണ്ട്. ഒന്ന്, രക്തത്തിന്റേത്. മറ്റൊന്ന്, ശ്വാസത്തിന്റേത്. ഞരമ്പിലൂടെ മാനസിക ചൈതന്യത്തിന്റെ പ്രവാഹമുണ്ട്. ഇതിന് ഒരു ചെറിയ തടസ്സം, അതാണ് ബ്ലോക്ക് എന്നൊക്കെ പറയുന്നത്. ശരീരത്തിന്റെ അറ്റത്തെ വരെ

*(ശേഷം പേജ് 8)*

## AUTO-EVANGELISM

*(Contd. from Page 4)*

as a whole, but by special groups or individuals. Any Christian is seen in society as part of the church. Therefore, either the whole life of the church does evangelism or no one part does it wholely. Evangelism is a fundamental dimension of all that the church is engaged in. This is not to buy the argument that only after the image of the Christian life is set right one can speak of evangelism. That would not be the Gospel of grace and salvation of the sinners for whom Jesus Christ gave his life. **Higher morality would not necessarily ensure better evangelism.** We cannot here go into a longer discussion on this complex theological issue. I submit, rather, it calls for a more humanly humble and theologically diological approach to evangelism, more creative and evangelical-based on the radical *evangelion.* Let me add that I am not saying this as an accusing outsider, but a participating member. As Donald Eadie (Grain in Winter, p. 37), 'I have discovered that I also am part of the social malice, the sickness of the soul in the church....I am part and not distanced from it."

The classical description of evangelism is, as D.T.Niles put it, one beggar telling another beggar where to find food. The point that we sometimes fail to discern in this parable is that it is a beggar who tells this and not a richly fed person. In recent times, we have discovered in the Bible that the Good News belongs to the poor, or in other words, the poor are the bearers, promoters and protagonists of the Good News. Consequently, standing on the side of the poor, in some form however small, and standing for them as persons and as a church becomes the test of the integrity of evangelism. And we have to discover and define new ways of evangelism as well. In the context of a spirituality of daily life and everyday place, I find this one very refreshing: **'The craft deployed by Jesus was to help people discover in their own circumstances and events God's presence and goodness. This is evangelism'.** (Grain in Winter, p. 27).

*(The author is a retired Bishop of South Kerala Diocese and a former Dy. Moderator of the CSI.)*



# വിലക്കപ്പെട്ട കനി

പ്രൊഫ. എം. തോമസ് മാത്യു

എത്ര വിശുദ്ധമായ രഞ്ജനത്തിന്റെയും ആമോദത്തിന്റെയും പറുദീസയായിരുന്നു ഏദൻ! എല്ലാ സൃഷ്ടികളും ഇണക്കത്തോടെ ദൈവഹിതത്തിനൊത്ത് ജീവിക്കുന്നു. സ്നേഹത്തിന്റെ ഉത്സവമാണ് അവിടെ ജീവിതം. കുറ്റാരോപണങ്ങളില്ല, കുശുകുശുക്കലില്ല. ഒരു രാഗാലാപം പോലെ ഹൃദ്യമായ അനുഭവം. അല്ലലും അലട്ടലുമേശാതെ ആദമും ഹവ്വയും അവിടെ സർവതന്ത്രസ്വതന്ത്രരായി ജീവിതം നയിക്കുന്നു.

ഒരു നാൾ പെട്ടെന്ന് അവിടുത്തെ സ്വാച്ഛന്ദ്യം മുഴുവൻ നഷ്ടപ്പെട്ടു. എല്ലാ സൃഷ്ടികളിലും കൗശലക്കാരനായ പാമ്പ് ഹവ്വയെ സമീപിച്ചു. ഏദനിൽ ഒട്ടും ആവശ്യമില്ലാത്തതാണ് കൗശലം. ***ജീവിതത്തിന്റെയും ചിന്തയുടെയും സാരള്യത്തിൽ നിന്നുള്ള തെന്നിപ്പോകലാണ് കൗശലം. സർപ്പത്തിന്റെ ഗതി വക്രമാണ്, അതിനൊരിക്കലും ഋജുരേഖയിൽ സഞ്ചരിക്കാനൊക്കുകയില്ല.*** ഇതാ, ഏദനിലെ സ്വച്ഛസാരള്യത്തെ ഹനിച്ചുകൊണ്ട് വക്രഗതിയായ കൗശലം ഇഴഞ്ഞെത്തിയിരിക്കുന്നു. ഈ കൗശല ബുദ്ധി ഹവ്വയോടു ചോദിച്ചു. തോട്ടത്തിലെ എല്ലാ വൃക്ഷത്തിന്റെയും ഫലം തിന്നാൻ നിങ്ങൾക്ക് അനുവാദമുണ്ടോ? എല്ലാം ആകാം, പക്ഷേ, ഒരെണ്ണമൊഴികെ, എന്നായിരുന്നു ഹവ്വയുടെ മറുപടി.

ഈ കഥ നാം ഏറെ വിസ്തരിക്കേണ്ട ആവശ്യമില്ല. പക്ഷേ, എങ്ങനെയാണ് ഈ ആഖ്യാനത്തെ നാം മനസ്സിലാക്കേണ്ടത്? ഹവ്വയേക്കാൾ സരളബുദ്ധികളായ വിശ്വാസികൾ വള്ളിപുള്ളി വിടാതെ അക്ഷരാർത്ഥത്തിൽ ഈ ഭാഗം മനസ്സിലാക്കാൻ ശ്രമിക്കുന്നു. അവരെ കുറ്റം പറഞ്ഞുകൂടാ. കാരണം, അങ്ങനെ മനസ്സിലാക്കാൻ പ്രലോഭിപ്പിക്കുമാറ് ശില്പഭദ്രവും അത്യന്തം മനോഭിരാമവുമായ ആഖ്യാനമാണ് ഇവിടെ കാണുന്നത്. ഏത് ആഖ്യാനവും വാച്യാർത്ഥാതിശായിയായ ഒരർത്ഥാന്തര സാദ്ധ്യതയിലേക്കു വിരൽ ചൂണ്ടുന്നത് ആഖ്യാനത്തിലെവിടെയോ അനുഭവപ്പെടുന്ന ചില വിടവുകൾ കൊണ്ടാണ്. അങ്ങനെയെന്തെങ്കിലും ഇവിടെയുണ്ടോ? നേരെ അർത്ഥമെടുക്കുമ്പോൾ മുഴുവൻ ഇണങ്ങിച്ചേരാത്ത, പൊരുത്തം തോന്നാത്ത, വേറെ എന്തോ പറയാൻ ശ്രമിക്കുന്നതെന്നു തോന്നിപ്പിക്കുന്ന എന്തെങ്കിലും അംശം ഇവിടെയുണ്ടോ?

തോട്ടത്തിന്റെ മധ്യത്തിലുള്ള വൃക്ഷത്തിന്റെ ഫലം ഭുജിച്ചാൽ മരിക്കുമെന്നാണ് ദൈവവചനം. പക്ഷേ, ആദമോ ഹവ്വയോ വിലക്കപ്പെട്ട കനി തിന്നതിനെത്തുടർന്ന് മരിച്ചതായി കാണുന്നില്ല. ഉടനെ മരിക്കുമെന്നു വിധിച്ചിരുന്നില്ലല്ലോയെന്നു പറഞ്ഞുനിൽക്കാം. പക്ഷേ, അതുകൊണ്ട് തൃപ്തി വരുമോ? ഇതാ, ഉടനെ മറ്റൊരു വൃക്ഷത്തിന്റെ കഥ വരുന്നു. അതു ജീവവൃക്ഷമാണ്. നന്മതിന്മകളെ വേർതിരിക്കുന്ന ജ്ഞാനം നല്കുന്ന വൃക്ഷഫലം ഭക്ഷിച്ച് ദൈവത്തെപ്പോലെ ആയിത്തീർന്ന മനുഷ്യൻ ജീവവൃക്ഷത്തിന്റെ ഫലം തിന്ന് മരിക്കാത്തവനാകുമോയെന്നാണ് ദൈവത്തിന്റെ ശങ്ക! വിഷവും പ്രത്യൗഷധവും അടുത്തടുത്തു വച്ചിരിക്കുന്നു. അതു മാത്രമോ, നന്മതിന്മകളെ വേർതിരിച്ചറിയുന്നത് എങ്ങനെ പാപമാകും? അതു തിരിച്ചറിയുകയല്ലേ മനുഷ്യന്റെ ധർമ്മം? അതു തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടല്ലേ ദൈവം പരിശുദ്ധാത്മാവിനെ അയച്ച് പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നത്? ഈ വിവരണത്തെ വാച്യാർത്ഥത്തിൽ ഗ്രഹിക്കാൻ തുടങ്ങിയാൽ കയറിപ്പോരാൻ പറ്റാത്ത ഇത്തരം കുഴികളിലാണ് ചെന്നു വീഴുക!

വാച്യാർത്ഥത്തിലെടുക്കാതെ പ്രതീകാത്മകമായ അർത്ഥം വ്യാഖ്യാനിച്ചെടുക്കാൻ പുറപ്പെട്ടവർ കുഴിച്ചു വച്ച കുഴികൾക്കും കണക്കില്ല. എന്താണ് 'ആദി പാപം' എന്ന് കണിശമായി നിശ്ചയിക്കാൻ പുറപ്പെട്ട പണ്ഡിതന്മാർ അതാതു കാലത്തെ പാപസങ്കല്പത്തിനൊത്ത് സന്മാർഗ്ഗവിചാരം നടത്തി കൃതാർത്ഥതയടയാൻ പരിശ്രമിക്കുന്നു. ഏദൻ തോട്ടത്തിന്റെ മധ്യത്തിൽ വളരുന്ന വൃക്ഷത്തിന്റെ ഫലം ഏതെന്ന് സംശയരഹിതമായി നിർണ്ണയിക്കാനുള്ള വ്യഗ്രതയിൽ നിന്നാണ് ഈ വ്യാഖ്യാനങ്ങൾ മിക്കതും ഉണ്ടാകുന്നത്. അങ്ങനെ വ്യാഖ്യാനിക്കാൻ പ്രലോഭിപ്പിക്കുന്ന ഘടകങ്ങൾ പലതും ആ ആഖ്യാനത്തിലുണ്ടെന്ന കാര്യവും വിസ്മരിക്കേണ്ടതില്ല. പാപങ്ങളുടെ കേന്ദ്രസ്ഥാനത്ത് ലൈംഗിക പാപത്തെ പ്രതിഷ്ഠിച്ച സദാചാരസങ്കല്പം ആദിപാപ കഥയെ മുഴുവൻ ആ വിധം മനസ്സിലാക്കിപ്പോന്ന ഒരു പ്രബല പാരമ്പര്യമുണ്ട്. ഒരു പക്ഷേ, ഈ പാപവ്യാഖ്യാനത്തിന്റെ പ്രേരണ കൊണ്ടാവാം ഇത്തരമൊരു സദാചാര സങ്കല്പം വികസിച്ചതു തന്നെ. ആധുനിക മനോവിശ്ലേഷണ പരികല്പനകളിലെ പ്രതീകങ്ങളിൽ ചിലതൊക്കെ-ഉദാ: പാമ്പ് -ഈ കഥയിൽ കാണുന്നത് ഈ വ്യാഖ്യാനത്തിൽ ശാസ്ത്രീയതയുടെ പരിവേഷം പകർന്നുവോ എന്നും സംശയമുണ്ട്. മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിക്കുകയും അവർക്ക് പ്രജനന വരം നൽകുകയും ചെയ്ത ദൈവം ലൈംഗികതയെ അപ്പാടെ പാപമെന്ന് കരുതാനിടയില്ല. അങ്ങനെ കരുതിയെങ്കിൽ ഈ വികാരം ദൈവസൃഷ്ടമല്ലെന്നു പറയേണ്ടി വരും; അങ്ങനെ പറയുമ്പോൾ ദൈവം സൃഷ്ടിക്കാത്തതും ലോകത്തിലും ജീവിതത്തിലുമുണ്ടെന്ന് അർത്ഥം വരും. ഫലത്തിൽ, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സ്രഷ്ടാവായ ദൈവം എന്ന വിശ്വാസം തിരസ്കരിക്കപ്പെടും. ദൈവവചന വ്യാഖ്യാനത്തിന് ദൈവനിഷേധത്തിലേക്കും ഒരു കൈവഴി തിരിയാൻ എത്ര എളുപ്പമാണെന്നു നോക്കുക! ബൈബിൾ പാരായണം പരിമിതപ്പെടുത്താൻ കത്തോലിക്കാസഭയെ പ്രേരിപ്പിച്ചത് ഈ അപകടഭീതിയാണെന്നു തോന്നുന്നു. തെറ്റിയാലും തിരുത്തിക്കൊള്ളുമെന്നു കണ്ടിട്ടാണ് ഇപ്പോൾ ബൈബിൾ വായനയെ സാർവത്രികമാക്കാൻ സഭ തുനിയുന്നത്. പഠനം തുടങ്ങുന്നവൻ പഠനം നിർത്താൻ അവകാശമുള്ളവനല്ല; അവൻ ഒരു പുതിയ വ്രത

ത്തിലേക്കു പ്രവേശിക്കുകയാണ്. അറിഞ്ഞതിനേക്കാൾ ഏറെയാണ് എപ്പോഴും അറിയാനുള്ളത് എന്നതാണ് യഥാർത്ഥ അറിവ്. അതുകൊണ്ട്, പിടി കിട്ടിപ്പോയി എന്ന ഗർവ്വ് തീണ്ടാതെവേണം ഏത് അർത്ഥ നിർണ്ണയത്തിനും ഒരുങ്ങുന്നത്. ഏതു നിർണ്ണയത്തേയും കൈവിട്ടു കളയാനും പുതിയ അർത്ഥത്തിലേക്കു വളരാനും പാകപ്പെട്ട വിനയവും സന്നദ്ധതയും ലോപം തട്ടാതെ സൂക്ഷിക്കുകയും വേണം.

ഇന്ന ഒരു പ്രവൃത്തിയോ വികാരമോ അനുഭവമോ പാപമാണെന്നു പറയുന്നതിനു പകരം പാപത്തിന്റെ ബീജം എന്താണെന്നു പറയാനാണ് ഈ ആഖ്യാനം ശ്രമിക്കുന്നതെന്ന് വ്യാഖ്യാനിച്ചാൽ എങ്ങനെയിരിക്കും? പാപത്തിന്റെ മൂലം എവിടെയാണ്, പാപത്തിന്റെ ഫലം എന്താണ്, എന്ന് ആദിപിതാക്കളെ ആലംബമാക്കിക്കൊണ്ട് ഈ ആഖ്യാനം വ്യക്തമാക്കുന്നു. ദൈവപുത്രന്റെ ആത്മബലി എങ്ങനെയാണ് പാപപരിഹാരമാകുന്നതെന്ന് വിശദീകരിക്കാനും ഈ വ്യാഖ്യാനം ഇടമനുവദിച്ചേക്കും.

2. മനുഷ്യജീവിത ദുഃഖത്തിന്റെ മൂലകാരണം തേടിപ്പോയ സിദ്ധാർത്ഥ രാജകുമാരൻ അതു തൃഷ്ണയാണെന്നു കണ്ടെത്തിയിട്ടാണ് ബുദ്ധനായത്. ഇവിടെ നിന്ന് നമുക്ക് ഉത്പത്തിയിലേക്കു മടങ്ങാം. എന്തൊക്കെയാണ് ഇവിടെ കാണുന്നത്? പാമ്പും പഴുതാരയുമൊക്കെ അവിടെ നില്ക്കട്ടെ. ഏദനിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം, തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന വൃക്ഷത്തിന്റേതൊഴികെ, മനുഷ്യനു ഭക്ഷിക്കാം. ആഖ്യാന തന്ത്രത്തിന്റെ അലങ്കാര ശബളത തള്ളിക്കളഞ്ഞ്, ഇലയും ചില്ലകളും കോതിയൊതുക്കി, തായ്ത്തടിയെ നേരെ നോക്കിയാൽ കിട്ടുന്ന അർത്ഥം ഇത്രയേ ഉള്ളൂ. **ഈ ജീവിതോദ്യാനത്തിൽ മനുഷ്യന് യഥേഷ്ടം വിഹരിക്കാം. പക്ഷേ, അവിടെ ചില അതിരുകളും അരുതുകളും ഉണ്ട്. അവയെ ലംഘിച്ചുകൂടാ. കൈക്കൊള്ളാവുന്നവയുണ്ട്, ഒഴിഞ്ഞുമാറേണ്ടവയുമുണ്ട്. എന്താകാം, എന്തു പാടില്ല എന്ന് തിരഞ്ഞെടുക്കുവാനുള്ള ഉത്തരവാദിത്വവുമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അനന്തകോടി ജീവജാലങ്ങളിൽ മനുഷ്യനു മാത്രമേയുള്ളൂ ഈ സവിശേഷത.** മറ്റേതു ജീവിയുടെയും പെരുമാറ്റം ജൈവികമായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവയുടെ സിരാവ്യൂഹത്തിന്റെ താരതമ്യേന പരിമിതമായ പ്രവർത്തനസീമയിൽ ഈ നിർണ്ണയവും ഉൾപ്പെടുത്തിയിരിക്കുന്നു. മനുഷ്യന്റെ കാര്യം അങ്ങനെയല്ല; കരണീയമെന്ത്, അല്ലാത്തതെന്ത് എന്നു നിർണ്ണയിക്കേണ്ടത് മനുഷ്യൻ തന്നെയാണ്. ആ നിർണ്ണയം പിഴച്ചാൽ മരണത്തിനു നേരെയാകും പദം വയ്ക്കുന്നത്.

തിരഞ്ഞെടുക്കാനുള്ള ഈ അവകാശമാണ് മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിദാനം. ഈ വ്യതിരിക്തത മനുഷ്യനുണ്ടെന്നു കാണിക്കാനാണ് മനുഷ്യസൃഷ്ടിക്ക് വ്യത്യസ്തമായ ഒരു ക്രമമുണ്ടെന്ന് വിസ്തരിച്ചു കാണിച്ചതും, രണ്ടു പ്രാവശ്യം വിവരിച്ച് അതിന് അടിവരയിട്ടതും. മനുഷ്യന്റെ ദൈവസാദൃശ്യത്തിന്റെ അർത്ഥങ്ങളിലൊന്ന് ഈ സ്വാതന്ത്ര്യം തന്നെയാണ്. എന്നാൽ, തിരഞ്ഞെടുക്കാനുള്ള അവകാശം തിരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വം കൂടിയാണെന്ന് ബൈബിൾ ഇവിടെ വ്യക്തമാക്കുന്നു. എന്തുമാകാവുന്നിടത്ത് തിരഞ്ഞെടുപ്പിന്റെ പ്രശ്നമില്ല. ഇതോ അതോ എന്നു നിശ്ചയിക്കുന്നിടത്താണ് തിരഞ്ഞെടുപ്പുള്ളത്; തിരഞ്ഞെടുപ്പുള്ളിടത്താണ് സ്വാതന്ത്ര്യമുള്ളത്; സ്വാതന്ത്ര്യമുള്ളിടത്താണ് ധാർമ്മികതയുള്ളത്. നീലവിഹായസിൽ പാറി നടക്കുന്ന പട്ടം, തലകുത്തി നിലംപതിക്കാത്തത് അതിൽ നിന്ന് ഒരു നീൾച്ചരട് ഭൂമിയോളം നീണ്ടു കിടക്കുന്നതുകൊണ്ടാണ്. അപ്പോൾ പാപകഥയിലൂടെ ബൈബിൾ ഉറപ്പിച്ചു പറയുന്ന ഒരു കാര്യം, സ്വാതന്ത്ര്യം നൈതിക പരിബദ്ധത (ethical commitment) ആണെന്നാണ്. ധാർമ്മികത സ്വാതന്ത്ര്യത്തിന്മേലിടുന്ന കൂച്ചുവിലങ്ങല്ല, സ്വാതന്ത്ര്യസാക്ഷാത്കാരത്തിനുള്ള മുൻവ്യവസ്ഥയാണ്. **സ്വാതന്ത്ര്യമുള്ളിടത്തേ ധാർമ്മികതയുള്ളൂ; ധാർമ്മികതയുള്ളിടത്തേ സ്വാതന്ത്ര്യവുമുള്ളൂ.**

2. ഈ വൃക്ഷത്തിന്റെ ഫലം ഭുജിച്ചാൽ മരണം സംഭവിക്കുമെന്നാണ് ദൈവം പറഞ്ഞത്. മരണമെന്നതുകൊണ്ട് എന്താണിവിടെ വിവക്ഷിക്കുന്നത്? മൃത്യുവിജ്ഞാനം (Thanatology) പല തരത്തിലുള്ള മരണങ്ങളെക്കുറിച്ചു പറയുന്നുണ്ട്. ജീവിതത്തിലെ അപരിഹാര്യവും സുനിശ്ചിതവുമായ കാര്യം മരണമാണെങ്കിലും മരണത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ ആശയക്കുഴപ്പങ്ങളേ ഉണ്ടാക്കിയിട്ടുള്ളൂ. മരിച്ചവൻ എപ്പോഴാണ് മരിച്ചതെന്ന് പിഴ പറ്റാതെ തിട്ടമായി പറയാൻ ഒരു ശാസ്ത്രവും വൈഭവം നേടിയിട്ടില്ല. മരിച്ചവനെ നോക്കി എപ്പോഴാണ് ഇവന്റെ ആത്മാവ് ശരീരം വിട്ടുപോയതെന്ന് ഒരു പോപ്പ് അമ്പരപ്പോടെ ചോദിക്കുന്നു. മരിച്ചവൻ എഴുന്നേറ്റു വന്ന് താൻ മരിച്ചിട്ടില്ലെന്നു കേസു കൊടുക്കുന്നില്ലെങ്കിൽ മരിച്ചെന്നുറപ്പിക്കാമെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ, പതിവു രീതി വിട്ട്, മരണവിചാരത്തെ നർമ്മത്തിൽ ഉപസംഹരിക്കുന്നു. ഇങ്ങനെ ആകെ കുഴഞ്ഞ ഒരു പ്രശ്നത്തിന്റെ മുമ്പിലാണ് നാം നില്ക്കുന്നത്. "ഉണ്മ അസാദ്ധ്യമാകാനുള്ള സാദ്ധ്യതയാണ് മരണം"
എന്ന് ഒരു തത്ത്വചിന്തകൻ നിർവചിക്ക
ന്നു. ശരീരം പ്രാണൻ പോയി പിണമാവ
കയും അചിരേണ ഈ ഭൂതസംയുക്തം
ധാതുക്കളായി അഴിഞ്ഞ് പഞ്ചത പ്രാപി
ച്ച്-ഭൂതധാത്രിയിൽ വിലയിക്കുകയും
ചെയ്യുന്ന പ്രക്രിയയെയാണോ ഇവിടെ
അർത്ഥമാക്കുന്നത്? ആണെങ്കിൽ, ശരീ
കൾക്കെല്ലാം, എന്നെങ്കിലും, ഈ വിധിക്ക
വിധേയമാകാതെ പറ്റുമോ? കനി തിന്ന
പാടേ ഹവ്വയോ ആദമോ മരിക്കുന്നുമില്ല
കനി ഭക്ഷിച്ച മാത്രയിൽ മരണം സംഭവ
ക്കുമായിരുന്നെങ്കിൽ ആദം രക്ഷപ്പെടുമ
യിരുന്നു! അതല്ല ഉണ്ടായത്. ദൈവ
അവരെ ഏദനിൽ നിന്ന് പുറത്താക്കു
യാണു ചെയ്തത്. മരണത്തെക്കുറി
ബൈബിളിലുള്ള പരാമർശങ്ങൾക്കെല്ലാ
ഓരോ അർത്ഥമല്ല ഉള്ളത്. ജീവശാസ്
പരമായ അർത്ഥമല്ല മിക്കപ്പോഴും അ
യ്ക്കുള്ളത്. മരിച്ചവർ തങ്ങളുടെ മരി
വരെ അടക്കട്ടെ എന്ന യേശുവി
വാക്കിൽ നിന്നെങ്കിലും നാം അതു പ
ക്കണ്ടേ? അതുകൊണ്ട് ദൈവം ആദ്യമ
ഷ്യർക്ക് ശിക്ഷയിൽ ഇളവു കൊടുത്
ട്ടാണ് മരിക്കാൻ വിടാതെ ഏദനിൽ നിന
പുറത്താക്കിയതെന്ന് വിചാരിക്കേണ്ടതില്ല

ജീവിതം, ജീവിക്കുക, എന്നെല്ലാം പ
യുമ്പോൾ ഉണ്ടും ഉറങ്ങിയും കഴിഞ്ഞു
ടുക എന്നാണോ അർത്ഥം? ആഹാരാ
ചതുഷ്ടയത്തിൽ ഒതുങ്ങുന്നതല്ല മനുഷ
ജീവിതം. എട്ടു മണിക്കൂർ ഭക്ഷണം, എട്ട
മണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ നി
എന്ന് ദിവസത്തെ പകുക്കുന്ന അല
ജന്മങ്ങൾ ജീവിക്കുകയാണെന്നു പറഞ്ഞ
കൂടാ. *സ്വത്വപൂർണ്ണതയിലേക്കുള്ള കുത*
*(ശേഷം പേജ് 10*

## പ്രകൃതിചികിത്സയുടെ പ്രാധാന്യത്തെപ്പറ്റി *(പേജ് 6 തുടർച്ച)*

നമ്മൾ സ്നേഹിക്കണം. കുളിക്കുമ്പോൾ ചെറുതായൊന്നു തടവുക. ചില സമയത്ത് ചിലരുടെ മുഖത്ത് കറുപ്പു കാണും. അതെന്താണെന്നുവച്ചാൽ ഒരു ഭാഗം തൊടാതെ പോകുന്നു. അത് ഡോക്ടർമാരുടെയടുത്തു കൊണ്ടുപോയി ചർമ്മരോഗമാണെന്നു വിചാരിച്ച് മരണം വരെ ചികിത്സിക്കുന്നു. അതുപോലെ പക്ഷവാതം, സ്പോണ്ടിലോസിസ് ഇതൊക്കെ എല്ലാവർക്കും വരുന്നതാണ്. ഏറെ സമയം ഒരേ വിധത്തിൽ കിടന്നാൽ അവിടെ രക്തം കട്ടയാകും. ഒഴുക്ക് അല്പം കുറയും. രാവിലെ എണീറ്റ ശേഷം പച്ചവെള്ളം കൊണ്ട്-ഒരു എണ്ണയും വേണ്ട-ശരീരത്തിൽ മുഴുവൻ, തലോടണം. കാലിന്റെ അറ്റം വരെ. ഈ പ്രകൃതിചികിത്സ ആരോഗ്യ പരിപാലനത്തിന് അത്യാവശ്യമാണ്. രോഗം നമ്മളെ കീഴടക്കുന്നു എന്നൊക്കെപ്പറയുന്നത് പൊളിറ്റിക്സാണ്. മനുഷ്യനെ ദ്രോഹിക്കുന്ന ഔഷധങ്ങളെല്ലാം ആഫ്രിക്കയിലേക്കും ഏഷ്യയിലേക്കും തള്ളുകയാണ്. രാഷ്ട്രീയപരമായും ആരോഗ്യപരമായും എല്ലാവരും അനുവർത്തിക്കേണ്ട ഒരു മാർഗ്ഗമാണ് പ്രകൃതിജീവനം എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

*(കടപ്പാട് : നവജീവനകേന്ദ്രത്തിന്റെ ആലത്തൂർ ശാഖ ഉൽഘാടനം ചെയ്തു കൊണ്ട് നടത്തിയ പ്രസംഗത്തിൽ നിന്ന്)*

# സംഭാവ്യത

ഡോ. ജോർജ് എം. തോമസ്



**ഭാവി അറിയാനുള്ള ആഗ്രഹം നിമിത്തം ജാതകത്തിൽ വിശ്വാസമില്ലാത്തവർ പോലും അതിൽ ശ്രദ്ധിക്കുന്നു. എന്തെങ്കിലും കാര്യം ഒത്തുവന്നാൽ അത് നമ്മൾ ഓർത്തിരിക്കുകയും മറ്റുള്ളവരോടു പറയുകയും ചെയ്യും. വാസ്തവത്തിൽ, ഭാവി അറിയാതിരിക്കുന്നത് ഒരനുഗ്രഹമാണ്. കൈനോട്ടക്കാരന്റെ മുമ്പിൽ കൈ നീട്ടിക്കൊടുക്കാനും ഇഷ്ടംപോലെ ആളുകളുണ്ട്.**

നമുക്ക് പരിചയമുള്ള വാക്കാണ് probability. കാരണം, ഇത് ശാസ്ത്രത്തിന്റെ ഒരു അവശ്യഘടകമായി ത്തീർന്നിക്കുന്നു. ഈ വിഷയം പിന്നാലെ പ്രതിപാദിക്കാം. നമ്മുടെ ദൈനംദിന ജീവിതത്തിൽ പല തീരുമാനങ്ങളും നമുക്ക് എടുക്കേണ്ടി വരും. ഭാവിയിൽ നടക്കാവുന്ന ഒരു സംഭവത്തിന് എത്ര കണ്ട് സാധ്യതയുണ്ടെന്നു ഗ്രഹിച്ചിട്ടുവേണം നമുക്ക് പ്രതികരിക്കാൻ. ഉദാഹരണമായി, ഞാൻ വൈകുന്നേരം നടക്കാനിറങ്ങുകയാണ്–കുട എടുക്കണമോ വേണ്ടയോ? തീരുമാനം ഉടനെ വേണം താനും. ആകാശത്തേക്കു നോക്കി. കറുത്ത മേഘങ്ങളൊന്നും കാണാനില്ല! ശരിക്കും പറഞ്ഞാൽ കുട വേണ്ട. എന്നാൽ, രാവിലെ മഴ പെയ്ത സ്ഥിതിക്ക് വീണ്ടുമൊരു മഴയ്ക്കുള്ള സാധ്യത തീർത്തും തള്ളിക്കളയാനും വയ്യ. ഇത് കേവലമൊരു ഊഹം മാത്രമാണ്. *എത്ര ശതമാനം സംഭാവ്യതാ സാധ്യതയുണ്ടെന്നു നിർണ്ണയിക്കണമെങ്കിൽ കഴിയുന്നത്ര വിവരങ്ങൾ ഭൂതകാലത്തു നിന്നും വർത്തമാനകാലത്തു നിന്നും ലഭ്യമാകണം. എന്നിരുന്നാലും, നൂറു ശതമാനം സാധ്യത ഒരു കാര്യത്തിനുമില്ല.*

**ജാതകം (horoscope).** ജനനസമയത്തെ നക്ഷത്രനിലയനുസരിച്ച് ഭാവി പ്രവചിക്കുന്നു. നക്ഷത്രങ്ങൾക്ക് ജനനവുമായുള്ള ബന്ധം അറിഞ്ഞുകൂടാ. ഗ്രഹനില നോക്കി ജനനസമയം അങ്ങോട്ടോ ഇങ്ങോട്ടോ മാറ്റാൻ സാധിക്കുമ്പോൾ ഇതിന്റെ അടിസ്ഥാനം ഇളകുന്നു. എന്നിരുന്നാലും, ഭാവി അറിയാനുള്ള ആഗ്രഹം നിമിത്തം ജാതകത്തിൽ വിശ്വാസമില്ലാത്തവർ പോലും അതിൽ ശ്രദ്ധിക്കുന്നു. എന്തെങ്കിലും കാര്യം ഒത്തുവന്നാൽ അത് നമ്മൾ ഓർത്തിരിക്കുകയും മറ്റുള്ളവരോടു പറയുകയും ചെയ്യും. വാസ്തവത്തിൽ, ഭാവി അറിയാതിരിക്കുന്നത് ഒരനുഗ്രഹമാണ്. കൈനോട്ടക്കാരന്റെ മുമ്പിൽ കൈ നീട്ടിക്കൊടുക്കാനും ഇഷ്ടംപോലെ ആളുകളുണ്ട്.

**ഭാഗ്യക്കുറി (lottery).** ഇതു നടത്തുന്നവർ വിജ്ഞാനവും ഭാഗ്യവും കൂട്ടിക്കലർത്തി പരിപാടികളവതരിപ്പിച്ച് വിജയികൾക്ക് വൻ തുക സമ്മാനമായി കൊടുക്കുന്നു. വരവും ചിലവും ശാസ്ത്രീയമായി പഠിച്ച് ലാഭസാധ്യത എത്ര ശതമാനമെന്നു പ്രവചിച്ച് പരസ്യങ്ങളും നിയമാവലികളും അതിനനുസൃതമായി ആസൂത്രണം ചെയ്യുന്നു.

**കാലാവസ്ഥാ പ്രവചനം (weather forecast).** കാലാവസ്ഥാ നിരീക്ഷകർ ശാസ്ത്രീയമായ അറിവിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ പ്രവചിക്കുന്നു. മഴ പെയ്യാനും പെയ്യാതിരിക്കാനും സാധ്യതയുണ്ടെന്ന് പറയേണ്ടിവരുന്നു! ചില ചില്ലറത്തെളിവുകളെ ആസ്പദമാക്കിയുള്ള ഒരു ഊഹം മാത്രമാണ് കാലാവസ്ഥാപ്രവചനം. കൊടുങ്കാറ്റും ഭൂമി കുലുക്കവും പ്രവചിക്കാൻ കഴിയും. മർദ്ദം, നീരാവി, മറ്റു ലക്ഷണങ്ങൾ എന്നിവ മുൻകൂട്ടി അറിയാവുന്നതുകൊണ്ടാണ് ഇതു സാധിക്കുന്നത്. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് മനുഷ്യനുണ്ട്. ഒരാളുടെ ആയുസ്സ് പ്രവചിച്ചു പറഞ്ഞാൽ അവൻ അത് മാറ്റി മറിക്കും.

നൂറു ശതമാനം സംഭാവ്യതാ സാധ്യതയുള്ള പ്രവചനമാണ്, സൂര്യൻ നാളെ എപ്പോൾ ഉദിക്കും? എപ്പോൾ അസ്തമിക്കും? എന്നത്. പറഞ്ഞുകൊള്ളു, തെറ്റുകയില്ല. അതുപോലെ, കൃത്യമായി അറിയാവുന്ന പ്രതിഭാസങ്ങളാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും. ഇനി, സംഭാവ്യതാ സാധ്യതയുമായി ബന്ധപ്പെട്ട ഒരു പരീക്ഷണം ശ്രദ്ധിക്കാം. ഒരു നാണയത്തുട്ട് പരിശോധിച്ചാൽ ഒരു വശത്ത് തലയുടെ രൂപമുണ്ടായിരിക്കുമല്ലോ. ആ വശം തല എന്നും എതിർവശം വാൽ എന്നും സങ്കൽപ്പിക്കാം. നാണയം മേലോട്ടെറിഞ്ഞാൽ അത് കറങ്ങിത്തിരിഞ്ഞ് താഴെ വന്നു വീഴുന്നു. നാണയത്തിന്റെ മുകൾവശം അപ്പോൾ തലയോ വാലോ ആകാം. ഇങ്ങനെ മുപ്പതു പ്രാവശ്യം എറിഞ്ഞുവെന്ന് വിചാരിക്കുക. ഈ പരീക്ഷണത്തിൽ തലയോ വാലോ താഴെ പതിക്കുന്നത് പതിനഞ്ച് തവണയോളം വരും. മുകൾവശം തലയോ വാലോ ആകാൻ തുല്യസാധ്യതയുണ്ടെന്നർത്ഥം.

ബൈബിളിലെ പ്രവാചകന്മാർ ദൈവത്തിൽനിന്ന് നേരിട്ട് പ്രവചനവരം ലഭിച്ചവരായിരുന്നു. ജനങ്ങൾക്ക് ഭാവിയെപ്പറ്റി പ്രത്യാശ നൽകാനുതകുന്ന പ്രവചനമായിരുന്നു അവരുടേത്. ക്രിസ്തുവിന്റെ ജനനം, ക്രൂശുമരണം, ഉയിർപ്പ് ഇവയൊക്കെ പ്രവചിച്ചിരുന്നുവെങ്കിലും ക്രിസ്തു ജാതനായപ്പോൾ ജനം അവനെ മശിഹയായി സ്വീകരിച്ചില്ല. പ്രവചനഭാഷ അത്ര ലളിതമായിരുന്നില്ല; പല വ്യാഖ്യാനങ്ങൾക്ക് ഇടം കൊടുക്കുന്നതായിരുന്നു. ഈ പ്രവചനങ്ങളൊന്നും ഊഹമോ സാധ്യതയോ ഉൾപ്പെട്ടവയായിരുന്നില്ല.

ശാസ്ത്രപഠനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമായിത്തീർന്നിരിക്കുന്നു, പ്രോബബിലിറ്റി. സാധ്യതാസിദ്ധാന്തമുപയോഗിച്ചാണ് ഏറ്റവും ചെറിയ കണികകളായ ഇലക്ട്രോൺ തുടങ്ങിയവയുടെ സ്ഥാനവും വേഗവുമൊക്കെ നിർണ്ണയിക്കുന്നത്. ഒരു പ്രസ്ഥാനത്തോട് പൊതുജനം അനുകൂല തീരുമാനമെടുക്കാനുള്ള സാധ്യത കുറവാണെങ്കിൽ സാധ്യതാശതമാനം വർധിപ്പിച്ച് മനുഷ്യരെ വശീകരിക്കാൻ വേണ്ടിയാണ് പരസ്യങ്ങൾ. ആകർഷണീയങ്ങളായ പരസ്യങ്ങൾ ഉണ്ടാക്കുന്നത് ഒരു കലയാണ്.

*എവിടെയും സാധ്യതയുടെ കണക്കുകൂട്ടലാണ്. ഒപ്പം, സാധ്യത വർധിപ്പിക്കാനുള്ള ശ്രമവും. ചിലപ്പോൾ, കാരണം കണ്ടുപിടിക്കാനാവാത്ത ചില വിശ്വാസങ്ങളെ ആശ്രയിച്ചോ മറ്റു ചിലപ്പോൾ, ശാസ്ത്രീയമായോ ആണെന്നു മാത്രം. എന്നാൽ, ഒരിടത്തും സാധ്യത പൂജ്യമാകാനിടയില്ല.* ●

***പ്പാണ് ജീവിതം; സ്വാതന്ത്ര്യാഭിമുഖമായ തീർത്ഥാടനമാണത്. ഞാൻ ഞാനായിത്തീരുന്ന ഈ പ്രക്രിയയിലാണ് സമൃദ്ധമായ ജീവന്റെ അനുഭവമുള്ളത്. മരണം അതിന്റെ വിപരീതമാണ്.*** അതുകൊണ്ട്, വിലക്കപ്പെട്ട കനി തിന്നുമ്പോൾ മനുഷ്യൻ മോഹങ്ങളുടെ തടവിൽ കുടുങ്ങുന്നു; സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നു; അർത്ഥവത്തായ ജീവിതത്തെ പരിത്യജിക്കുന്നു. ചുരുക്കത്തിൽ മരിക്കുന്നു. പാപാദേശത്തിനു വഴങ്ങിയ ആദിപിതാക്കൾ മരിച്ചില്ലെന്നു നമുക്കു തോന്നുന്നത് ജീവനെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം ജന്തുസാധാരണമായ തലത്തെ അതിവർത്തിക്കാത്തതുകൊണ്ടാണ്.

'സ്വാതന്ത്ര്യം തന്നെ ജീവിതം' എന്ന് ഉദ്ഘോഷിച്ച കവി ഈ ദീപ്തദർശനത്തിൽ അഭിരമിച്ചവനാണ്. സ്വാതന്ത്ര്യവും ജീവിതവും അഭിന്നമാകുന്ന ജീവൻ മനുഷ്യനു മാത്രമേയുള്ളൂ. അതുകൊണ്ട് പാപം ചെയ്യാനുള്ള സാദ്ധ്യതയും മനുഷ്യനു മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. വെളിച്ചമുണ്ടെങ്കിലല്ലേ നിഴലും ഉണ്ടാവുകയുള്ളൂ? ജീവൻ, സ്വാതന്ത്ര്യം, നന്മ എന്നിവയെ ഒരു വശത്തും മരണം, അടിമത്തം, പാപം എന്നിവയെ മറുവശത്തുമായി വേർതിരിക്കുന്ന ചിന്ത ബൈബിളിൽ ആവർത്തിച്ചു വരുന്നുണ്ട്. ആ ചിന്തയുടെ ഏറ്റവും മനോരഞ്ജകമായ ആവിഷ്കാരമാണ് ഉത്പത്തി മൂന്നാം അദ്ധ്യായത്തിലുള്ളത്.

3. വിലക്കപ്പെട്ട കനി തിന്നാൽ ദൈവത്തെപ്പോലെയാകാമെന്നാണ് പാമ്പിന്റെ പ്രലോഭനം. ഇതിലെ വൈപരീത്യം രസകരമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പന ലംഘിച്ചാൽ ദൈവത്തെപ്പോലെയാകുമെന്നു വിചാരിച്ചതാണ് ഇതിലെ വൈപരീത്യം. ദൈവത്തെപ്പോലെയാകണമെന്നു വിചാരിച്ചതോ ദൈവത്തെപ്പോലെയല്ലെന്നു വിചാരിച്ചതോ പാപം? ആത്മബോധനഷ്ടമാണ് പാപം എന്നാണോ ഇതിന്റെ അർത്ഥം? "എല്ലാ മനുഷ്യരും കഴിയുമെങ്കിൽ, ദൈവത്തെപ്പോലെ ആകാൻ ആശിക്കുന്നു; വളരെ കുറച്ചുപേർ മാത്രം അത് അസാദ്ധ്യമെന്നു സമ്മതിക്കുക വിഷമമെന്ന് വിചാരിക്കുന്നു" എന്ന് ബർട്രന്റ് റസ്സൽ എഴുതിയിട്ടുണ്ട്. ദൈവത്തെ സർവശക്തനും സർവജ്ഞനും എന്നു മാത്രം കാണുന്നവന്റെ ആഗ്രഹമാണിത്. ഈ മഹാപ്രപഞ്ചത്തിലെ ഓരോ അണുവിന്റെ നേരെയുമുള്ള സ്നേഹകാരുണ്യങ്ങളാൽ ത്രസിക്കുന്ന മനസ്സുകൂടിയാണ് ദൈവം എന്ന് അവർ ഓർക്കുന്നില്ല. ഈ സ്നേഹവൈകല്യത്തിലേക്കു വളരാൻ മനുഷ്യനു സാധിക്കും; ആ വളർച്ച സാധിക്കണമെന്നു തന്നെയാണ് മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹവും.

4. ഈ കാഴ്ച തെറ്റുന്നിടത്താണ് പാപം ഇഴഞ്ഞുവരുന്നത്. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവുമാണെന്ന് മനുഷ്യൻ കണ്ടു. 'ഇത് ആസ്വദിപ്പാൻ നന്ന്; ഇത് എനിക്ക് അനുഭവിക്കണം' എന്ന മനോഭാവത്തിലേക്ക് മനുഷ്യൻ മാറിയെന്നാണ് ഈ ഭാഗം വ്യക്തമാക്കുന്നത്. ഇന്നലെ വരെ കണ്ടത് ഇങ്ങനെയല്ല. ദൈവത്തിന്റെ കണ്ണുകൊണ്ടുള്ള കാഴ്ചയായിരുന്നു, ഇന്നലെ വരെ - സ്നേഹത്തോടും കാരുണ്യത്തോടും പരിപാലനൗത്സുക്യത്തോടും കൂടിയ കാഴ്ച. ഇപ്പോൾ കാണുന്നത് മോഹത്തിന്റെ കണ്ണുകൊണ്ടാണ്. ഭോഗലാലസയുടെ പരിരംഭണത്തിലേക്ക് എല്ലാറ്റിനെയും വലിച്ചടുപ്പിക്കാനുള്ള തൃഷ്ണയുടെ ത്രാസമാണ് ഇവിടെയുള്ളത്. ഏദനിലെ സംഗീതം ഇവിടെ അവസാനിക്കുന്നു. മനുഷ്യൻ സ്വാർത്ഥം നിറഞ്ഞ് എല്ലാറ്റിനെയും ഭോഗവസ്തുവായി കാണുന്നു. ഈ കാഴ്ചയിലാണ് പാപം. 'മോക്ഷമാർഗ്ഗത്തിൽ ഇതിനെ ശത്രുവെന്ന് അറിഞ്ഞുകൊള്ളുക' എന്ന് ശ്രീകൃഷ്ണൻ അരുളിച്ചെയ്തത് എത്ര പരമാർത്ഥം. "ധർമ്മശാസ്ത്രം ദർശനശാസ്ത്രമാണ് (Ethics is optics)" എന്ന് എഴുതിയ വേദവിത്ത് മനുഷ്യജീവിത സത്യത്തിന്റെ ഈ മർമ്മത്തിലാണ് തൊടുന്നത്.

"കണ്ണുള്ളത് തുറക്കാൻ മാത്രമല്ല, അടയ്ക്കാൻ കൂടിയാണ്" എന്ന വാക്കുകൾ ഉച്ചരിച്ചുകൊണ്ടാണ് സി. ജെ. തോമസിന്റെ ദാവീദു രാജാവ് അരങ്ങിൽ ആദ്യം പ്രവേശിക്കുന്നത്. പിഴച്ച കാഴ്ച കണ്ടതിന്റെ ദുരന്തമാണ് സി. ജെ. ആവിഷ്കരിക്കുന്നത്. എല്ലാ ദുരന്തത്തിന്റെയും മൂലം ഈ കാഴ്ചയുടെ പിഴവാണെന്നാണ് വേദപുസ്തകം ആദ്യമേ പറഞ്ഞു പഠിപ്പിക്കുന്നത്. അയൽക്കാരന്റെ മുന്തിരിത്തോപ്പിലേക്കു നോക്കി കൊതി പിടിച്ചുഴറിയ പ്രഭുവിന്റെ ദുരന്തം ബൈബിൾ ആഖ്യാനം ചെയ്തിട്ടുണ്ട്. ഹവ്വയുടെ കൊതി അർബുദ വളർച്ച തേടിയിട്ടാണ് ആധുനിക കമ്പോള സംസ്കാരമുണ്ടായത്. ഏത് അഴകു കണ്ടാലും, 'കൊള്ളാമല്ലോ, കൈക്കലാക്കണം' എന്നു ചിന്തിച്ചു തുടങ്ങുന്നിടത്തുനിന്ന് ആരംഭിക്കുന്നു ഈ പേപ്പാച്ചിൽ! "ദുരപൂണ്ട നരകത്തിന്റെ ശബ്ദകോലാഹലം" എന്ന് വിർജിൽ എഴുതിയിട്ട് രണ്ടു സഹസ്രാബ്ദങ്ങളായി. ഇപ്പോൾ നാം അതിനെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു. 'ആദിപാപം' ആദ്യപാപമായത് ആദ്യമനുഷ്യർ ചെയ്തതുകൊണ്ടല്ല, ഏതു മനുഷ്യനും പാപത്തിലേക്കു വഴുതുന്നതിവിടെയാണ് എന്നതുകൊണ്ടാണ്. ലോകത്തെ ചന്തമേളം കൊണ്ടു നിറയ്ക്കാൻ, മനുഷ്യനെ ഭോഗലാലസയിൽ കുടുക്കാൻ ആദ്യം വേണ്ടത് മനുഷ്യന്റെ കണ്ണിൽ മോഹിപ്പിക്കുന്ന വർണ്ണദൃശ്യങ്ങൾ കോരിപ്പകരുകയാണെന്ന് കണ്ടുപിടിച്ചത് ഇപ്പോഴെങ്ങുമല്ല. മാദകക്കൊഴുപ്പുള്ള രൂപങ്ങൾ വർഷിക്കാൻ ആ വേദനോപകരണങ്ങളുടെ ഒരു സൈന്യം ആകാശവീഥിയിലെമ്പാടും അണിയിട്ടു നില്ക്കുന്നുണ്ടല്ലോ. അവയുടെ മന്ത്രം (pass word) ഹവ്വയുടെ ചെവിയിൽ പാമ്പു മന്ത്രിച്ച വാക്യമാണ്: ***"നോക്കൂ, ഇതെത്ര മനോഹരം, കാമ്യം; എന്തിനാണ് ഇതു വേണ്ടെന്നു വയ്ക്കുന്നത്." കൊതി പിടിച്ച ആ നോട്ടത്തിൽ പാപം ആരംഭിക്കുന്നു.***

*(തുടരും)*

## STEPPING STONES

***An unknown writer reports how a listener can be a stepping stone to the speaker, and how he can enrich him :-***

You are a stepping stone to me when you support me in moments of weakness and doubt.

You are a stepping stone to me when you give me a belief in myself, when you boost my self-confidence. You see something in me that I am not able to see in myself.

You are a stepping stone to me when I am feeling inadequate and you help me to discover the special talents God has given me.

You are a stepping stone to me when you challenge me, make demands on me, are hard on me, not to hurt me, but to help me grow and develop my potential.

You are a stepping stone to me when you accept me though others reject me.

You are a stepping stone to me when you refuse to join the mob and throw the stone of accusation and judgement at me when I sin.

You are a stepping stone to me when you forgive me. You liberate me from my past, and I am free to move forward again.

You are a stepping stone to me when you understand me and listen to me. One who understands me is nearer to me than my own brother or sister.

You are a stepping stone to me when you refuse to exploit my weakness or to take advantage of my mistakes.

**If you have done any one of these things for me, how can I tell you what you mean to me? You are a light to me in my darkness.**

***(Collected by Very Rev. Matthew Matthew, from 'Path to Listening' authored by J. Maurus)***

# A MEDITATION ON GRASS

Rev. Dr. M. J. Joseph, Bangalore



*There is a Javanese folk story. In a forest there were three trees-a coconut tree, a clove tree and a banyan tree. For the Javanese, the clove tree is an important crop, the coconut tree is a source of food and the banyan tree is a sacred one worshipped by them. Each of these trees had something or other to boast of. The clove tree said : "I am the most valuable tree because I am a source of wealth for farmers". The coconut tree also made its trumpet- "I am the tallest tree. I can see everything in the forest." Then the banyan tree boasted of its existence- "I am the most powerful tree among all plants. People worship me every Thursday, asking for help in whatever they do." After boasting, the trees asked the grass about the attributes it possessed. The grass replied, "I know nothing of power and wealth. As I start growing, people just cut me down and animals trample upon me. I am always humiliated. I am considered a useless plant." In the same afternoon, a violent storm appeared and destroyed all the trees. The grass alone survived the disaster. It was the only plant which was able to sustain life and generate the development of all other life in the forest!*

*This story speaks of the legacy of the ordinary common people who sustain all forms of social engagement. The common people, the least and the last, are resilient and they form the basic structure of society. The spirituality of 'the last' is the basis for the survival of human community. The Kingdom of God celebrates the enthronement of the marginalized.*

*Grass, grass everywhere!!*
*It is green*
*My eyes feast on the greenery of the grass*
*What a wonderful sight all round!*
*It is the symbol of the ordinary*
*It represents "the feeble and the least"*

*Think for a while*
*its usefulness and legacy*
*It is the ordinary who helps the*
*extra-ordinary to celebrate life*
*It is the small that makes life big!*
*In times of rains and storms, the grass*
*keeps up its strength*

*The big trees fall*
*The flower of adorable plants scatter*
*The fragrance of Jasmine flowers disappear*
*But the carpet of Mother Earth in her bosom*
*remains the same*

*The pride of the big tree is gone when it falls*
*The humility of grass becomes a lesson for posterity*
***Lord, let me have the patience and the humility of grass***
***in times of good and bad seasons.***

**(Poem taken from the book "Beyond the seen and the unseen")**



DEVOTIONAL

# സക്കായിയുടെ ജീവിതസാക്ഷ്യം

## ഒരവലോകനം

ഫാ. ഡോ. മർക്കോസ് ജോസഫ്



നിരന്തരമായ അന്വേഷണത്തിലൂടെ കണ്ടെത്തുന്ന സത്യങ്ങൾ സ്വയം പകർത്തുകയും പ്രഘോഷിക്കുകയും മറ്റുള്ളവരിലേക്കു പകരുകയുമാണ് ഉദാത്തമായ ക്രൈസ്തവസാക്ഷ്യം. പഴകിത്തഴമ്പിച്ച ബോദ്ധ്യങ്ങളുടെ തടവറയിൽ നിന്നുള്ള വിമോചനം കൂടിയാണത്. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന ഒരു ജീവിതസാക്ഷ്യമാണ് സക്കായി എന്ന സാധാരണ മനുഷ്യന്റേത്. അതിലൂടെ സംവേദിക്കുന്ന കാലികപ്രസക്തമായ ചില ധ്യാനാത്മക ചിന്തകൾ പങ്കുവയ്ക്കട്ടെ.

സക്കായിയുടെ ജീവിതം രണ്ടു വ്യത്യസ്ത ഘട്ടങ്ങൾ ഉൾക്കൊണ്ടതായിരുന്നു. യേശുവുമായുള്ള കൂടിക്കാഴ്ചയ്ക്കു മുമ്പുള്ള ഒന്നാം ഘട്ടം സ്വാർത്ഥപരമായ ആർജ്ജവത്തിന്റേതാണെങ്കിൽ, കൂടിക്കാഴ്ചയ്ക്കുശേഷമുള്ള രണ്ടാം ഘട്ടം വർജ്ജനത്തിന്റേതത്രെ. വി. ലൂക്കോസ് പരിചയപ്പെടുത്തുന്ന ഈ കഥാപാത്രം ധനികനും, ചുങ്കക്കാരിൽ പ്രമാണിയും, യെരീഹോ പട്ടണക്കാരനുമാണ്. യെരുശലേം പർവ്വതനഗരമായിരുന്നെങ്കിൽ യെരീഹോ താഴ്വര പട്ടണമായിരുന്നു. യെരുശലേം ആരാധനയുടെയും ഉയർന്ന മതബോധത്തിന്റെയും പ്രതീകമായിരുന്നെങ്കിൽ യെരീഹോ പാപബന്ധങ്ങളുടെയും കച്ചവട സംസ്കാരത്തിന്റെയും പ്രതീകമായിരുന്നു. ഒരു പക്ഷേ സക്കായിയുടെ വ്യക്തിത്വത്തെ ഈ പാപബന്ധങ്ങളും ആർജ്ജവസംസ്കാരവും സ്വാധീനിച്ചിരിക്കണം. സക്കായിക്ക് പൈതൃകമായി ലഭിച്ചതിലും കൂടുതൽ സമ്പത്ത് അധർമ്മത്തിന്റെയും അനീതിയുടെയും മാർഗ്ഗത്തിൽ സമ്പാദിച്ചിരുന്നു. റോമാ ഗവൺമെന്റിന്റെ ഇടനിലക്കാരായി നിന്നുകൊണ്ട് സാധാരണ ജനങ്ങളെ ഊറ്റിപ്പിഴിഞ്ഞ് നികുതി പിരിവിൽ നിന്നുള്ള കമ്മീഷൻ കൊണ്ട് സാമ്പത്തിക ദുർമേദസ്സ് വർദ്ധിപ്പിച്ച സക്കായിയെപ്പോലുള്ള ചുങ്കക്കാരെ സാധാരണ ജനങ്ങൾ വെറുത്തിരുന്നു ('ചുങ്കക്കാരും പാപികളും' എന്ന വേദപുസ്തക പ്രയോഗം ഈ വെറുപ്പിനെ എടുത്തു കാട്ടുന്നു.) ഇക്കൂട്ടർ സാധാരണ ജനങ്ങളിൽ നിന്നു മാത്രമല്ല, ദൈവസംസർഗ്ഗത്തിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടിരുന്നു. മനഃസാക്ഷിക്കു വിരുദ്ധമായി അധർമ്മ മാർഗ്ഗത്തിൽ ബോധപൂർവം ചരിക്കുന്നവർ ദൈവത്തിൽ നിന്നു മാത്രമല്ല, സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും അന്യവൽക്കരിക്കപ്പെടും.

യേശുക്രിസ്തുവിന്റെ സമകാലീനനായ സക്കായി അരുമനാഥന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് ധാരാളം കേട്ടറിഞ്ഞിരുന്നു. ഈ കേട്ടറിവ് അയാളിൽ ക്രിസ്തുദർശനത്തിനായുള്ള ആഗ്രഹമുണർത്തിച്ചിരുന്നു. ഈ ആഗ്രഹം പെട്ടെന്നുണ്ടായതല്ല, മറിച്ച്, അനേക നാളുകളായി മനസ്സിൽ താലോലിച്ചുവച്ചിരുന്നതായിരുന്നു. പക്ഷേ, അത്തിയിൽ കയറുന്നതുവരെ അയാൾക്ക് ഇതു സഫലമാക്കുവാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്? എന്ന ചോദ്യത്തിന് ഉത്തരമന്വേഷിക്കുമ്പോൾ നാം ചെന്നെത്തുന്നത് ഇന്നത്തെ ക്രിസ്തീയ ജീവിതനിലവാരത്തകർച്ചയുടെ വ്യക്തിഗത, സാമൂഹിക തലങ്ങളിലായിരിക്കും.

ക്രിസ്തുവിനെ കണ്ടെത്താൻ സക്കായിക്ക് സ്വന്തം തൊഴിൽ കൈവിടേണ്ടിയിരുന്നു. ആനന്ദവും അധർമ്മവും ജീവിതനയമാക്കിയിരുന്ന അയാൾക്ക് അത് സാദ്ധ്യമല്ലായിരുന്നു. ക്രിസ്തുദർശനത്തെക്കാൾ പണസമ്പാദനമാർഗ്ഗത്തിന് അയാൾ മൂല്യം കൽപ്പിച്ചിരിക്കാം. അന്യായജീവിതശൈലി പുലർത്തുന്ന ഒരു വ്യക്തിക്ക് യഥാർത്ഥമായ ക്രിസ്തുദർശനം അപ്രാപ്യമാണ്. ബോധപൂർവ്വം അധർമ്മം തള്ളുമ്പോഴാണ് നിറവോടെ ക്രിസ്തുവിനെ കൊള്ളുവാൻ നമുക്കു കഴിയുന്നത്. ക്രിസ്തുവിനെ സ്വീകരിപ്പാൻ നാം ഉത്സുകരാണ്, തിന്മയെ ഉപേക്ഷിക്കുവാൻ മടിയരും. അധർമ്മത്തിലൂടെ നാം നേടുന്നതെന്തും, അത് സമ്പത്തോ സ്ഥാനമാനങ്ങളോ ആവട്ടെ, നമ്മെ ദൈവികദർശനത്തിൽ നിന്ന് അകറ്റിക്കളയും. ആത്യന്തികമായി നമ്മെ തകർച്ചയിലും അസമാധാനത്തിലും അതു കൊണ്ടെത്തിക്കും.

ക്രിസ്തുദർശനത്തിന് അയാൾ സ്വയം വിനയപ്പെട്ട് യെരീഹോയിൽ യേശു കടന്നുപോകുന്ന വഴിയിലേക്കു വരേണ്ടിയിരുന്നു. അഹങ്കാരപൂർവ്വം പണത്തിന്റെ ദുർമേദസ്സിൽ ചീർത്തിരിക്കുന്ന, യെരിഹോയിലെ ബംഗ്ലാവിന്റെ മട്ടുപ്പാവിലിരിക്കുന്ന സക്കായിക്ക് യഥാർത്ഥ ദൈവികദർശനം അന്യമാണ്. പണത്തിന്റെയും ആധുനിക സുഖസൗകര്യങ്ങളുടെയും സാദ്ധ്യതകളിൽ സ്വയം മറന്നിരിക്കുന്നവർക്ക് യേശു ഇന്നും അപ്രാപ്യനാണ്. ***ധനമദ്ധ്യത്തിൽ, അധികാരകേന്ദ്രങ്ങളിൽ, അധർമ്മ കേദാരങ്ങളിൽ, സ്വയം വെറുമയാക്കി ദാസവേഷം പൂണ്ട അരുമനാഥനെ നാം ഇന്നും തിരയുന്നു. ദാസനായി ശിഷ്യന്മാരുടെ കാൽ കഴുകുന്ന, സ്വയം വെറുമയാക്കുന്ന ക്രിസ്തുഭാവം നാം സൗകര്യപൂർവം മറന്നുകളയുന്നു.*** ദരിദ്രരോട് ഐക്യദാർഢ്യപ്പെടുന്ന ക്രൈസ്തവവീക്ഷണം നമുക്കിന്ന് അന്യമായി. ഫലമോ, അന്യവൽക്കരിക്കപ്പെട്ട കേവല മതമായി ക്രിസ്തീയ മാർഗ്ഗം വന്നു ഭവിച്ചു. അതോടു ചേർന്ന് മതാധിഷ്ഠിതമായ എല്ലാ പ്രശ്നങ്ങളും നമ്മുടെ സമൂഹത്തിൽ സംഭവിക്കയും ചെയ്യുന്നു. മനുഷ്യൻ പ്രകൃതിയിൽ നിന്ന് അന്യവൽക്കരിക്കപ്പെടുമ്പോൾ പരിസ്ഥിതിപ്രശ്നങ്ങളും, സമൂഹത്തിൽ നിന്ന് അകലുമ്പോൾ സാമൂഹികപ്രശ്നങ്ങളും, അവനവനിൽ നിന്ന് അന്യവൽക്കരിക്കപ്പെടുമ്പോൾ മനഃശാസ്ത്രപ്രശ്നങ്ങളും രൂപപ്പെടുന്നു. എന്നാൽ, ***വിനയരാഹിത്യത്താൽ മനുഷ്യൻ ദൈവത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നതാണ് ഇന്ന് സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനം.***

യേശുവിനെ കാണുകയെന്നത് സക്കായിക്ക് കേവലമൊരു ആഗ്രഹം മാത്രമായിരുന്നു. അത് ഇച്ഛയോടെയുള്ള ആഗ്രഹമായി വളർന്നപ്പോൾ മാത്രമാണ് ക്രിസ്തുദർശനത്തിനു വിഘാതമായ തന്റെ ശാരീരിക പരിമിതിയകറ്റാൻ മാർഗ്ഗമവലംബിച്ചതും ലക്ഷ്യപ്രാപ്തിയിലെത്തിയതും. മുൻഗണനാക്രമപ്രകാരം, യേശുവിന് ഇന്നു പലരുടെയും ജീവിതത്തിൽ അവസാനസ്ഥാനം മാത്രമാണുള്ളത്. ജീവിതത്തിൽ യേശു നിർബന്ധമായുമുള്ള ആരാധന എവിടെയുണ്ടോ അവിടെ യേശുവിന്റെ നിതാന്ത സാന്നിദ്ധ്യവും ആഴമായ അനുഭവവുമുണ്ടാകും. ഉദാത്തമായ ഈ ആത്മീയത പേറുന്ന ഭക്തന് ആരാധന ജീവിതക്രമമായും, കഷ്ടനഷ്ടങ്ങൾ ക്രിസ്തുവിനോട് ഐകദാർഢ്യപ്പെടുവാനുള്ള അവസരങ്ങളും അതിനേക്കാളുപരി, പദവിയും ഭാഗ്യവും ആയിത്തീരും. ആരാധനാ



# പരിസ്ഥിതി സംരക്ഷണം: പള്ളിയും പള്ളിക്കൂടവും

ഡോ. ജോസ് പാറക്കടവിൽ

പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് ഒരു വീണ്ടുവിചാരം മലയാളികളിൽ അങ്കുരിച്ചിട്ടുണ്ടെങ്കിലും അതത്ര ശക്തമാണെന്നു കരുതാനാവില്ല. സൈലന്റ്‌വാലി പദ്ധതിയെച്ചൊല്ലി ഇരുപതുവർഷം മുമ്പുണ്ടായ സംവാദങ്ങളാണല്ലോ കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ആദ്യ ചലനങ്ങൾ സൃഷ്ടിച്ചത് മലയാളികളിൽ നല്ലൊരു വിഭാഗത്തിനും, ഭരണകൂടത്തിന് പ്രത്യേകിച്ചും, സൈലന്റ്‌വാലി പ്രദേശത്തെപ്പറ്റി വലിയ ഉൽക്കണ്ഠയുണ്ടായിരുന്നില്ല. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ വ്യക്തിപരമായ താൽപ്പര്യം മൂലമാണ് സൈലന്റ്‌വാലി പ്രദേശം രക്ഷപ്പെട്ടത്. രണ്ടു ദശകങ്ങൾക്കുള്ളിൽ വരൾച്ച, ജലക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമായപ്പോൾ മലയാളികൾ പരിസ്ഥിതി സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയവയെപ്പറ്റി ചിന്തിച്ചു തുടങ്ങി. വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും ആവശ്യമാണെന്ന് മാധ്യമങ്ങളും അംഗീകരിച്ചു. എങ്കിലും സൈലന്റ്‌വാലി പ്രദേശത്ത് പുതുതായി പൊന്തിവരുന്ന പാത്രക്കടവു പദ്ധതിയ്ക്കുവേണ്ടി വാദിക്കുവാൻ ധാരാളമാളുകളുണ്ട്. എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിലും ഇതുതന്നെയാണവസ്ഥ. വികസനം, പരിസ്ഥിതി ഇവയിൽ പ്രധാനം വികസനം തന്നെ എന്ന ചിന്താഗതിയിൽ വലിയ മാറ്റമുണ്ടായിട്ടില്ല. **വികസനത്തിന്റെയോ പരിഷ്കാരത്തിന്റെയോ പേരിൽ കെട്ടിയെഴുന്നെള്ളിക്കുന്ന എന്തും നാടിനു ഗുണകരമാകുമെന്നു വിശ്വസിക്കുന്ന അറിവുള്ള അജ്ഞാനികൾ കേരളത്തിലേറെയാണ്.**

നിർമ്മാണപ്രവർത്തനങ്ങൾക്കു പുതിയ മേഖലകൾ തേടിക്കൊണ്ടിരിക്കുന്ന കോൺട്രാക്ടറന്മാരും അവരുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരും കേരളത്തിന്റെ പ്രകൃതിലാവണ്യവും അതിന്റെ സൗഭാഗ്യങ്ങളും നശിപ്പിച്ചേ അടങ്ങൂ. ടൂറിസ്റ്റ് റിസോർട്ടുകളുടെ പേരിൽ ഹൈറേഞ്ചിലെ കുന്നിൻപുറങ്ങൾ ഇടിച്ചു നിരത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നു. മനോഹരമായ പുൽമേടുകൾ അഴുക്കു പകരുന്നതിനു പുറമേ, ജൈവവൈവിധ്യത്തിന്റെയും ജലസംഭരണത്തിന്റെയും കാവൽക്കാരും കൂടിയാണെന്നു തിരിച്ചറിയുവാൻ ലാഭക്കൊതി മാത്രമുള്ളവർക്കു കഴിയുന്നില്ല. അവരുടെ ദൃഷ്ടിയിൽ അതു തരിശുഭൂമിയാണ്. ശാസ്താംകോട്ട ശുദ്ധജല തടാകത്തിനു ചുറ്റും മതിൽ കെട്ടുവാൻ 18 കോടി രൂപയുടെ പദ്ധതി തയാറായിരിക്കുന്നു. പ്രകൃതിയുടെ സ്വാഭാവികവും സൂക്ഷ്മവുമായ വ്യാപാരങ്ങളിലൂടെ ഇത്ര കാലവും ശുദ്ധജലം നിറഞ്ഞു നിന്ന തടാകത്തിനു ചുറ്റും വൻതോതിൽ മതിൽ നിർമ്മാണം നടത്തുമ്പോൾ തടാകത്തിലെ വെള്ളം ശുദ്ധജലമല്ലാതാകുമെന്നു നിരീക്ഷിക്കുവാൻ ഭരണകർത്താക്കൾക്കു കഴിയുന്നില്ല. ഇങ്ങനെ ഉദാഹരണങ്ങൾ നിരവധി നിരത്തുവാനുണ്ട്.

ജോയിന്റ് ഇക്കോളജിക്കൽ കമ്മിഷന്റെ ശ്രമഫലമായി സഭകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ചിന്താതരംഗങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സുസ്ഥിരവും സുവ്യക്തവുമായ ഒരു നിലപാടിലെത്തുവാൻ പലർക്കും കഴിഞ്ഞിട്ടില്ല. പരിസ്ഥിതിവാദത്തിനു ബൈബിളിന്റെ പിൻബലമില്ലെന്ന ചിന്താഗതി ന്യൂ വിഷനിലെ ചില ലേഖനങ്ങളിൽ മറ നീക്കി പുറത്തുവന്നിരുന്നല്ലോ. പരിസ്ഥിതി സംരക്ഷണത്തിന്റെ ദൈവശാസ്ത്രം വിശ്വാസികളിലേക്കു പകരുവാൻ ഇനിയും തീവ്ര പരിശ്രമം വേണ്ടിയിരിക്കുന്നു. പരിസ്ഥിതി സംരക്ഷണം ജീവിതശൈലിയുടെ ഭാഗമാകാനുതകുന്ന കർമ്മപരിപാടികളാവശ്യമാണ്. മലയാളപത്രങ്ങൾ ഈ ദിശയിൽ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയം തന്നെ. മലയാള മനോരമയുടെ 'പലതുള്ളി' പ്രദർശനങ്ങളിൽ വിദ്യാർത്ഥികൾ പുലർത്തിയ ഔത്സുക്യം ശ്രദ്ധേയമായിരുന്നു. പുത്തൻ തലമുറയ്ക്ക് പുതിയൊരവബോധം പകരുവാനുതകുന്ന ഇത്തരം ദൗത്യങ്ങൾ ഏറ്റെടുക്കുവാൻ സഭകളും അവയുടെ സ്ഥാപനങ്ങളും തയാറാകണം.

ഇപ്പോൾ ഈ രംഗത്തുണ്ടായിരിക്കുന്ന ഉണർവ്വ് തൽക്കാലത്തെ ആവേശമായി കെട്ടടങ്ങാതെ അതിന്റെ നൈരന്തര്യം പുലർത്തുവാൻ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കാണു കഴിയുക. പ്രകൃതിയെ അവഗണിക്കുന്ന ചിന്താഗതി ആധുനിക വിദ്യാഭ്യാസത്തിന്റെ ദോഷകരമായ പാർശ്വഫലങ്ങളിലൊന്നാണ്. അതിനുള്ള മറുമരുന്നും വിദ്യാഭ്യാസത്തിലൂടെയാണു നൽകേണ്ടത്. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ധർമ്മം നിർവഹിക്കുവാൻ സന്നദ്ധമാകുമോ? ●

---

ജീവിതം അവിടെ അന്വർത്ഥമായിത്തീരുകയാണ്. ***ആരാധനയിൽ വികാരം മാത്രം നിറയുമ്പോൾ ജല്പനമായും, ബുദ്ധി നിറയുമ്പോൾ മേളയായും അധഃപതിക്കും.*** ആരാധനയിൽ ഭക്തി നിറയുമ്പോൾ അതൊരനുഭവമായി വ്യക്തിജീവിതത്തിലേക്കിറങ്ങിച്ചെല്ലും.

സക്കായിയുടെ ആഗ്രഹം പ്രത്യാശാനിർഭരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല, മറിച്ച്, ബുദ്ധിയുടെ വിചിന്തന മനോഭാവത്തിലായിരുന്നു. കേട്ടത് പരിശോധിക്കുവാനുള്ള വെറുമൊരു ആഗ്രഹം മാത്രം. ബുദ്ധിയ്ക്കും വികാരത്തിനും അതീതമായ വിശ്വാസതലത്തിൽ യേശു ഇന്നും സമീപസ്ഥനും പ്രാപ്യനുമാണ്. അവിടെ ദൈവികദർശനം ഭക്തിയുടെയും ദൈവസ്വരൂപത്തിലേക്കുള്ള വളർച്ചയുടെയും അനുഭവമാണ്. ഇപ്രകാരം ദൈവവൽക്കരിക്കപ്പെട്ട വ്യക്തികൾക്കേ ലോകത്തെ ദൈവരാജ്യമാക്കുവാൻ സാധിക്കൂ.

സഭയുടെ പ്രതീകമായ അത്തിവൃക്ഷത്തിൽ കയറുന്നതുവരെ ക്രിസ്തുദർശനം സക്കായിക്കു ലഭിച്ചില്ല. സഭയുടെ രണ്ടു ദൗത്യങ്ങളാണ് അത്തിമരം ഇവിടെ സംവേദിക്കുന്നത്. ഒന്നാമതായി, അത് യേശു കടന്നുപോകുന്ന മാർഗ്ഗത്തിലാണ്. രണ്ടാമതായി, ശാരീരിക പരിമിതികൾക്കതീതമായി അവനെ ഉയർത്തി ക്രിസ്തുദർശനത്തിനു സജ്ജമാക്കുന്നു. മതമൗലികത സഭകളിൽ വർദ്ധമാനമാകുന്ന പ്രവണത, പലപ്പോഴും സ്വാർത്ഥതയുടെ വേലിക്കെട്ടുകൾ, ക്രിസ്തുദർശനത്തിനു തടസ്സം സൃഷ്ടിക്കുന്നു.

***ക്രിസ്തുദർശനത്തിനു തടസ്സമായ എല്ലാ ഘടകങ്ങളും ബോധപൂർവം നീക്കിയപ്പോൾ, സക്കായിക്ക് യേശുവിന്റെ നിറഞ്ഞ സ്നേഹം ലഭിച്ചു.*** സമൂഹം വെറുത്തിരുന്ന സക്കായിക്കുവേണ്ടി യേശു തന്റെ പരിപാടികളെല്ലാം നിർത്തിവച്ച് അവനോടൊപ്പം താമസിച്ചു. തൽഫലമായി, വർജ്ജിക്കുന്ന ക്രൈസ്തവസാക്ഷ്യത്തിന്റെയും പ്രായോഗിക അനുതാപത്തിന്റെയും വക്താവായി സക്കായി ഭേദപ്പെട്ടു. അനുതാപം കേവലം വൈകാരിക തലത്തിൽ മാത്രമായിരുന്നില്ല, മറിച്ച്, അപഹരിച്ചെടുത്ത ഒന്നിന് നാലു വീതം മടക്കിക്കൊടുക്കുന്ന ജീവിതദർശനവും ശൈലിയും രൂപംകൊള്ളുകയായിരുന്നു. യേശു അരുളിച്ചെയ്തു, 'ഇന്ന് ഈ ഭവനത്തിന് രക്ഷയുണ്ടായി.' സക്കായിയുടെ രക്ഷ അവന്റെ കുടുംബത്തിന്റെ രക്ഷയായി വളർന്നു. ഇതാണ് സക്കായിയുടെ ജീവിത സാക്ഷ്യം. ●

ETHICS

# വെല്ലുവിളിക്കൂ എന്നിലെ പുരുഷനെ

യൂഹാനോൻ മാർ മിലിത്തോസ്

ഏതാനും മാസങ്ങൾക്കുമുൻപ് കോട്ടയം കാതോലിക്കേറ്റ് അരമനയിൽ മലങ്കര ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷനെ കാണുമ്പോൾ അദ്ദേഹം മുന്നിലൊരു കഷണം കടലാസും വലതുകയ്യിൽ പേനയുമായി ഇടതുകൈ താടിക്കു കൊടുത്ത് വിഷണ്ണനായി ഇരിക്കുകയാണ്. കാരണം അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി, അറുപത്തഞ്ചാമത്തെ വിവാഹമോചന ഉത്തരവാണ് തന്റെ മുന്നിലിരിക്കുന്നത് എന്നായിരുന്നു. നമുക്ക് കെൻടക്കി ചിക്കനും കോകക്കോളയും വിൻഡോസ് എക്സ്പിയും ദ പാഷൻ ഓഫ് ക്രൈസ്റ്റും, മെഡിക്കൽ എൻജിനിയറിംഗ് കോളജുകളും സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളും ഗൾഫ് പണവും, ടെലിവിഷൻ ചാനലുകളും അവയിലെ അന്തമില്ലാത്ത സീരിയലുകളും, സൂപ്പർ ഹൈവേയും, ഔട്ട്സ്റ്റേഷൻ തൊഴിൽ മേഖലയുമൊക്കെയുള്ളപ്പോൾ പിന്നെ എന്തിനു പേടിക്കണമെന്നു ചോദിച്ചേക്കാം. അതേ, അവയൊക്കെയാണല്ലോ ഇന്നത്തെ നമ്മുടെ വികസനത്തിന്റെ മുഖങ്ങൾ!

കുടുംബഭദ്രതയ്ക്കു പേരുകേട്ട നാടാണല്ലോ കേരളം. അതിൽത്തന്നെ ദൈവരാജ്യത്തിന്റെ പ്രാക്‌രൂപമായ കുടുംബത്തെ ദിവ്യമായി കാണുന്നവരാണല്ലോ മാർത്തോമാ ക്രിസ്ത്യാനികൾ. പക്ഷേ നമ്മുടെ മദ്ധ്യത്തിലെ ചില കണക്കുകളിതാ. അടുത്ത കാലത്ത് ഒരു മലയാള വാരിക നടത്തിയ പഠനമനുസരിച്ച് ഏഷ്യയിൽ ഏറ്റവും കൂടുതൽ വിവാഹമോചനം നടക്കുന്നത് കേരളത്തിലാണ്; അതിൽത്തന്നെ ഏറ്റവും കൂടുതൽ, തിരുവനന്തപുരം ജില്ലയിൽ! മാർത്തോമാ സഭയുടെ യുവജനപ്രസ്ഥാനത്തിന്റെ ചുമതലയുള്ള വക്കീൽ എന്നോടു പറഞ്ഞു, തന്റെ കയ്യിൽ കിട്ടുന്ന വിവാഹമോചനക്കേസുകളിലധികവും വിവാഹേതര ലൈംഗികബന്ധം മൂലമാണെന്ന്. ഭാര്യാഭർത്താക്കന്മാർ രണ്ടിടത്തായി ജോലി നിമിത്തവും അല്ലാതെയും ദീർഘകാലം താമസിക്കേണ്ടിവരുന്നുവെന്നതാണ് ഇതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. അതോടൊപ്പം ആഭ്യന്തര കലഹവും, സ്നേഹത്തിനും കരുതലിനും വേണ്ടിയുള്ള വാഞ്ഛയും.

തിരുവന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ പഠനത്തിൽ കേരളത്തിലെ മിക്ക കുടുംബങ്ങളിലും ആഭ്യന്തര ബലാൽക്കാരമുണ്ടെന്നു കാണുന്നു. മിക്കവാറും വീടുകളിൽ സ്ത്രീകളാണ് തല്ലുകൊള്ളുന്നത്. ചിലയിടങ്ങളിൽ പുരുഷന്മാരും തല്ലുകൊള്ളുന്നുണ്ടാകാമെന്നത് അതിന്റെ മറുവശം ആകണമെന്നില്ല; കുഞ്ഞുങ്ങളാകാം ഭീകരതയ്ക്കിരയാകുന്നത് എന്നാണെന്റെ അഭിപ്രായം. പഠനത്തിന്റെ പേരിൽ കേരളത്തിലെ എൺപത് ശതമാനം കുഞ്ഞുങ്ങളും പീഡിപ്പിക്കപ്പെടുന്നു. ഇനിയും കണക്കുകളുണ്ട്. കേരളത്തിൽ പകുതിയിലധികം പേരും വിഷാദരോഗമുള്ളവരാണ്. തെക്കൻ ജില്ലകളിൽ സ്ത്രീകളാണ് ഇക്കാര്യത്തിൽ മുന്നിലെങ്കിൽ, വടക്കൻ ജില്ലകളിൽ പുരുഷന്മാരാണ്. അതിൽത്തന്നെ കർഷകരാണു കൂടുതൽ. സ്ഥിതിവിശേഷം ഗൗരവതരമാണെന്ന് ചിന്താശക്തിയുള്ള ഏതൊരാളിനും മനസ്സിലാകുമല്ലോ.

നമ്മൾ അവകാശപ്പെടുന്നതുപോലെ കേരളത്തിലെ കുടുംബാന്തരീക്ഷം മുൻപും അത്ര അനുപമമായിരുന്നില്ല. സ്ത്രീകൾ ഒത്തിരി സഹിച്ചും ക്ഷമിച്ചുമാണ് കേരളത്തിലെ കുടുംബങ്ങളുടെ അഖണ്ഡത നിലനിർത്തിയിരുന്നത്. ഇതൊരു വസ്തുത മാത്രമാണ്. ഒരു മലയാളം ടിവി ചാനലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേരള ഹൈക്കോടതിയിലെ ഒരു റിട്ട. **വനിതാ ജഡ്ജി പറഞ്ഞത്, ഇന്നുണ്ടായിരിക്കുന്ന വിവാഹമോചന വർദ്ധനയ്ക്കു പ്രധാന കാരണം സ്ത്രീകൾക്ക് വിദ്യാഭ്യാസം കിട്ടിയതാണെന്നത്രെ.** അതുതന്നെ പുരുഷന്മാർ ആവർത്തിക്കാം - ഹാ അന്നേ ഞാൻ പറഞ്ഞില്ലേ, ഈ പെണ്ണിനെ ഒത്തിരി പഠിപ്പിക്കേണ്ടായെന്ന്. ഇപ്പോ എന്തായി, അവൾക്ക് കല്യാണം വേണ്ടത്രേ! അതേ, സ്ത്രീകൾക്ക് വിവരമുണ്ടായി എന്നത് ഒരു പ്രശ്നമാണ്. പണ്ടു ചോരത്തിളപ്പുണ്ടായിരുന്നിട്ടും പേടിച്ച് ഒളിച്ചോടിയ ഒരുവൻ സംഘടനാപാടവവും നേതൃഗുണവും കാര്യവിവരവുമുണ്ടായിരുന്ന അമ്മായിയപ്പൻ യിത്രൊവിന്റെ കീഴിൽ നാല്പതുകൊല്ലം പാർത്തപ്പോഴുണ്ടായ വിവരത്തിൽ നിന്നാണല്ലോ ജനത്തിന്റെ അടിമത്തത്തിനെതിരെ പോരാടാൻ കെൽപ് നേടിയത്.

ഈ അറിവാണ് ഇന്ന് സ്ത്രീകൾക്കുണ്ടായിക്കൊണ്ടിരിക്കുന്നത് (ഉണ്ടാകേണ്ടതും). എന്നിട്ടും കുടുംബത്തെയും കുഞ്ഞുങ്ങളെയും കരുതി സ്വയം അമർത്തുന്നവർ വിഷാദരോഗികളായി തീരുന്നു. നമ്മുടെ കുടുംബബന്ധങ്ങളുടെ ദൃഢതയെക്കുറിച്ച് പറയാൻ നമുക്ക് നാവേറെയാണ്. പക്ഷേ സൂക്ഷ്മപരിശോധനയിൽ ഒരു വർഗ്ഗത്തിന്റെ അടിമത്തപരമായ അനുസരണത്തിന്മേലാണ് ഈ കെട്ടുകഥ പണിയപ്പെട്ടിരുന്നതെന്നു കാണാൻ വിഷമമില്ല. ചില സമുദായങ്ങളിൽ നിലനിന്ന മരുമക്കത്തായം അട്ടിമറിച്ച് സ്വത്തിന്റെയും കുടുംബതായ്‌വഴിയുടെയും ചോദ്യം ചെയ്യപ്പെടാത്ത അധികാരിയായി പുരുഷൻ സ്വയം അവരോധിച്ചപ്പോൾ ദൈവത്തിനുപോലും ഏകാധിപതിയായ പുരുഷന്റെ വേഷം ലഭിച്ചു.

അകത്തളത്തിൽ അടങ്ങിയൊതുങ്ങി ജീവിക്കുന്ന പതിവ്രതകൾ ദിവസം മുഴുവൻ അടുക്കളയിൽ ലോകത്തെങ്ങും കാണാത്ത വിധത്തിൽ പതിനാറു വിധം കറികളും, പിന്നെ പലതരം പായസങ്ങളുമുണ്ടാക്കി പുരുഷ കേസരിമാർക്ക് മൃഷ്ടാന്ന ഭോജനം നൽകി പാത്രം കഴുകിത്തീരുമ്പോഴേക്കും അടുത്ത നേരത്തെ ഭക്ഷണത്തിന്, അല്ലെങ്കിൽ അവന്റെ കിടപ്പറയിലെ നേരംപോക്കിന്, നേരമായിരിക്കും. അതുകൊണ്ട് അവളൊരിക്കലും ബാഹ്യ വെളിച്ചം കാണില്ലെന്നുറപ്പായിരുന്നു. എന്നാൽ ഇന്ന് സ്ത്രീ തന്റെ അവകാശങ്ങളെയും ആഗ്രഹങ്ങളെയും പറ്റി കുറെയൊക്കെ ബോധവതിയാണ് (പക്ഷേ പലയിടത്തും പഠനവും ജോലിയും സ്ത്രീയുടെ ജോലിഭാരം വർദ്ധിപ്പിച്ചതല്ലേയുള്ളൂ എന്ന ചോദ്യവുമുണ്ട്. ഇത് അവരെ കൂടുതൽ വിഷാദരോഗികളാക്കുന്നുമുണ്ടാവാം.) ഈ അറിവ് അപകടങ്ങളുണ്ടാക്കും. അതിൽ ചിലതാണ് വർദ്ധിച്ചുവരുന്ന വിവാഹമോചനവും ആഭ്യന്തര അരക്ഷിതത്വവും വിഷാദരോഗവും. ***ഭർത്താവും ഭാര്യയും കുഞ്ഞുങ്ങളും പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ഉത്തരവാദിത്തങ്ങൾ പങ്കിടുകയും അർത്ഥപൂർണ്ണമായി ആശയവിനിമയം നടത്തുകയുംചെയ്യുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കുക മാത്രമാണ് പ്രശ്നപരിഹാരം.***

തെറ്റായ ധാരണകളുടെയും ലക്ഷ്യങ്ങളുടെയും അടിത്തറമേൽ സൃഷ്ടിക്കപ്പെടുന്ന ബന്ധങ്ങളും, ഇവയുടെ മദ്ധ്യേ നിഷേധിക്കപ്പെടുന്ന അഭിപ്രായങ്ങളും അമർത്തപ്പെടുന്ന വികാരങ്ങളും തീർച്ചയായും പൊട്ടിത്തെറിക്കും. മുൻപു പറഞ്ഞ പ്രശ്നങ്ങളൊന്നും രോഗങ്ങളല്ല; രോഗലക്ഷണങ്ങൾ മാത്രമാണ്. വിവാഹശുശ്രൂഷാമദ്ധ്യേ വായിക്കുന്ന വേദഭാഗത്ത് ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു കാണുന്നു. എന്നാൽ, ഇത് ദൈവം തന്നെ യോജിപ്പിച്ചതാണോ, അതോ, പണത്തിന്റെയും കുടുംബ മാഹാത്മ്യത്തിന്റെയും തൊഴിലി



# വെട്ടുക്കിളികൾ

## 'യഹോവയുടെ മഹാസൈന്യങ്ങൾ'

പ്രൊഫ. ഡോ. സി. സി. ഏബ്രഹാം

വിസ്തൃതമായ ഡൽഹി നഗരം വേനൽച്ചൂടിൽ തളർന്നു നിൽക്കുന്ന ഒരു ദിവസം അവിടെ കനത്ത ഇരുട്ടു വ്യാപിക്കുന്നുവെങ്കിൽ ജനങ്ങൾ എങ്ങനെ പ്രതികരിക്കും? ഭീതിയും അസ്വസ്ഥതയും നിറഞ്ഞ മൂകതയായിരിക്കും അപ്പോഴത്തെ അവരുടെ മാനസികാവസ്ഥ. വടക്കേ ആഫ്രിക്കയിൽ മാലി, മൗറീടാനിയ, ചഡ്, നൈജർ, സുഡാൻ എന്നിവയുൾപ്പെട്ട 23 രാജ്യങ്ങളിൽ വെട്ടുക്കിളി ബാധയെ തുടർന്ന് ഇപ്പോഴത്തെ സ്ഥിതി ഏതാണ്ടിങ്ങനെയാണ്. ആകാശവിതാനത്തിൽ അനേകം ചതുരശ്ര കി.മീ. വിസ്തൃതിയിൽ 50 ദശലക്ഷത്തിൽപ്പരം വെട്ടുക്കിളികളുൾപ്പെടുന്ന വൻകൂട്ടങ്ങൾ പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണ് പകൽ സമയത്തും ഇരുട്ടു പരക്കുന്നത്. ഇവ കൂട്ടംകൂട്ടമായി പച്ചപ്പുള്ള സ്ഥലങ്ങളിലിറങ്ങി വിളകളും അവിടങ്ങളിലുള്ള എല്ലാ ചെടികളും തിന്നു നശിപ്പിക്കുന്നു. സമീപത്തുള്ള ഭവനങ്ങളിലേക്കും ഇവ കൂട്ടമായി കടന്നുചെന്ന് ജനങ്ങളുടെ സ്വൈരജീവിതത്തിനു തടസ്സം സൃഷ്ടിക്കുന്നതും സാധാരണമാണ്. പരിണാമഗതിയിൽ മനുഷ്യരെക്കാൾ 250-500 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ഭൂമുഖത്തു പ്രത്യക്ഷപ്പെട്ട വെട്ടുക്കിളികൾ ഉൾപ്പെടുന്ന പ്രാണിസമുച്ചയം മനുഷ്യർക്കു ഭീതിയുണ്ടാക്കുംവിധം ആക്രമണം നടത്തുന്നതിൽ ഒട്ടും അതിശയമില്ല.

വെട്ടുക്കിളികൾ ഒരു പ്രത്യേകയിനം വിട്ടിലുകളാണ്. മരുഭൂമിയിലെ കുറ്റിച്ചെടികളിൽ ഇവയെ സാധാരണയായി കണ്ടുവരുന്നു. അനുകൂലമായ സാഹചര്യത്തിൽ ഇവ ക്രമാതീതമായി പെരുകി വൻകൂട്ടങ്ങളായി മാറും. ഇങ്ങനെയുള്ള കൂട്ടങ്ങളാണ് ആഹാരം തേടിയുള്ള ദീർഘദൂരയാത്രയിൽ കനത്ത നാശം വരുത്തുന്നത്. കാറ്റു വീശുന്ന ദിശയിലാണ് ഇവ പറന്നു നീങ്ങുന്നത്. ഉത്തര ആഫ്രിക്കയിലെ അറ്റ്ലസ് പർവ്വതനിരകൾക്കു തെക്കുഭാഗത്ത് മൊറോക്കോ, ആൾജിയേഴ്സ് എന്നിവിടങ്ങളിലെ മരുപ്രദേശങ്ങളിൽ നിന്നാണ് ഇപ്പോൾ ഇവയുടെ കൂട്ടങ്ങൾ തെക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത്. കടുത്ത വരൾച്ചയെത്തുടർന്ന് വടക്കേ ആഫ്രിക്കയിൽ മിക്കയിടങ്ങളിലും വെട്ടുക്കിളിബാധയും കൂടി വന്നപ്പോൾ ജനങ്ങളും വളർത്തുമൃഗങ്ങളും വൻ പ്രതിസന്ധിയിലായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളും വെട്ടുക്കിളി ബാധയുണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളാണ്. ആഫ്രിക്കയിൽ കാണുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരിനമാണ് ഇന്ത്യയിൽ കാണുന്നത്. വടക്കേ ആഫ്രിക്കയിൽ നിന്നും അറേബ്യൻ മരുഭൂമികളിൽ നിന്നുമാണ് ഇവ നമ്മുടെ രാജ്യത്ത് കൂട്ടമായി പറന്നെത്തുന്നത്.

യഹോവയുടെ മഹാസൈന്യമായിട്ടാണ് ബൈബിളിൽ യോവേൽ പ്രവചനത്തിൽ, വെട്ടുക്കിളികളെപ്പറ്റി പറഞ്ഞിട്ടുള്ളത്. ദൈവകോപത്തിന്റെ പ്രതീകമായും, ദൈവത്തിൽ നിന്നകന്നു ജീവിക്കുന്ന ജനത്തിന്റെ മനം തിരിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ താക്കീതുകളും മുന്നറിയിപ്പുകളുമായിട്ടാണ് വെട്ടുക്കിളിബാധയെപ്പറ്റി വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അന്നും ഇന്നും എന്നും, ജനം മാനസാന്തരപ്പെടണമെങ്കിൽ തകർച്ചകളും പ്രതിസന്ധികളും ആവശ്യമാണല്ലോ! ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ വെട്ടുക്കിളി ബാധയുൾപ്പെടെയുള്ള മഹാമാരികൾ അനുഭവപ്പെടാറില്ല. ഇതിന്റെ പിന്നിലുള്ള ദൈവകൃപയ്ക്കുവേണ്ടി നന്ദിയും സ്തുതിയും അർപ്പിക്കുന്നതിനു നാം കടപ്പെട്ടവരാണ്. ഒന്നിനെക്കുറിച്ചും ഭയപ്പെടാനില്ലാത്ത അവസ്ഥയിൽ ദൈവാശ്രയം വളർച്ച പ്രാപിക്കാതെയിരിക്കുന്നു. യഹോവ ആര് എന്ന ചോദ്യവും അവിശ്വാസികൾ ഉയർത്തിയേക്കാം.

ഇസ്രയേൽ ജനതയെ ഇജിപ്റ്റിലെ അടിമത്തത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടി, തിന്മകളുടെ മൂർത്തരൂപമായ ഫറവോന്റെ മനസ്സൊരുക്കുന്നതിനും അതിനു തടസ്സം നിൽക്കുന്ന ഹൃദയകാഠിന്യം തകർക്കുന്നതിനുമായി യഹോവ ആ ദേശത്തു വരുത്തിയ മഹാമാരികളിൽ വെട്ടുക്കിളി ബാധയും ഉൾപ്പെടുന്നു. ശിക്ഷാവിധിയുടെ ഭാഗമായി മിസ്രയീമിൽ വെട്ടുക്കിളികൾ നിലം കാണാൻ കഴിയാതെവണ്ണം ഭൂതലത്തെ മൂടി ഇരുട്ടാക്കിയതും, പച്ചയായയാതൊന്നും ശേഷിപ്പിക്കാതെ എല്ലാം തിന്നു വെളുപ്പിച്ചതും അടങ്ങിയ വിവരണങ്ങളുടെ പശ്ചാത്തലത്തിൽ, ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വെട്ടുക്കിളി ബാധയുടെ സ്വഭാവത്തിനു അത്ഭുതകരമായ സമാനതകൾ കാണാം.

വെട്ടുക്കിളി ബാധയെപ്പറ്റി യോവേൽ പ്രവചനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. യൂദായിലും യെരുശലേമിലും ഉണ്ടായ കഠിനമായ വരൾച്ചയുടെയും വെട്ടുക്കിളി ബാധയുടെയും പശ്ചാത്തലത്തിലാണ് ഈ പ്രവചനങ്ങൾ നൽകിയിട്ടുള്ളത് ദൈവത്തിങ്കൽ നിന്നകന്ന് ആത്മീയമായി തകർന്ന ജനതയെ മാനസാന്തരത്തിലൂടെ തിരികെ കൊണ്ടുവരുന്നതിനുള്ള ആഹ്വാനവും (യോവേൽ 2:12-13), അനുതപിക്കുന്നവർക്കു ദൈവം ചൊരിയാനിരിക്കുന്ന അനുഗ്രഹങ്ങളെ സംബന്ധിച്ച വാഗ്ദാനങ്ങളുമാണല്ലോ പ്രവചനങ്ങളുടെ പ്രമേയം. യൂദയുടെ മേൽ ന്യായവിധിയായി പരിണമിക്കുന്ന കർത്താവിന്റെ ദിനത്തെപ്പറ്റിയും ഈ പ്രവചനങ്ങൾ പ്രസിദ്ധമാക്കുന്നുണ്ട്. സമ്പൂർണ്ണമായി മനംതിരിഞ്ഞുവന്നാൽ നഷ്ടപ്പെട്ടുപോയ വർഷങ്ങൾ സമൃദ്ധിയോടെ തിരികെ നൽകുമെന്നത് ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിയുടെ വെളി

---

ന്റെയും പഠനവിഷയത്തിന്റെയും തെറ്റായ സൗന്ദര്യബോധത്തിന്റെയും നേർത്ത നൂലിഴകളാണോ ഇവരെ ചേർത്തുനിർത്തുന്നതെന്നു ചോദിക്കേണ്ടിയിരിക്കുന്നു. പക്ഷേ *ഇവിടെ ഗൗരവതരമായ വിഷയം, മനുഷ്യബന്ധങ്ങളുടെ ഗുണപരത ആകുലതയാക്കേണ്ട മതങ്ങൾ ഇവയൊന്നും കണ്ടില്ലെന്ന മട്ടിലാണ് നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും ! സീതയുടെ അഭിമാനമല്ല, രാമന്റെ കുടികിടപ്പാണ് മതത്തിന്റെ പ്രശ്നം.* സ്ത്രീയുടെ നെടുവീർപ്പുകളിലെ പരിഷ്കരിച്ച സ്വത്തവകാശനിയമത്തിലെ മുൻകാല പ്രാബല്യമാണ് ക്രൈസ്തവ സഭയുടെ പ്രശ്നം. സ്ത്രീകൾക്ക് വോട്ടവകാശം പോലുമില്ലാത്ത സഭയിലെ നേതാവായ എനിയ്ക്കിതു പറയാൻ എന്തു ധാർമ്മികാവകാശം? വെല്ലുവിളിക്കൂ എന്നിലെ പുരുഷനെ, നമ്മുടെ ലോകത്തെ സർവ പുരുഷഭാവങ്ങളെയും. ●



# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്

## തുരുമ്പിച്ച വാളുകളും ജീർണ്ണിച്ച പരിചയും (തുടർച്ച)

തുരുമ്പിച്ച വാളുകളും ജീർണിച്ച പരിചയും തകർന്നടിഞ്ഞ ഒരു സാമൂഹ്യക്രമത്തിന്റെ സ്മാരകങ്ങളാണ്. ഒരു കാലത്ത് കളരികൾ നടത്തുകയും യോദ്ധാക്കളായി പോരാടുകയും ചെയ്ത നസ്രാണികൾക്കുണ്ടായ പരിണാമത്തിന്റെ ചരിത്രം കൂടിയാണവ. പാശ്ചാത്യരുടെ വരവോടെ കളരികളുടെ പ്രസക്തി നഷ്ടപ്പെട്ടു തുടങ്ങി. വാളിനും പരിചയ്ക്കും പകരം തോക്കുകൾ സ്ഥാനമുറപ്പിച്ചു. കേരളത്തിൽ നിലനിന്ന യുദ്ധസമ്പ്രദായത്തിനു തന്നെ സമൂല മാറ്റം സംഭവിച്ചു. അതുകൊണ്ട് കളരി നടത്തിയിരുന്ന ക്രൈസ്തവരും അല്ലാത്തവരുമായ കളരിപ്പണിക്കർമാരുടെ പ്രസക്തി ഇല്ലാതാവുകയാണുണ്ടായത്. അത് ക്രമേണ ക്ഷയിച്ച് പൂർണ്ണമായി ഇല്ലാതാകാൻ കുറെക്കാലമെടുത്തെന്നു മാത്രം.

മാർത്താണ്ഡവർമ്മയുടെ ദിഗ്‌വിജയമാണ് ഈ മാറ്റത്തിന് ആക്കം കൂട്ടിയത്. ചെമ്പകശ്ശേരി, കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, മാടത്തിൻകൂർ തുടങ്ങിയ രാജ്യങ്ങളിലെ നാടുവാഴികളാണ് നസ്രാണികളുടെ ആയോധനാ ചാതുര്യം പ്രയോജനപ്പെടുത്തിയിരുന്നത്. അവർക്കു സ്ഥാനഭ്രംശമുണ്ടായപ്പോൾ നസ്രാണി പടയാളികൾ തൊഴിൽരഹിതരായി. കൂടാതെ, പ്രത്യേക സേവനങ്ങൾക്കും മറ്റും ലഭിച്ചിരുന്ന ആനുകൂല്യങ്ങളില്ലാതായി. ആയോധനാ ചാതുര്യത്തിനു വിലയില്ലാതെ വന്നപ്പോൾ ആയുധാഭ്യാസത്തിൽ ശ്രദ്ധയില്ലാതായി. മാർത്താണ്ഡവർമ്മ രാജാവ് നസ്രാണികളെ സൈന്യത്തിൽ എടുത്തിരുന്നുവെന്നത് തള്ളിക്കളയാനാവില്ല. ശങ്കുണ്ണിമേനോൻ എഴുതിയ തിരുവിതാംകൂർ ചരിത്രത്തിൽ ഇതെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അമ്പലപ്പുഴ രാജാവുമായി മാർത്താണ്ഡവർമ്മ നടത്തിയ യുദ്ധത്തിൽ നായർ പട്ടാളം പരിഭ്രാന്തരായപ്പോൾ ആ പ്രതിസന്ധിയിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചത് ഒരു ക്രിസ്ത്യൻ സൈനിക ദളമായിരുന്നു. എന്നാൽ യുദ്ധമവസാനിച്ചപ്പോൾ പഴയ പരിഗണനകൾ തുടരാനാവാതെയായി. ഇതു സ്വാഭാവികമായിരുന്നു. കൊച്ചുരാജ്യങ്ങളിൽ നിന്നു ലഭിച്ചുകൊണ്ടിരുന്ന പ്രോത്സാഹനമോ അംഗീകാരമോ പുതിയ സംവിധാനത്തിൽ തുടരാനായില്ല. മാർത്താണ്ഡവർമ്മയുടെ സൈന്യത്തിന്റെ കേന്ദ്രബിന്ദു തിരുവനന്തപുരവും പ്രാന്തപ്രദേശങ്ങളുമായിരുന്നതിനാൽ വടക്കുള്ള നസ്രാണികൾ സൈനിക സേവനങ്ങളിൽ ഒരളവുവരെ തള്ളപ്പെട്ടുവെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഇത് സാമ്പത്തികമായും സാമൂഹികമായും ക്രൈസ്തവരെ ക്ഷീണിപ്പിച്ചു. മാത്രമല്ല, ബ്രാഹ്മണരുടെ സ്വാധീനം രാജകൊട്ടാരത്തിൽ വർദ്ധിക്കുകയും ഹൈന്ദവേതര സമൂഹത്തിന് ഭരണതലത്തിലുള്ള പങ്ക് കുറയുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു ഇത്.

കൂനിന്മേൽ കുരുവെന്ന പോലെ വാണിജ്യരംഗത്തും നസ്രാണികൾ ഒരു പ്രതിസന്ധി അഭിമുഖീകരിക്കുകയായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വങ്ങൾക്കോ, ഭൂപ്രഭുക്കളായ ജന്മിമാർക്കോ ആയിരുന്നു. ക്രൈസ്തവർക്കു സ്വന്തമായി ഭൂമിയുണ്ടായിരുന്നെങ്കിലും ബഹുഭൂരിപക്ഷവും കുടികിടപ്പുകാരായ കർഷകരായിരുന്നു. ചുരുക്കത്തിൽ, പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രകടമായ ഈ ശോഷണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതി വരെ തുടർന്നു. 1811 മുതൽ 1815 വരെ തിരുവിതാംകൂറിലെ ദിവാനായി ചുമതലയേറ്റ കേണൽ മണ്റോ ക്രൈസ്തവരുടെ ഉന്നമനത്തിനായി പല നടപടികളും സ്വീകരിക്കുകയുണ്ടായി. സർക്കാർ സർവീസിൽ ക്രൈസ്തവർക്കു പങ്കില്ലായിരുന്നുവെന്നു തന്നെ പറയാം. പുതിയ ജുഡീഷ്യൽ സംവിധാനം അദ്ദേഹം നടപ്പാക്കിയപ്പോൾ എല്ലാ ജില്ലാക്കോടതിയിലും ക്രിസ്ത്യൻ ജഡ്ജിമാരെയും നിയമിക്കണമെന്ന് അദ്ദേഹം ഉത്തരവിട്ടു. അങ്ങനെ ജുഡീഷറിയിൽ കയറിപ്പറ്റിയ ജഡ്ജിമാർക്ക് അധിക കാലം തുടരാനായില്ല. കേണൽ മണ്റോ ജോലിയിൽ നിന്നു പിരിഞ്ഞപ്പോൾ അവർ നിഷ്കാസിതരാകയും ചെയ്തു. ഈ വസ്തുത സംഭവങ്ങളുടെ കിടപ്പ് എന്താണെന്നു വ്യക്തമാക്കുന്നു.

ന്നു. തിരുവിതാംകൂറിനെയും കൊച്ചിയെയും സംബന്ധിച്ചിടത്തോളം വാണിജ്യത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് നസ്രാണികളായിരുന്നു. കുരുമുളകു കച്ചവടത്തിന്റെ കുത്തക നസ്രാണികൾക്കായിരുന്നു. പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് കമ്പനികളുടെ വരവോടെ കമ്പനി വിലയ്ക്ക് കുരുമുളക് അവരെ ഏല്പിക്കണമെന്ന നില വന്നു കൂടി. കാലക്രമേണ കുരുമുളകു വ്യാപാരത്തിന്റെ കുത്തക സംസ്ഥാനം ഏറ്റെടുത്തതോടെ പ്രതിസന്ധി കുറെക്കൂടെ രൂക്ഷമായി. വാളും പരിചയും മാത്രമല്ല, നസ്രാണിയുടെ വെള്ളിക്കോലും പിടിവിട്ട നിലയിലായി. വാണിജ്യരംഗത്ത് ക്രൈസ്തവസാന്നിധ്യം തുടർന്നുവെങ്കിലും പഴയനില വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല. കപ്പലോട്ടവും വിദേശവ്യാപാരവും കൈമുതലാക്കിയ മാത്തുതരകനെപ്പോലുള്ള ചിലർ നേട്ടങ്ങൾ കൈവരിച്ചുവെന്നത് സത്യം തന്നെ. മഹാരാജാവിനു കാഴ്ചകൾ നേർന്ന് പലരും തരകൻസ്ഥാനവും മറ്റു സ്ഥാനമാനങ്ങളും നേടിയെടുക്കുകയും ചെയ്തു. എന്നാൽ ബഹുഭൂരിപക്ഷം സുറിയാനി ക്രിസ്ത്യാനികളും സുസ്ഥിരതയില്ലാത്ത സാമ്പത്തികസ്ഥിതിയിൽ ഒതുങ്ങി നിന്നുവെന്ന വാസ്തവം മറച്ചുവയ്ക്കാനാവില്ല.

ഈ ചുറ്റുപാടിലാണ് കച്ചവടത്തിൽ നിന്ന് കൃഷിയിലേക്കു ശ്രദ്ധ തിരിഞ്ഞത്. ഇവിടെയും പ്രശ്നങ്ങൾ നിരവധിയായിരു

ഈ ദുരവസ്ഥ ക്രൈസ്തവരെ ചൂഷണം ചെയ്യുന്നതിന് വഴിതെളിച്ചുവെന്നു പറയാം. സ്ത്രീകളെക്കൊണ്ട് ക്ഷേത്രാവശ്യങ്ങൾക്കായി നെല്ലു കുത്തിക്കുക, ഉത്സവസമയം സദ്യ നടത്തുന്നതിന് സർക്കാർ പറയുന്ന വിലയ്ക്ക് സാധനങ്ങളെത്തിക്കുക, തേരു വലിച്ചുകൊണ്ടുപോകുവാൻ ക്രൈസ്തവരെ നിർബന്ധിക്കുക എന്നിത്യാദി കാര്യങ്ങളിൽ ക്രൈസ്തവർക്കു വേദനയുണ്ടാകുംവിധം ചില ഹൈന്ദവനേതാക്കൾ കരുനീക്കങ്ങൾ നടത്തിയെന്ന വസ്തുത വേദനാജനകമാണ്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ഇക്കാര്യത്തിലെടുത്ത ധീരമായ കാൽവയ്പാണ് ഈ വിലക്കുകൾ നീക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

തുരുമ്പിച്ച വാളുകൾക്കും ദ്രവിച്ച പരിചയ്ക്കും ഇന്നു പ്രസക്തിയില്ല. പക്ഷേ ഒരു കാലത്ത് അവയിലൂടെ നൽകിയ രാജ്യസേവനത്തിന്റെ കഥ മറക്കാനാവില്ല. അധികാരത്തിൽ പങ്കാളിത്തമില്ലാത്ത അവസ്ഥ ഒരു സമുദായത്തെ ദുർബലപ്പെടുത്തുമെന്നും ആ അവസ്ഥ ചൂഷണം ചെയ്ത് പങ്കാളിത്തമുള്ള ഒരു സമൂഹത്തിനു ഭീഷണിയായി ചില ശക്തികൾ ഉയർന്നുവരുമെന്നും നാം മനസ്സിലാക്കേണ്ടതാണ്. ●

---

പ്പെടുത്തലാണ്.

വിമാനങ്ങളുപയോഗിച്ചുള്ള മരുന്നുതളി കൊണ്ടു മാത്രമേ വെട്ടുക്കിളികളെ നിയന്ത്രിക്കാൻ സാധിക്കൂ. നിയന്ത്രണമാർഗ്ഗങ്ങൾ യഥാസമയം സ്വീകരിക്കുന്നതോടൊപ്പം, കടുത്ത ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെങ്കിലും വെട്ടുക്കിളികളെ ഭക്ഷണമായി ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ഗവേഷണപഠനങ്ങളും ആഗോളതലത്തിലാരംഭിക്കുന്നത് അഭികാമ്യമായിരിക്കും. ശാപങ്ങളെ അനുഗ്രഹമാക്കി മാറ്റാൻ കർത്താവിനു സാധിക്കുമല്ലോ. വെട്ടുക്കിളികളെ ഭക്ഷ്യയോഗ്യമായി ലേവ്യപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. യോഹന്നാൻ സ്പാകന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നല്ലോ. വിട്ടിലുകൾ, ഈയാംപാറ്റകൾ, ശലഭങ്ങൾ എന്നിവയെ ഭക്ഷണമായി ചില രാജ്യങ്ങളിൽ ഉപയോഗിക്കുന്നുമുണ്ട്. ●

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## സ്വാതന്ത്ര്യമെന്ന അമൃതം

സ്വാതന്ത്ര്യത്തെ അമൃതമെന്നു വിശേഷിപ്പിച്ചു, മഹാകവി കുമാരനാശാൻ. മരണമില്ലാത്ത അവസ്ഥയെന്നാണ് അമൃതശബ്ദത്തിനർത്ഥം. ദേവന്മാരെ ജനനമരണങ്ങൾക്കതീതരാക്കുന്ന വിശിഷ്ടഭോജ്യമായി പുരാണങ്ങൾ അമൃതത്തെ സങ്കല്പിക്കുന്നു. ആ സങ്കല്പമാകണം സ്വാതന്ത്ര്യത്തെ അമൃതമായിക്കാണാൻ കുമാരനാശാനു നൽകിയ പ്രേരണ. പാരതന്ത്ര്യം മൃതിയെക്കാൾ ഭയാനകമാണെന്നും അദ്ദേഹം പറയുന്നുണ്ട്.

ഭാരതീയ സ്വാതന്ത്ര്യം അൻപത്തേഴു വർഷം പിന്നിട്ട ശുഭവേളയിൽ അത്തരം ഉദാത്ത ചിന്തകളെക്കാൾ നഷ്ടസ്വപ്നങ്ങളെപ്പറ്റിയുള്ള പരാതികളും നിത്യദുഃഖങ്ങളെച്ചൊല്ലിയുള്ള പരിഭവങ്ങളുമാണു നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ പലതിലും ഉള്ളത്. ആർക്ക് ആരിൽ നിന്നു കിട്ടി സ്വാതന്ത്ര്യം, എന്നു ചോദിക്കുന്നു 'അമ്മ' മാസിക. ഇന്ത്യയെ തങ്ങളുടെ ഏറ്റവും നല്ല കോളണിയാക്കാമെന്നു സ്വപ്നം കണ്ടിരുന്നു ബ്രിട്ടീഷുകാർ. 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയതോടെ ആ സ്വപ്നം അവർക്കു നഷ്ടമായി. നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള മാർഗ്ഗമായിരുന്നു ജനാധിപത്യം. പക്ഷേ, ജനങ്ങളിൽ വലിയൊരു വിഭാഗം ദാരിദ്ര്യരേഖയ്ക്കു താഴെയായിരിക്കുമ്പോൾ ജനാധിപത്യം കൊണ്ട് എന്തു ഗുണമെന്ന് 'അമ്മ' ചോദിക്കുന്നു. ആയിരങ്ങളുടെ രക്തം വീണും പകയും സ്വാർത്ഥതയും ഭീകരവാദവും ഭീതിദമാക്കിയും, അസത്യവും അധർമ്മവും പെരുകിയും വിതുമ്പുന്നതാക്കുന്ന ഒരു ഇന്ത്യയുടെ ചിത്രമാണ് 'വിമോചനം' നൽകുന്നത്. അത്രതന്നെ നിരാശാപൂർണ്ണമല്ല 'കുടുംബജ്യോതിസ്സിന്റെ' സമീപനം. ആശിച്ച അളവിലുള്ള പുരോഗതി സ്വതന്ത്ര ഇന്ത്യയ്ക്കു കൈവന്നിട്ടില്ലെന്നതു ശരിതന്നെ. പക്ഷേ, ലോകത്തിലെ മികച്ച ജനാധിപത്യരാജ്യങ്ങളിലൊന്നെന്ന പദവി ഇന്ത്യ നേടിയിട്ടുണ്ട്. ശാസ്ത്രീയ-വ്യാവസായിക-വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലുമുണ്ട് പുരോഗതി. ആ നിലയ്ക്ക് ജാഗ്രതയോടെ നാം കാത്തുസൂക്ഷിക്കേണ്ടതാണു നമ്മുടെ സ്വാതന്ത്ര്യമെന്ന് 'കുടുംബജ്യോതിസ്' അനുസ്മരിപ്പിക്കുന്നു. ഈ വീക്ഷണഗതി മറ്റു ചില പ്രസിദ്ധീകരണങ്ങളിലും കാണാം. സ്വന്തം സൗഭാഗ്യങ്ങളല്ല, വരും തലമുറകളുടെ നന്മകളാഗ്രഹിച്ചവരാണ് സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ച സമരനായകർ. അവർ നമുക്കു മാതൃകയാകണമെന്നും എന്തിന്റെയും ഫലം അപ്പോൾത്തന്നെ വേണമെന്ന ശാഠ്യം ദർശനരാഹിത്യത്തെയാണ് വെളിപ്പെടുത്തുന്നതെന്നും 'സുവിശേഷദൂതൻ'.

ഓഗസ്റ്റ് ലക്കം സ്വാതന്ത്ര്യദിനപ്പതിപ്പായി പ്രസിദ്ധപ്പെടുത്തിയ 'ഐക്യദീപ'ത്തിൽ ക്രൈസ്തവസഭയുടെ രാഷ്ട്രീയ സമീപനമാണ് ചിന്താവിഷയം. അതുമായി ബന്ധപ്പെട്ട് സഭാമേലദ്ധ്യക്ഷന്മാർ പങ്കെടുക്കുന്ന ചർച്ച. സഭയും രാഷ്ട്രീയവുമായുള്ള ബന്ധത്തിൽ അപകടകരമായ ചില പ്രവണതകൾ വളർന്നു വരുന്നതായി സൂചനകളുണ്ടെങ്കിലും സഭ രാഷ്ട്രീയത്തിൽ സജീവ പങ്കു വഹിക്കണമെന്ന അഭിപ്രായമാണ് സഭാദ്ധ്യക്ഷന്മാർക്കുള്ളത്. സ്വാർത്ഥതയും ലാഭക്കൊതിയും രാഷ്ട്രീയപ്രവർത്തകരിൽ ഭയാനകമായ മൂല്യച്യുതി വരുത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നിക്ഷിപ്തതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുപകരം ക്രിസ്തീയ ആദർശങ്ങളും മൂല്യങ്ങളും രാഷ്ട്രീയത്തിൽ പ്രസരിപ്പിക്കാനാകണം അതെന്നു മാത്രം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യശില്പിയായിരുന്ന മഹാത്മാഗാന്ധി വിഭാവനം ചെയ്ത സ്വാതന്ത്ര്യം കേവലം ബ്രിട്ടീഷാധിപത്യത്തിൽ നിന്നുള്ള മോചനമോ രാഷ്ട്രീയത്തിൽ ഒതുങ്ങി നിൽക്കുന്നതോ ആയിരുന്നില്ല. ശുദ്ധസുന്ദരമായ മാനവികതയാണ് അദ്ദേഹം ലക്ഷ്യമിട്ടത്. അഹിംസയായിരുന്നു അതിന് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം. ഹിംസ അപരിഷ്കൃത മാർഗ്ഗമാണ്. ശാരീരികശക്തിയെ കേന്ദ്രീകരിച്ചുള്ളതാണത്. അഹിംസാ മാർഗ്ഗത്തിലാകട്ടെ, നാം പരസ്പരം പങ്കുവയ്ക്കേണ്ട സ്നേഹമാണ് കേന്ദ്രബിന്ദു. അതിൽ നിന്ന് ഉറവെടുക്കുന്ന ദയയും കാരുണ്യവും സന്മനോഭാവവുമാണ് സ്വാതന്ത്ര്യത്തെ സാർത്ഥകമാക്കുന്നത്. സ്വാതന്ത്ര്യദിനം നാം പിന്നിടുമ്പോൾ നമ്മുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിക്കുകയും ജീവിതം ബലിയർപ്പിക്കുകയും ചെയ്തവരെ നാം നന്ദിയോടെ ഓർമ്മിക്കുക. ആ ഓർമ്മകൾ ഉണർത്തുന്ന ചൈതന്യധാരയിലൂടെ എല്ലാ ക്ലേശങ്ങളിൽ നിന്നും മോചിപ്പിക്കുന്നതും ഭൂമിശാസ്ത്രപരമോ വർഗ്ഗപരമോ മതപരമോ ആയ അതിർവരമ്പുകളുടെ ചങ്ങലക്കെട്ടുകളില്ലാത്തതുമായ ഒരു ലോകത്തിനായി യത്നിക്കുക. എല്ലാ ദിക്കുകളും എന്റെ സുഹൃത്തുക്കളാകട്ടെ എന്ന ഋഗ്വേദമന്ത്രം നമ്മുടെ മനസ്സിന്റെ പ്രകാശമാകണം. ആ പ്രകാശധാരയിലൂടെ സ്വാതന്ത്ര്യത്തിന്റെ സമുന്നത മേഖലകളിലേക്കു നമുക്കു നീങ്ങാം.

സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന് യേശു പറഞ്ഞു. എന്താണു സത്യം? ദൈവം തന്നെ. എന്നു വച്ചാൽ, സമസ്ത നന്മകളുടെയും സമാഹാരം. സ്വാതന്ത്ര്യം നന്മയുടെ പാതയിലൂടെയുള്ള മുന്നേറ്റമാണ്. അതാണ് സ്വാതന്ത്ര്യത്തെ അമൃതമാക്കുന്നത്. ●

## THE IMAGE OF THE CROSS

Nestled deep in the Rocky Mountains of North America stands a rugged peak. For nine months each year it lies robed in snow, indistinguishable from a dozen others surrounding it. But as summer arrives and the air warms, the mountain slowly sheds its blanket of white, revealing a massive emblem. High above the neighbouring valleys, a 1100 ft. vertical gouge bisects a 400 ft. horizontal groove, forming an almost perfect image of the cross of Christ. This sight is so impressive that the famous American artist Thomas Moran visited the mountain to paint it in 1875. The peak is aptly named "The Mountain of the Holy Cross." In winter, only an expert could single out this particular peak from those around it. But in summer, any child could look at these mountains and easily choose "the one with the cross on it." The only real difference in this mountain and all the others is the enormous image etched into its face.

**We spend much of our lives creating a thick layer of 'achievements.' We climb the career ladder, push our kids to excel, move to a better neighbourhood, pursue another degree, all in the hope that we will somehow become more popular, wealthy, powerful, or influential.** Like a thick blanket of snow our conquests and achievements cover us, deposit one tiny flake at a time until we are totally obscured. For many of us, self-esteem and self-worth come from what we have accomplished or how much we can buy or whom we know. Yet one day we will awaken to a new reality, an endless day in which all our values will be turned upside down. All that we have done, said, created, bought, and built will be brushed away, melted like snow under the gaze of our eternal Father. **Deep within each one of us He will seek one thing, the only thing He truly cares about : the imprint of the cross, the mark of His Son. Nothing else matters to Him. And on that day, nothing else will matter to you. Do you possess the one thing that really matters?** *(author unknown)*



# കുട്ടികളിൽ ആത്മാഭിമാനം വളരട്ടെ

ജോർജ് ബഹനാൻ ടി. (കൗൺസലർ & തെറാപ്പിസ്റ്റ്)

അറിയപ്പെടുന്ന ഒരു CBSE സ്കൂളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിയാണ് ഗിരീഷ്. കണക്ക് ട്യൂഷനെടുക്കുന്ന ടീച്ചറാണ് അവന് കൗൺസലിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയത്. പഠിത്തത്തിൽ മിടുക്കനാണ്, പക്ഷേ ശ്രദ്ധയില്ല. പഠിക്കുന്നതിനിടെ മേശവിരിയിൽ വരയ്ക്കും, അത് കീറും. വല്ലാത്ത അസ്വസ്ഥത. ഗിരീഷ് ഹൃദയം തുറന്ന് സംസാരിച്ചപ്പോൾ രസകരവും വേദനാജനകവുമായ കാര്യങ്ങളാണ് തുറന്നുപറഞ്ഞത്. 2 മണിക്ക് സ്കൂൾ വിട്ടാൽ 10 കി.മീ. സ്കൂൾ ബസ്സിൽ സഞ്ചരിച്ച് ട്യൂഷൻ സാറിന്റെ വീട്ടിലെത്തും. 3 മണി വരെ കണക്കിന് ട്യൂഷൻ. അവിടെ നിന്ന് നേരെ ഇംഗ്ലീഷിനു ട്യൂഷൻ. ആറു മണിക്ക് വീട്ടിൽ ചെല്ലുമ്പോൾ ട്യൂഷൻ മാസ്റ്റർ നോക്കിയിരിക്കയാണ്. അങ്ങനെ 9 മണി വരെ ട്യൂഷൻ, ചിലപ്പോൾ 11 മണി വരെയും. ഹിസ്റ്ററി ഉൾപ്പെടെ 9 വിഷയങ്ങൾക്ക് ട്യൂഷനുണ്ട്. ഗിരീഷന്റെ മുഖത്ത് ചിരിയില്ല. പതിഞ്ഞ ശബ്ദം. യാതൊരു ഭാവഭേദങ്ങളുമില്ലാത്ത മുഖം. അദ്ധ്യാപികയായ സ്വന്തം അമ്മയ്ക്ക് ഗിരീഷിനെപ്പറ്റി ഒരു കരുതലുമില്ല. പക്ഷേ കണക്കിന് ട്യൂഷനെടുക്കുന്ന അദ്ധ്യാപികയല്ലാത്ത, അഭ്യസ്തവിദ്യയായ വീട്ടമ്മ ഗിരീഷിന്റെ അവസ്ഥയെപ്പറ്റി ബോധവതിയായി എന്നതാണ് ഏറെ ആശ്ചര്യം. അതാണ് ഗിരീഷിനെ രക്ഷപ്പെടുത്തിയത്. നല്ല മാർക്ക് കിട്ടണമെന്നു മാത്രം ചിന്തയുള്ള മാതാപിതാക്കൾക്ക് കുട്ടികളുടെ മാനസികാവസ്ഥയെപ്പറ്റി ഒരു വിവരവുമില്ല. ഇവിടെ ഗിരീഷിനെപ്പോലെ പരശ്ശതം കുട്ടികൾ ക്രിമിനലുകളാകുന്നു, അല്ലെങ്കിൽ മാനസിക രോഗികളാകുന്നു. കുട്ടികളുടെ മനസ്സുകളെ അറിയുക; അവരുടെ സ്വകാര്യതകളെ മാനിക്കുക, അവരുടെ വ്യക്തിത്വത്തെ മാനിക്കുക. ഇതൊന്നും ചെയ്യാത്ത മാതാപിതാക്കൾ തീർച്ചയായും ദുഃഖിക്കേണ്ടി വരും.

സുപ്രസിദ്ധ മനഃശാസ്ത്രജ്ഞൻ എറിക് എറിക്സന്റെ വാക്കുകൾ ശ്രദ്ധിക്കുക. The most deadly of all possible sins is the mutilation of a child's spirit. നമ്മൾ ഈ ആത്മാവിനെത്തന്നെയല്ലേ നശിപ്പിക്കുന്നത്. കുട്ടികളെ പരീക്ഷണത്തിനും പരിശീലനത്തിനുമുള്ള വസ്തുവായി മാത്രം നാം കാണരുത്. അവർക്ക് ആത്മാവുണ്ട്, ആത്മാഭിമാനമുണ്ട്, വ്യക്തിത്വമുണ്ട്. ഇത് വളർത്തിയെടുക്കുക. അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും പ്രഥമവും പ്രധാനവുമായ കടമ ഇതു മാത്രമാണ്. അവരവരെപ്പറ്റി മതിപ്പും ശുഭാപ്തി ചിന്തകളുമില്ലാത്ത കുട്ടികൾ ജീവിതത്തിൽ വിജയിക്കില്ല.



സ്വന്തം കഴിവുകളെപ്പറ്റി ഒരു അവബോധമുണ്ടാക്കുന്നതും, അതിനെ താലോലിക്കുന്നതും അതിൽ അഭിമാനം കൊള്ളുന്നതും അവന്റേതായ രീതിയിൽ ചിന്തിക്കുന്നതും കുട്ടികളുടെ സ്വാതന്ത്ര്യമാണ്. ഇതവന്റെ ജന്മാവകാശമാണ്. ഇതിൽ കൈകടത്താൻ മുതിർന്നവർക്കാർക്കും സ്വാതന്ത്ര്യമില്ല; അവകാശമില്ല. കഴിവുകളില്ലാത്ത ഒരു കുട്ടിയേയും ദൈവം സൃഷ്ടിച്ചിട്ടില്ല. എല്ലാ കുട്ടികൾക്കും ഒരു ദിവ്യത്വം ഉണ്ട്. അതിനെ നാം ബഹുമാനിക്കണം. അല്ലെങ്കിൽ അവർ മറ്റുള്ളവരുടെ ദിവ്യത്വത്തെ മാനിക്കില്ല. ഇവിടെയാണ് എല്ലാ പ്രശ്നങ്ങളുടെയും തുടക്കം. അന്യോന്യം ബഹുമാനിക്കാത്ത, കരുതാത്ത, സ്നേഹിക്കാത്ത ഒരു തലമുറയുടെ തുടക്കം നമ്മുടെ ഭവനങ്ങളിൽ തന്നെ. കുട്ടികളെ ബലിയാടുകളും കരുക്കളും ആക്കാതിരിക്കൂ. അവർ വളരട്ടെ. തനിക്ക് കഴിവില്ല, തന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്ന വിരുദ്ധ വികാരത്തിലേക്ക് അവരെ എത്തിക്കരുത്. അവനവനെപ്പറ്റി മോശമായി ചിന്തിക്കുന്നതിനെക്കാൾ വലിയൊരു ശാപം ഒരു കുട്ടിക്കുമില്ല. അങ്ങനെ ചിന്തിക്കാനുള്ള ഒരു അന്തരീക്ഷമാണ് വീട്ടിലും സ്കൂളിലും നാം സദാ സൃഷ്ടിക്കുന്നത്. അക്ഷരങ്ങൾ പഠിപ്പിച്ചതുകൊണ്ട് ആത്മാഭിമാനം ഉണ്ടാകില്ല. പണവും പ്രതാപവും അവസരങ്ങളും ഒന്നും കുട്ടികളുടെ മനസ്സിൽ ആത്മാഭിമാനമുളവാക്കില്ല.

ജോഷിയുടെ അച്ഛന്റെ ജോലി തൊണ്ട് ചുമക്കുകയാണ്. അമ്മയ്ക്ക് ജോലിയില്ല. പഠിക്കാനുള്ള ഒരു സാഹചര്യവും വീട്ടിലില്ല. പഠനമെല്ലാം വീടിന്റെ മുൻപിലുള്ള പ്ലാവിന്റെ ചുവട്ടിൽ. പക്ഷേ റാങ്ക് വാങ്ങിത്തന്നെ അയാൾ കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടി. സ്കോളർഷിപ്പോടു കൂടി അയാൾ കാനഡയിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുത്തു. അവിടെ ശാസ്ത്രജ്ഞനായി ജോലി നോക്കുന്നു. ഏതു പ്രതികൂല സാഹചര്യത്തിലും കുട്ടികളുടെ ഉള്ളിന്റെയുള്ളിൽ ഉൽഭൂതമാകുന്ന 'എന്നെയും കൊള്ളാം' എന്ന ശക്തമായ അലകൾ അഗ്നിപർവ്വതം പോലെ ഉള്ളിൽ പ്രവർത്തിച്ച് ഒരു സമയത്ത് വിജയത്തിന്റെ അഗ്നിജ്വാലകളായി പുറത്തുവരും.

ഓലപ്പുരയിലേക്ക് ഒന്നാം റാങ്ക്, ചെറ്റക്കുടിലിൽ റാങ്കിന്റെ വെളിച്ചം, അന്ധനായ മഹേഷിന് ഒന്നാം റാങ്ക്. കൈയില്ലെങ്കിലും കാൽ കൊണ്ട് ചിത്രങ്ങൾ വരയ്ക്കുന്നു, പരീക്ഷയ്ക്ക് എഴുതുന്നു. ക്യാരംസ് കളിച്ച് മറ്റുള്ളവരെ തോല്പിക്കുന്നു, കംപ്യൂട്ടർ ഉപയോഗിക്കുന്നു. കൃത്രിമക്കാലുപയോഗിച്ച് ഹൈജംബിൽ ചാമ്പ്യനാകുന്നു. ഇതെല്ലാം നമ്മുടെ പത്രവാർത്തകളാണ്. ലോകപ്രശസ്തയായ ഹെലൻ കെല്ലറിന് ആമുഖം ആവശ്യമുണ്ടോ. നീന്തൽ കുളത്തിൽ ചാടി പരിക്കേറ്റ് കഴുത്തിന് താഴോട്ട് തളർന്ന ശരീരവുമായി ചരിത്രം സൃഷ്ടിക്കുന്ന ജോനി എറിക്സൺ റ്റാഡ വായിൽ ബ്രഷ് കടിച്ചുപിടിച്ച് അനേകായിരം ചിത്രങ്ങൾ വരച്ചു, ധാരാളം പുസ്തകങ്ങൾ രചിച്ചു, നാൽപ്പതിലധികം രാജ്യങ്ങളിൽ അവർ ചുറ്റി സഞ്ചരിച്ച് മറ്റുള്ളവർക്ക് പ്രചോദനം കൊടുക്കുന്നു. ആത്മാഭിമാനം സൃഷ്ടിച്ച വിജയങ്ങളാണിതെല്ലാം. അതിരുകളില്ലാത്ത വിജയത്തിന്റെ തുടക്കം കൊച്ചുകുട്ടികളിൽ നാം ഉണ്ടാക്കിയെടുക്കുന്നത് 'എന്നെയും കൊള്ളാം' എന്ന മനോഭാവത്തിൽ നിന്നാണ്. ഒന്നോ രണ്ടോ വയസ്സുതൊട്ട് നാം കുട്ടികളെ വർത്തമാനം പറയാൻ പഠിപ്പിച്ചു തുടങ്ങും. കുട്ടി ഒരു വാക്ക് പറഞ്ഞാൽ അമ്മയ്ക്ക് വലിയ

# ദേശീയ മിത്തുകൾ

ഡോ. മിസ്സസ് അന്നമ്മ ജോർജ്

സന്തോഷം. പക്ഷേ സംസാരിച്ചു തുടങ്ങിയാൽപ്പിന്നെ അവൻ കേൾക്കുന്നത് 'മിണ്ടരുത്', 'ഒച്ച വയ്ക്കരുത്', 'കരയരുത്'. അടികൊള്ളുമ്പോൾ കരയാൻപോലും കുട്ടികൾക്ക് അവകാശമില്ല! നാം കുട്ടികളോട് പറയുന്ന വാക്കുകൾ മണ്ടൻ, മടയൻ, ചീത്തകുട്ടി, വിഡ്ഢി-നീ ഗുണം പിടിക്കില്ല, ശരിയാകത്തില്ല. നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല. ഇങ്ങനെ പോകുന്നു. ഇതെല്ലാം കുട്ടികളുടെ ആത്മാഭിമാനത്തെ ബാധിക്കുന്നു.

അതുപോലെ കുട്ടികളെ തൊട്ടതിനും പിടിച്ചതിനും കുറ്റം പറയുക. കുറ്റം പറഞ്ഞാൽ കുട്ടികൾ നന്നാകും എന്നൊരു മിഥ്യാബോധം നമുക്കുണ്ട്. തെറ്റുകൾ ചൂണ്ടിക്കാണിക്കാം. പക്ഷേ ശരിയായിട്ടുള്ളതു ചെയ്യാൻ അവനെ പ്രേരിപ്പിക്കുകയാണാവശ്യം. കുട്ടികളെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്നത് മാതാപിതാക്കളുടെ സ്ഥിരം പതിവാണ്. ഇതവന് ദോഷം മാത്രമേ ചെയ്യുകയുള്ളൂ. സ്വന്തക്കാർക്കോ നാട്ടുകാർക്കോ റാങ്കോ, ഉയർന്ന മാർക്കോ, ഐ.എ.എസോ കിട്ടിയാൽ നമ്മുടെ കുട്ടികളുടെ കാര്യം കഷ്ടത്തിലാകും. നിനക്കും അതുപോലെ പഠിച്ചാലെന്താ എന്നാകും മാതാപിതാക്കളുടെ കമന്റ്. കുട്ടികളുടെ കുറ്റം മറ്റുള്ളവരുടെ മുമ്പിൽ വിളമ്പാൻ മാതാപിതാക്കൾക്ക് ഒരു മടിയുമില്ല. ഇതൊക്കെ അവരുടെ ആത്മാഭിമാനത്തെയാണു ബാധിക്കുക. നമ്മുടെ കുട്ടികളും മിടുക്കരാകും, സംശയം വേണ്ട.

ഉത്തരവാദിത്വങ്ങളൊന്നും നാം കുട്ടികൾക്കു കൊടുക്കാറില്ല. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കട്ടെ, മണ്ടത്തരങ്ങൾ കാണിക്കട്ടെ. അതിൽ നിന്ന് അവർ പഠിക്കട്ടെ. വീട്ടിലെ എല്ലാ ജോലികളും കുട്ടികളും ചെയ്യട്ടെ. വീഴാതെ നടക്കാൻ പഠിക്കില്ലല്ലോ. കുട്ടികളെ തോളിൽ തട്ടി അഭിനന്ദിക്കുക. അവരോടൊപ്പം ധാരാളം സമയം ചിലവഴിക്കുക. അവർ പറയുന്നത് വളരെ ഗൗരവത്തോടെ ശ്രദ്ധിക്കുക. ഇതവരുടെ ആത്മാഭിമാനത്തെ ഊട്ടിയുറപ്പിക്കും.

മറ്റുള്ളവരുടെ കുറ്റം കുട്ടികളുടെ മുമ്പിൽ വച്ച് പറയാതിരിക്കുക. നാട്ടുകാരുടെയും വീട്ടുകാരുടെയും കുറ്റം സ്ഥിരമായി മക്കളോടു പറയുന്ന മാതാപിതാക്കളുണ്ട്. ഇവർക്ക് അയ്യോ കഷ്ടം! കുട്ടികളുടെ മനസ്സിൽ സാവധാനം വിഷം കുത്തിവയ്ക്കുന്നവരാണിവർ. തന്നിലും മറ്റുള്ളവരിലുമുള്ള വിശ്വാസം ഇവർക്ക് നഷ്ടപ്പെടാൻ ഇതിടയാക്കും. മറ്റുള്ളവരിലെ നന്മ കണ്ടെത്താനുള്ള പരിശീലനമാണ് നാം കുട്ടികൾക്കു കൊടുക്കേണ്ടത്. ഞാനും കൊള്ളാം, നീയും കൊള്ളാം എന്ന ആരോഗ്യപരമായ നിലപാടിൽ അവർ എത്തിച്ചേരും. വിധി, ശാപം, തലയിലെഴുത്ത്, ഭാഗ്യം, മുതലായവയെപ്പറ്റി വായ്തോരാതെ സംസാരിക്കുന്നവരാണ് മാതാപിതാക്കൾ. ഇത് കുട്ടികളുടെ ആത്മവിശ്വാസത്തെ പ്രതികൂലമായി ബാധിക്കും.

വെറും പരിശീലന വസ്തുക്കളല്ല കുട്ടികൾ. അവരെ നിരീക്ഷിക്കുക, പഠിക്കുക, മനസ്സിലാക്കുക, അവരുടെ കഴിവുകൾ കണ്ടെറിയുക, കഴിവുകൾ വളർത്തിയെടുക്കാനുള്ള പ്രചോദനം കൊടുക്കുക. അവരുടെ വികാരങ്ങളെ മനസ്സിലാക്കുക, അംഗീകരിക്കുക. തെറ്റുകൾ തിരുത്താനുള്ളവയാണ്, ശിക്ഷിക്കാൻ വേണ്ടിയല്ല! അതുകൊണ്ട് ശിക്ഷണം ആത്മാഭിമാനം വർദ്ധിപ്പിക്കുകയും പലതിന്റെയും അതിർത്തികളെപ്പറ്റി അവരിൽ ബോധമുണ്ടാക്കുകയും ചെയ്യും. നല്ല ശീലങ്ങളും മനോഭാവങ്ങളും ഉണ്ടാക്കും. ഏറ്റവും പ്രധാനം ദൈവത്തിലുള്ള അചഞ്ചലവിശ്വാസമാണ്. ***ഏറ്റവും ചെറുപ്പത്തിൽ തന്നെ കുട്ടികളുടെ മനസ്സിൽ ദൈവവിശ്വാസം വേരോടണം. മക്കൾക്കു കൊടുക്കുവാനുള്ള ഏറ്റവും വലിയ നിധിയാണത്. ഇതവരുടെ ആത്മാഭിമാനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുകയും അനന്തസാദ്ധ്യതകളിലേക്കു നയിക്കുകയും ചെയ്യും.*** മാതാപിതാക്കൾ വീട്ടിലും, അദ്ധ്യാപകർ സ്കൂളിലും കുട്ടികൾക്ക് പ്രധാനമായി നൽകേണ്ടത് ആത്മാഭിമാനവും ദൈവവിശ്വാസവും മാത്രം. ●

## വടക്കേ അമേരിക്കക്കാരുടെ 'മെയ് ഫ്ളവർ മിത്ത്'

ബ്രിട്ടീഷുകാരെപ്പോലെ തന്നെ വടക്കേ അമേരിക്കക്കാരും അവരുടെ അസ്തിത്വം വിവരിച്ചത് ചരിത്രസംഭവങ്ങളും യാഥാർത്ഥ്യവും കൊണ്ടല്ല, പ്രത്യുത, മിത്തുകൾ കൊണ്ടാണ്. അവർ കഥകൾ കണ്ടുപിടിച്ചു. അവരുടെ ശത്രുക്കളായി ധാരാളം പേരുണ്ട്. വിദേശികൾ, അന്യഗ്രഹജീവികൾ, ദുഷ്ടരാഷ്ട്രങ്ങൾ തുടങ്ങിയവ അവർക്കെതിരായി ഉപജാപകവൃത്തി നടത്തുന്നു. കോമിക് പുസ്തകങ്ങളിൽ തുടങ്ങി ഹോളിവുഡ് ചിത്രങ്ങളിൽ വരെ അപ്രകാരമുള്ള സങ്കൽപ്പകഥകൾ കാണാം. ചരിത്രപുസ്തകങ്ങളിലും അവയുടെ സൂചനകളുണ്ട്. ലോകാധിപത്യം കൈവരിച്ച അമേരിക്കയെ തകർക്കാനുള്ള പരിശ്രമത്തെ നേരിടാൻ അമേരിക്കൻ ജനത ഒന്നായി നിൽക്കണം. പോപ്പു തമാശക്കാരൻ ക്യാപ്ടൻ അമേരിക്ക എന്ന കഥാപാത്രം അമേരിക്കൻ ജനതയോട് ഇങ്ങനെ പറയുന്നു : നാം വിദേശീയരുടെ ബ്രഹത്തായ ആക്രമണത്തിനിരയായവരാണ്. അത് ഭയങ്കരമായ രീതിയിലാണ് നടത്തിയത്. അവർ ആൾമാറാട്ടം നടത്തി നമ്മുടെ സ്ഥലങ്ങൾ കൈവശപ്പെടുത്തുകയായിരുന്നു. സത്യത്തിൽ ഇരുപതു പേരിൽ ഒരാൾ രഹസ്യമായി ഒരു സ്ക്രൂൾ ആണ്. ഓരോ അമേരിക്കൻ കുട്ടിയും ഇതു വായിച്ച് വളരെ ചെറുപ്പം മുതലേ വിദേശികളെപ്പറ്റിയുള്ള ഭയം അവരുടെ കുരുന്നുമനസ്സുകളിൽ പതിപ്പിച്ചിരിക്കുന്നു ഇത് കോമിക്കുകളിലെ കഥയാണെന്നു പറഞ്ഞ് തള്ളിക്കളയാൻ ശ്രമിക്കുന്നവർ ശ്രദ്ധിക്കണം. കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പു കാലത്ത് റിപ്പബ്ലിക്കൻ പാർട്ടിയും മറ്റും ന്യൂനപക്ഷത്തിനും കുടിയേറ്റക്കാർക്കും എതിരായി പൈശാചികമായ പ്രചാരണമാണു നടത്തിയത്. എന്നാൽ അന്യരെപ്പറ്റിയുള്ള ഈ ചിന്താഗതി അമേരിക്കൻ പൗരന്മാരുടെ മനസ്സിൽ പതിച്ചത് അവരുടെ ഉൽപ്പത്തി കഥയിലൂടെയാണ്. അതിനെ മെയ് ഫ്ളവർ മിത്ത് എന്നു വിളിക്കാം.

1620-ൽ ഇംഗ്ലണ്ടിൽ നിന്ന് ഒരു സംഘം തീർത്ഥാടകർ, സ്വന്തം മണ്ണിൽ നിന്നും തിരസ്കരിക്കപ്പെട്ട് മെയ് ഫ്ളവർ എന്ന കപ്പലിൽ ഒരു കുടിയേറ്റ പ്രദേശമന്വേഷിച്ചു പലായനം ചെയ്തു. ക്ലേശഭൂയിഷ്ഠമായ ഒരു ദീർഘയാത്രയ്ക്കുശേഷം മാസ്സച്യുസ്റ്റ്സ് എന്ന പ്രദേശത്തു എത്തിച്ചേർന്നു. അവർ എത്തിയ സ്ഥലത്തിന് ന്യൂഇംഗ്ലണ്ട് എന്ന പേരും നൽകി. അത് തദ്ദേശവാസികളായ റെഡ് ഇൻഡ്യാക്കാരുടെ ദേശത്തേക്കുള്ള കടന്നാക്രമണം ആയിരുന്നു. ആ തീർത്ഥാടകൻ ദേശവാസികളായ ഇൻഡ്യാക്കാരെ കൂട്ടമായി വധിച്ചു. അവരുടെ കൃഷിയിടങ്ങളിൽ നിന്ന് അവരെ ആട്ടിപ്പായിച്ച് ദേശം കൈവശപ്പെടുത്തി. കിട്ടിയവരെ അടിമകളായി വിറ്റു. പ്രതീകാത്മകമായി പ്ലിമത്ത് എന്ന തുറമുഖത്ത് റെഡ് ഇൻഡ്യൻ നേതാവിന്റെ തല കെട്ടിത്തൂക്കിയിട്ടു. അത് ആക്രമണകാരികളുടെ മേന്മ കാട്ടുന്നതിനും തദ്ദേശീയരെ ഭീഷണിപ്പെടുത്തുന്നതിനുമായിരുന്നു. ആ ഭൂഖണ്ഡത്തിന്റെ 70% ഭൂമിയും തദ്ദേശീയരായ പത്തു മില്യൻ ഇൻഡ്യാക്കാരുടേതായിരുന്നു. ഇന്നു യൂറോപ്പിൽ സംസാരിക്കുന്നതിൽ കൂടുതൽ ഭാഷകൾ ഈ ജനത കൈകാര്യം ചെയ്തിരുന്നു. പക്ഷേ അതെല്ലാം തകിടംമറിച്ചു. ഒരു മില്യനിൽ താഴെ മാത്രം തദ്ദേശവാസികളേ രക്ഷപ്പെട്ടുള്ളു. ആക്രമണകാരികൾ അവരുടെ ഭൂമി മുഴുവൻ കൈക്കലാക്കി. ഇന്ന് വടക്കേ അമേരിക്കക്കാർ എല്ലാ വർഷവും Thanksgiving Day കൊണ്ടാടുമ്പോൾ അവരിൽ ഭൂരിപക്ഷവും ഈ രക്തരൂക്ഷിതമായ കഥയെപ്പറ്റി ബോധമതികളല്ലായി

*(ശേഷം പേജ് 22)*

# നമുക്കു പറക്കാൻ എക്സ്പ്രസ് ഹൈവേ

ഡോ. ജോൺ കുരുവിള



കേരളം ഇന്ന് വികസനത്തിന്റെ കുതിപ്പിലാണ്. ജലവൈദ്യുത പദ്ധതികൾ, താപ നിലയങ്ങൾ, ആണവ നിലയങ്ങൾ, സ്വകാര്യ വിമാനത്താവളങ്ങൾ, മണൽ ഖനനം, ഗാർബേജ് ഡിസ്പോസൽ, ടൂറിസം വികസനം, റോഡു വികസനം, സ്കൈബസ് പദ്ധതി, എക്സ്പ്രസ് ഹൈവേ തുടങ്ങി നിരവധി വികസന പരിപാടികൾ ഇന്ന് പരിഗണനയിലാണ്. എന്നാൽ ഇവയിൽ പലതും വിവാദച്ചുഴിയിൽ പെട്ടുകഴിഞ്ഞു. സൈലന്റ് വാലി പദ്ധതിയേക്കാൾ പതിന്മടങ്ങ് ആപൽക്കാരികളായ പരിപാടികളുടെ നടുവിലാണു നാം എന്ന് ഒരു കൂട്ടർ ഭയപ്പെടുന്നു. സ്വന്തം കക്ഷികൾ കൊണ്ടുവരുന്ന പദ്ധതികൾക്ക് ഓശാന പാടുകയും എതിർകക്ഷികൾ നിർദ്ദേശിക്കുന്നവയ്ക്ക് ഗോഗ്വാ വിളിക്കുകയും ചെയ്യുന്ന നമ്മുടെ രീതി മാറണം. രാഷ്ട്രീയ ലക്ഷ്യമോ സ്ഥാപിത താൽപ്പര്യമോ ഇല്ലാതെ വേണം ഓരോ പദ്ധതിയുടെയും ഗുണദോഷങ്ങൾ നിഷ്പക്ഷമായി വിലയിരുത്താൻ.

ഏറ്റവുമൊടുവിൽ വിവാദത്തിലെത്തിയിരിക്കുന്നത് എക്സ്പ്രസ് ഹൈവേ പദ്ധതിയാണ്. വിദേശരാജ്യങ്ങൾ ഒരു തവണയെങ്കിലും സന്ദർശിച്ചിട്ടുള്ളവർക്ക് എക്സ്പ്രസ് ഹൈവേയുടെ ആവശ്യം മനസ്സിലാകുമെന്നും കേരളത്തിന്റെ സമ്പൂർണ്ണ വികസനം എക്സ്പ്രസ് ഹൈവേ കൊണ്ടു മാത്രമേ സാദ്ധ്യമാവുകയുള്ളൂവെന്നും ഹൈവേ വാദികൾ പറയുന്നു. നമ്മുടെ ഇപ്പോഴുള്ള ഗതാഗതം പൂർണ്ണമായി വഴിമുട്ടുന്നതുവരെ നാം കാത്തിരിക്കണമോയെന്ന് അവർ ചോദിക്കുന്നു. കേരളത്തിന്റെ വികസനസ്വപ്നങ്ങൾ നൂറ്റാണ്ടുകളോളം സാക്ഷാത്കരിക്കപ്പെടുന്ന, 200 മീ. വീതി വരെയാകാവുന്ന, രാജപാതയാണ് ആവശ്യമെന്ന് അവർ വാദിക്കുന്നു. തന്നെയുമല്ല, ബി.ജെ.പി. ഗവൺമെന്റ് പ്രഖ്യാപിച്ച്, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഗോൾഡൻ ക്വാഡ്രിലാറ്ററൽ (5806 കി.മീ., 25050 കോടി രൂപ) 4/6 ലൈൻ പാതയോ, കശ്മീർ മുതൽ കന്യാകുമാരി വരെ പോകുന്ന നോർത്ത്-സൗത്ത് (7300 കി.മീ., 30000 കോടി രൂപ) 4/6 ലൈൻ പാതയോ കേരളത്തിലൂടെ പോകുന്നില്ലെന്ന വസ്തുതയും അവർ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ, കേരളം അവഗണിക്കപ്പെട്ട സ്ഥിതിക്ക് നമ്മുടെ വികസനത്തിന് നമ്മുടേതായ രാജപാതകളുടെ നിർമ്മാണം അനുപേക്ഷണീയമാണ്.

രാജപാതയുടെ മറ്റു പ്രയോജനങ്ങൾ: (1) ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ഉണർത്തും. പാതയിൽ 100 കി.മീ. വേഗത്തിൽ പോകാമെന്നതുകൊണ്ട് ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് മെയിൻമാർക്കറ്റുമായി നേരിട്ടും വളരെ വേഗത്തിലുമുള്ള ബന്ധം സ്ഥാപിക്കാൻ കഴിയും. കൂടുതൽ പ്രതിഫലവുമുണ്ടാകും. (2) കൂടുതൽ ജോലി സാദ്ധ്യതകൾ. 1.62 ലക്ഷം മനുഷ്യവർഷത്തൊഴിൽ ലഭ്യമാകും. നേരിട്ടല്ലാതെയും കൂടുതൽ തൊഴിലവസരങ്ങളുണ്ടാകാം. (3) വ്യവസായ വികസനം. സിമന്റ്, കമ്പി, റോഡ് നിർമ്മാണം, ഓട്ടോമൊബൈൽ, ടൂറിസം തുടങ്ങിയ വ്യവസായങ്ങൾ പുരോഗമിക്കും.



എന്നാൽ, ഹൈവേ വിരോധികളുടെ വാദമുഖങ്ങൾ കൂടുതൽ കരുത്തുറ്റതാണ്. (1) 100 കി.മീ. വേഗത്തിൽ കാസർകോഡ്-തിരുവനന്തപുരം യാത്ര സാധിച്ചെന്നുവരില്ല. 70 കി.മീറ്ററാണ് എക്സ്പ്രസ് ഹൈവേയിൽ പറയുന്ന വേഗത. പ്രവേശന കവാടഭാഗത്ത് ഇത് 50 കി.മീറ്ററായി കുറയും. (2) 1.62 ലക്ഷം തൊഴിൽ സാദ്ധ്യത കണക്കിലെ കളി മാത്രമാണ്. അത്രയും തൊഴിലവസരങ്ങളുണ്ടാകണമെന്നില്ല. (3) നിരവധി പേർക്ക് ജീവനോപാധി ഇല്ലാതാകും. ബദൽ ജീവനോപാധി നൽകാൻ വർഷങ്ങളെടുക്കും. കാർഷിക മേഖലയിലും പദ്ധതി കടന്നുപോകുന്ന പ്ലാന്റേഷൻ മേഖലയിലും വ്യാപകമായ തൊഴിൽ നഷ്ടമുണ്ടാകും. (4) പ്രവേശന കവാടങ്ങൾ കുറവാകയാൽ ഹൈവേയുടെ ഇരുവശത്തും ഗതാഗതസ്തംഭനമുണ്ടാകും.

കേരളത്തിൽ ഇത് പരിസ്ഥിതി നാശങ്ങളുണ്ടാക്കുമെന്നാണ് മറ്റൊരു കണക്കുകൂട്ടൽ. ഹൈവേ സൃഷ്ടിക്കുന്ന വെള്ളക്കെട്ടുമൂലം പരിസ്ഥിതി നാശമുണ്ടാകുന്നതിനാൽ, ചുറ്റുമുള്ള ഭൂമി കൃഷിയോഗ്യമല്ലാതാകും. 28 പ്രധാന നദികളും 27 ചെറിയ നദികളും 384 നീരൊഴുക്കുകളും 330 റോഡുകളും എക്സ്പ്രസ് ഹൈവേ മുറിക്കേണ്ടി വരും. പരിസ്ഥിതി സംരക്ഷകർക്ക് മറ്റൊരു വാദമുഖം കൂടിയുണ്ട്. 100 മീ. വീതിയിലും 560 കി.മീ. നീളത്തിലും വരുന്ന ഹൈവേയുടെ ഇരുവശവും 1 കി.മീ. വീതിയിൽ പാർശ്വ നഗരീകരണമുണ്ടാകും. ഈ ഭാഗങ്ങൾ പ്രത്യേക താപവികിരണ മേഖലയായിത്തീരാനിടയുള്ളതുകൊണ്ട് കേരളത്തിന്റെ അന്തരീക്ഷ താപനില രണ്ടാകും. ഇത് കിഴക്കുപടിഞ്ഞാറൻ മൺസൂണിനെ ദുർബലമാക്കും. തന്മൂലം മഴ കുറയും. ഇത് നമ്മുടെ നദികളിൽ വരൾച്ചയുണ്ടാക്കും. പക്ഷേ, അതു കൂടുതൽ അനുഭവപ്പെടുന്നത് തമിഴ്നാട്ടിലെ പ്രധാന നദികളിലായിരിക്കും.

ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒരു പദ്ധതി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കി കൂടുതൽ പഠനങ്ങൾക്കുശേഷമേ നടപ്പിലാക്കാവൂ. ഒരു ജനക്ഷേമപദ്ധതിയായി ഇതിനെ കരുതുകയാണെങ്കിൽ, സ്ഥലം നഷ്ടപ്പെടുന്നവർക്ക് മുൻകൂർ പണം നൽകുകയും അവരുടെ പുനരധിവാസത്തിനാവശ്യമായ നടപടികൾ ഉറപ്പു വരുത്തുകയും വേണം. വികസനത്തിന്റെ പേരിൽ ജനങ്ങളുടെ ചിലവിൽ പുതിയ രാജപാതകൾ സൃഷ്ടിക്കുമ്പോൾ ഭൂരിഭാഗം ജനങ്ങൾക്കും അതിന്റെ പ്രയോജനമുണ്ടാകണം. എന്തായാലും, വികസനജ്വരം നമ്മുടെ സിരകളിൽ ഭ്രാന്തായി പടർന്നുകൂടാ. കേരളത്തിന്റെ ശാലീനതയ്ക്കും പരിസ്ഥിതിക്കും കോട്ടംതട്ടാതെയും, വെള്ളവും വായുവും മലിനമാകാതെയും വേണം ഇവിടെ വികസനം നടപ്പിലാക്കുവാൻ. ●



# ദ പാഷൻ ഓഫ് ക്രൈസ്റ്റ്

## ഒരു ദൈവശാസ്ത്രവീക്ഷണം

ഫാ. ഡോ. കെ.എം. ജോർജ്

ഓസ്കാർ ജേതാവ് മെൽ ഗിബ്സൻ ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച 'ദ പാഷൻ ഓഫ് ക്രൈസ്റ്റ്' എന്ന സിനിമ ലോകമെമ്പാടും ആവേശപൂർവം അരങ്ങു തകർക്കുകയാണ്. ചിത്രത്തിന്റെ വാണിജ്യവിജയം ഹോളിവുഡിനെ അത്ഭുതപ്പെടുത്തുന്നില്ലെങ്കിലും, ഇത് ലോകമാകെയുള്ള ക്രൈസ്തവസമൂഹത്തിന്റെ മതവികാര തന്ത്രികളിൽ സാരമായ ചലനം സൃഷ്ടിച്ചു കഴിഞ്ഞു. ക്രിസ്തുവിന്റെ പീഡാനുഭവവും ക്രൂശുമരണവും തീവ്രമായി അവതരിപ്പിക്കുക വഴി മതവികാരത്തെ പൂർണ്ണമായും ചൂഷണം ചെയ്തുകൊണ്ടാണ് ഈ ചിത്രം വിജയത്തിലേക്ക് കുതിക്കുന്നത്. സർഗധനനായ സിനിമാസംവിധായകൻ മെൽ ഗിബ്സൻ വളരെ ബുദ്ധിപൂർവം ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ വൈകാരിക തലങ്ങൾ ഹൃദയഭേദകമായി അഭ്രപാളികളുടെ സാങ്കേതിക തലങ്ങളിലൂടെ അവതരിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരസമയത്തെ അവസാന പന്ത്രണ്ടു മണിക്കൂറുകളാണ് ഈ ചിത്രത്തിന്റെ പ്രമേയം. ഇതു ഗത്സമന തോട്ടത്തിൽ നിന്നു തുടങ്ങുന്നു. ഗത്സമന തോട്ടത്തിലെ ഹൃദയവേദനയോടെയുള്ള പ്രാർത്ഥനാനിമിഷങ്ങൾ, യഹൂദ പുരോഹിതർ അയയ്ക്കുന്ന പടയാളികൾ ഒറ്റുകാരനായ യൂദയുടെ മാർഗനിർദ്ദേശത്തിൽ ക്രിസ്തുവിനെ അറസ്റ്റുചെയ്യുന്നത്, തുടർന്ന് നസ്രേത്തിൽ നിന്നുള്ള ഗുരുവും സൗഖ്യദായകനും പ്രവാചകനുമായ ക്രിസ്തുവിനെ അപമാനിച്ച് പീഡിപ്പിച്ചു കൊല്ലുന്നതുമാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്.

ക്രിസ്തുവിന്റെ കഷ്ടാനുഭവവും സഹനവും മധ്യകാലയുഗങ്ങളിലെ റോമൻ കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയുടെ കേന്ദ്രബിന്ദുവായിത്തീർന്നു. ആദ്ധ്യാത്മിക വൈകാരികതയുടെ സർവശക്തിയോടെയാണ് ഇത് യൂറോപ്പിൽ പ്രചരിച്ചത്. പലപ്പോഴും ഈ വിശ്വാസങ്ങൾ അനാരോഗ്യകരവും ഭീകരവുമായി മാറുന്നു. ക്രിസ്തുവിന്റെ അഞ്ചു മുറിവുകൾ, തിരുഹൃദയം, ക്രിസ്തുവിന്റെ തിരുരക്തം, കുരിശിന്റെ വഴി തുടങ്ങിയ ആശയങ്ങളായിരുന്നു ഈ ആദ്ധ്യാത്മികതയുടെ യഥാർത്ഥ ഘടകങ്ങൾ. ക്രിസ്തു സഹിച്ച വേദനകളെക്കുറിച്ച് കന്യാസ്ത്രീകളുടെയും സന്യാസികളുടെയും ഇടയിൽ മാത്രമല്ല, ദരിദ്രമായ മത, സാമൂഹിക പശ്ചാത്തലത്തിൽ ജീവിക്കുന്ന സാധാരണക്കാരുടെ ഇടയിൽ വളരെ പെട്ടെന്ന് ഇവയൊക്കെ പ്രചരിച്ചു. ദർശനങ്ങളും അത്ഭുതങ്ങളും ഇതിനോടു കൂട്ടിച്ചേർത്തു. ക്രിസ്തുവിന്റെ ശരീരത്തിലെ മുറിവുകൾ തങ്ങളുടെ ശരീരത്തിൽ അനുഭവിക്കുകയെന്നത് പല പാശ്ചാത്യ മിസ്റ്റിക്കുകളും സ്വീകരിച്ച മാർഗമായിരുന്നു. കത്തോലിക്കാസഭ ഇത്തരത്തിലുള്ള മദ്ധ്യകാല ദൈവശാസ്ത്രം കോളനിവാഴ്ചയുടെ കാലഘട്ടത്തിൽ മറ്റു ഭൂഖണ്ഡങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു. ഇതു മൂലമാണ് ഫിലിപ്പൈൻസിലും മറ്റും മനുഷ്യർ ക്രൂശാരോഹണത്തിനു വിധേയരാകുന്നതും അങ്ങനെ ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പങ്കാളികളാകാൻ കഴിയുന്നുവെന്നു വിശ്വസിക്കുന്നതും; മാത്രമല്ല ഇത്തരത്തിലുള്ള സ്വയം പീഡനത്തിലധിഷ്ഠിതമായ വിശ്വാസം ലോകത്തിൽ പല സ്ഥലങ്ങളിലും ആദ്ധ്യാത്മികതയുടെ ഭാഗമാക്കുവാൻ കത്തോലിക്കാസഭ പരിശ്രമിച്ചു.

മെൽ ഗിബ്സൻ ഈദൃശ ആദ്ധ്യാത്മികതയുടെ ആരാധകനാണെന്നു തോന്നുന്നു. ഗിബ്സൻ യാഥാസ്ഥിതികനായ ഒരു റോമൻ കത്തോലിക്കാ വിശ്വാസിയാണെങ്കിലും അദ്ദേഹത്തിന്റെ പ്രസിദ്ധി ഓസ്കാർ ജേതാവായ ഒരു സിനിമാസംവിധായകൻ എന്ന നിലയിലാണ്. 1960-കളിലുണ്ടായ രണ്ടാം വത്തിക്കാൻ സുന്നഹദോസിനുശേഷം, റോമൻ കത്തോലിക്കാസഭ ഔദ്യോഗികമായി പരിഷ്കരിക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്തിട്ടുള്ള മധ്യകാല ആദ്ധ്യാത്മികതയുടെ വിവിധ രൂപങ്ങളിലാണ്, അദ്ദേഹത്തിന്റെ മതതാല്പര്യങ്ങൾ പ്രതിഫലിക്കുന്നത്. റോമൻ കത്തോലിക്കാവിശ്വാസത്തിൽ നിന്ന് ഗിബ്സൻ സ്വാംശീകരിച്ച ആദ്ധ്യാത്മിക കാഴ്ചപ്പാടുകളാണ് ദ പാഷൻ ഓഫ് ക്രൈസ്റ്റ് ഉയർത്തിക്കാട്ടുന്നത്. കുരിശിന്റെ വഴിയുടെ പതിനാല് കേന്ദ്രങ്ങളാണ് ഇതിന്റെ സ്പഷ്ടമായ ഉദാഹരണം. ക്രിസ്തു തന്റെ ചുമലിലുള്ള കുരിശുമായി തുടർച്ചയായി 14 സ്ഥലങ്ങളിൽ വീഴുന്നതായി ഗിബ്സൻ ചിത്രീകരിക്കുന്നു. കൃത്രിമത്വം തോന്നിപ്പിക്കുന്ന വിധത്തിലാണ് ഈ വീഴ്ച സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്. മറ്റൊരു ദാഹരണം ക്രിസ്തുവിന്റെ മുഖത്തു നിന്ന് പ്രവഹിക്കുന്ന രക്തം ഒപ്പിയെടുക്കാൻ സഹായിക്കുകയും, അങ്ങനെ തന്റെ തൂവാലയിൽ വിശുദ്ധമുഖം പതിപ്പിക്കുകയും ചെയ്ത വെറോണിക്ക എന്ന വനിതയുടെ കഥയാണ്. ഈ സംഭവങ്ങളൊന്നും വേദപുസ്തകത്തിൽ സൂചിപ്പിക്കുന്നില്ല. എന്നാൽ ഇതൊക്കെ പാശ്ചാത്യക്രിസ്തീയവിശ്വാസത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പ്രസിദ്ധമായ കഥകളാണ്. വൈകാരികമായ ഈ ചലച്ചിത്രം പ്രേക്ഷകരെ ക്രിസ്തുവിന്റെ ക്രൂരമായ പീഡനത്തിന്റെ കഠിനതകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. ക്രിസ്തുവിന് മറ്റേതൊരു ക്രിമിനലിനും ലഭിക്കുന്നതുപോലെയുള്ള മരണമാണു ലഭിച്ചത്. എങ്ങനെയാണ് ക്രിസ്തുവിന്റെ തലയിൽ മുൾക്കിരീടം ചൂടിയതും തന്നെ പ്രഹരിച്ചതും, മുഖത്ത് തുപ്പിയതും - അങ്ങനെ ക്രിസ്തു ശാരീരികവും മാനസികവുമായി സഹിച്ച പീഡനങ്ങൾ സുവിശേഷങ്ങൾ നമുക്കു വിവരിച്ചു തരുന്നുണ്ട്. എന്നാൽ സുവിശേഷകന്മാരുടെ വിവരണത്തിൽ നിന്ന് വളരെ വിഭിന്നമായാണ് ചലച്ചിത്രത്തിൽ ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യരക്ഷകനെന്ന നിലയിൽ ക്രിസ്തുദേവന്റെ സഹനത്തിന്റെ പങ്ക് പാശ്ചാത്യർ വികസിപ്പിച്ചെടുത്ത കഷ്ടാനുഭവത്തിന്റെ ആദ്ധ്യാത്മികതയെ ദൈവശാസ്ത്രപരമായി അംഗീകരിക്കുവാൻ പൗരസ്ത്യ ക്രൈസ്തവപാരമ്പര്യം തയാറാവുന്നില്ല. കൊളോണിയൽ മിഷനറി കാലഘട്ടത്തിൽ പാശ്ചാത്യ അദ്ധ്യാത്മികതയുടെ സ്വാധീനം പല പൗരസ്ത്യ സഭകളിലും ഉണ്ടായിട്ടുണ്ട്. ഉയിർപ്പിന്റെ പ്രാധാന്യം കുറച്ചുകൊണ്ട് ദുഃഖവെള്ളിയാഴ്ചയ്ക്കു പ്രത്യേക പ്രാധാന്യം കൈവന്നതാണ് ഇതിന്റെ മുഖ്യ ഉദാഹരണം. ക്രിസ്തുവിന്റെ പീഡാനുഭവവും ക്രൂശുമരണവും മനുഷ്യരക്ഷയ്ക്കു വേണ്ടിയാണെന്ന് സുവിശേഷങ്ങളുടെ വെളിച്ചത്തിൽ പൗരസ്ത്യപാരമ്പര്യം ഉദ്ഘോഷിക്കുന്നു. മനുഷ്യരുടെയും ലോകത്തിന്റെയും രക്ഷയ്ക്കായി ക്രിസ്തു കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റെന്ന് അപ്പോസ്തലന്മാർ പ്രഖ്യാപിക്കുന്നു. ഇതായിരുന്നു ക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്ത. ആദിമ സഭ ഒരിക്കലും ക്രിസ്തുവിന്റെ ശാരീരിക സഹനത്തിന്റെ തീവ്രത സ്ഥൂലമായ അർത്ഥത്തിൽ അളക്കുവാൻ തയാറായില്ല. ദൈവപുത്രനായ ക്രിസ്തുവിന്റെ സമ്പൂർണ്ണ ജീവിത പശ്ചാത്തലത്തിൽ നിന്ന് പീഢാ സഹനത്തെ ഒരിക്കലും അവർ വേർതിരിച്ചു കണ്ടിരുന്നില്ല. ചരിത്രം പരിശോധിക്കുകയാണെങ്കിൽ അനേകം പുരുഷന്മാരും സ്ത്രീകളും ക്രിസ്തുവിന്റെ ജീവിതത്തിലെ അന്ത്യനിമിഷങ്ങളിലെ പീഡനത്തെക്കാൾ തീവ്രവും കഠിനവുമായ പീഡനം അനുഭവിച്ചു കടന്നുപോയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടങ്ങളിൽ ഹിറ്റ്ലറിന്റെ കോൺസൻട്രേഷൻ ക്യാമ്പുകളിൽ ലക്ഷോപക്ഷം നിരപരാധികളെ നാസ്സികൾ പീഡിപ്പിച്ചു കൊന്നത് ഇതിനുദാഹരണമാണ്. ഇന്ന് ഇറാഖി ജയിലുകളിൽ നിരവധി തടവുകാർ അമേരിക്കൻ-ബ്രിട്ടീഷ് അധിനിവേശസേനയുടെ മനുഷ്യത്വരഹിത പീഡനങ്ങൾ സഹിക്കുന്നുണ്ടല്ലോ. അതുകൊണ്ട് ക്രിസ്തുവിന്റെ സഹനത്തെ ഇതുമായി താരതമ്യപ്പെടുത്തി സ്ഥൂലീകരിക്കുന്നത് സഭയുടെ യഥാർത്ഥ വേദശാസ്ത്രപാരമ്പര്യത്തിൽപ്പെട്ടതല്ല.

ആദിമ ക്രൈസ്തവ പാരമ്പര്യത്തിൽ രണ്ട് അടിസ്ഥാന വിശ്വാസപ്രമാണങ്ങളുണ്ട്. (1) ക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവപുത്രനാണ്. പൂർണ്ണ മനുഷ്യസ്വഭാവത്തിൽ പിറക്കുകയും മാനവജനതയ്ക്കുവേണ്ടി കഷ്ടമനുഭവിച്ചു മരിക്കുകയും ചെയ്തു. ഇത് വെളിപ്പെടുത്തുന്നത് നസ്രായനായ യേശുവിന്റെ പൂർണ്ണ ദൈവത്വത്തെയും പൂർണ്ണമനുഷ്യത്വത്തെയുമാണ്. (2) യഹൂദപുരോഹിതന്മാരും നേതാക്കന്മാരും നിരപരാധിയായ നസ്രേത്തിലെ യേശുവിനെ, അവൻ സ്വയം ദൈവപുത്രനെന്ന് വിശേഷിപ്പിച്ചതുകൊണ്ട് ശിക്ഷ വിധിക്കുകയും ബലിമൃഗമാക്കി കൊല്ലുകയും ചെയ്തു.

അവൻ ലോകത്തിന്റെ പാപങ്ങളെ സ്വയം ഏറ്റെടുത്തു. ക്രിസ്തുവിന്റെ മരണം പാപ പങ്കിലമായ ലോകത്തിനുവേണ്ടിയുള്ള പരിത്യാഗമായിരുന്നു. അങ്ങനെ യേശുവിന്റെ പീഡാനുഭവവും മരണവും മൂലം യേശുവിനെ അമൂല്യവും സവിശേഷവുമായ ഒരു വ്യക്തിത്വമാക്കി. കാരണം യേശു ദൈവമാണെന്നും തങ്ങളുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്തവനാണെന്നും വിശ്വസിച്ചിരുന്നു.

അതുകൊണ്ടാണ് താദാത്മ്യപ്പെടലും വ്യതിരിക്തതയും, ബഹുത്വവും ഏകത്വവും ക്രിസ്തുവിന്റെ പീഢാ സഹനത്തിലും മരണത്തിലും ആരോപിക്കപ്പെടുന്നത്. അതിന് മാനുഷികമായ സഹനത്തോടും മരണത്തോടും ബന്ധമുള്ളതിനാൽ അത് വ്യക്തിപരവും സാമൂഹ്യപരവുമാണ്. നിരപരാധികളായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും കോൺസൻട്രേഷൻ ക്യാമ്പുകളിൽ അനുഭവിച്ച ശാരീരിക പീഡനങ്ങൾ ക്രിസ്തു ലോകരക്ഷയ്ക്കുവേണ്ടി അനുഭവിച്ചതിനു തുല്യമോ അതിനേക്കാൾ കൂടുതലോ ആയിരിക്കാം. അവരുടെ പരിത്യാഗവും പീഡാനുഭവവും നാം അംഗീകരിക്കുന്നെങ്കിലും, അവർ ലോകരക്ഷകരായി ഭവിക്കുന്നില്ല. ഏറ്റവും ദുഃഖപൂർണ്ണമായ മനുഷ്യാവസ്ഥയാണ് അവർ അനുഭവിച്ചതും പങ്കുവച്ചതും. എന്നാൽ അവരുടെ സഹനങ്ങൾ മനുഷ്യവർഗത്തിനുവേണ്ടി ത്യാഗം സഹിച്ച ക്രിസ്തുവിന്റെ സഹനത്തോട് സമമാകുന്നില്ല. നിഷ്കളങ്കരായ അത്തരം മനുഷ്യരുടെ പീഡാനുഭവം സ്നേഹത്തിനും സമാധാനത്തിനും നീതിക്കും അനുരഞ്ജനത്തിനും പശ്ചാത്താപത്തിനും വേണ്ടിയായിരുന്നെങ്കിൽ തീർച്ചയായും ക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവത്തിലുള്ള പങ്കാളിത്തമാണ് ക്രിസ്തു അനുഭവിച്ചത്. തീവ്രവും ദീർഘമേറിയതുമായ ശാരീരിക പീഡനങ്ങളായിരുന്നുവെങ്കിലും വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ ശാരീരിക സഹനങ്ങളുടെ ക്രൂരതയ്ക്കല്ല പ്രാധാന്യം.

ഒരു കലാകാരനെന്ന നിലയിൽ ഗിബ്സന് അദ്ദേഹത്തിനു താല്പര്യമുള്ള പ്രമേയം സിനിമയിൽ അവതരിപ്പിക്കുന്നതിനു തീർച്ചയായും സ്വാതന്ത്ര്യമുണ്ട്. എന്നാൽ സഭയുടെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിൽ, പീഡാനുഭവത്തെയും മരണത്തെയും, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെയും പുനരുത്ഥാനത്തിന്റെയും സമഗ്രതയിൽ നിന്ന് അദ്ദേഹം വേർതിരിച്ചു കാണുന്നില്ല. **ക്രിസ്തുവിന്റെ തീവ്രമായ പീഡാനുഭവവും മരണവും അടിസ്ഥാനമാക്കിയുള്ള പാശ്ചാത്യ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതിനിധിയാണ് ഗിബ്സൻ. സഭയുടെ പുരാതന ദേവശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വ്യാഖ്യാനം വികലവും ഭാഗികവും യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തോട് നീതിപുലർത്താത്തതുമാണ്. ഉയിർപ്പിന്റെ ഒരു സൂചന മാത്രമേ സിനിമയുടെ അന്ത്യത്തിൽ നൽകുന്നുള്ളൂ.**

പാശ്ചാത്യ ആദ്ധ്യാത്മികതയുടെ മുഖ്യ തന്തുവാണ് ക്രിസ്തുവിന്റെ ക്രൂശീകരണം. അത് ഇപ്പോഴും അങ്ങനെ തന്നെ തുടരുകയാണ്. ക്രിസ്തുവിന്റെ പീഡാനുഭവ കേന്ദ്രിതമായ ഈ ഭക്തിമാർഗ്ഗം യാതന അനുഭവിക്കുന്ന രക്ഷകനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പ്രൊട്ടസ്റ്റന്റു പാരമ്പര്യത്തിൽ പൊതുവെ ക്രിസ്തുവിന്റെ പീഡാനുഭവവുമായി ബന്ധപ്പെട്ട പ്രതീകങ്ങളും ആചാരങ്ങളും ഒഴിച്ചു നിർത്തുകയാണു ചെയ്യുന്നത്. എന്നാൽ അവരുടെ ആരാധനകളിൽ ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ച് വാക്കുകളിലൂടെ ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. റഷ്യൻ ഓർതഡോക്സ് വേദശാസ്ത്രജ്ഞന്മാർ, ഒക്ടോബർ വിപ്ലവത്തിനുശേഷം പാരീസിലും മറ്റു സ്ഥലങ്ങളിലും വന്നു ചേർന്നതിനുശേഷമാണ് പടിഞ്ഞാറൻ യൂറോപ്പിലെ കത്തോലിക്കാ സഭ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് ഗൗരവമായി ചിന്തിച്ചു തുടങ്ങിയതെന്ന് ഒരു പ്രസിദ്ധ ഫ്രഞ്ചു റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുവരെ ക്രിസ്തുവിന്റെ പീഡാനുഭവവും ക്രൂശുമരണവും പാശ്ചാത്യരുടെ ആദ്ധ്യാത്മിക ധ്യാനത്തിന്റെയും ദൈവശാസ്ത്ര വിചിന്തനത്തിന്റെയും വിഷയമായിരുന്നു. ദൈവശാസ്ത്രപരമായി ഈ യാഥാസ്ഥിതിക തലമുറയോടാണ് ഗിബ്സൻ ചേർന്നു നിൽക്കുന്നത്.

പാശ്ചാത്യപൗരസ്ത്യ പാരമ്പര്യങ്ങളിൽ ക്രിസ്തുവിന്റെ ക്രൂശീകരണം മതചിത്രകല (Iconography) യ്ക്ക് ഇഷ്ടപ്പെട്ട ഒരു പ്രമേയമായിരുന്നു. മധ്യകാലഘട്ടത്തിനുശേഷം വികൃതമായ ശാരീരിക ചേഷ്ടകളോടെ ക്രിസ്തു ക്രൂശിൽ വേദനയനുഭവിക്കുന്നത് ചിത്രീകരിക്കുക പാശ്ചാത്യർക്കു വളരെ നിർബന്ധമായിരുന്നു. എന്നാൽ ചില പെയിന്റിംഗുകളിലും ശില്പങ്ങളിലും, അത് വളരെ വിശദമായി, ഭീകരവും ഭയാനകവുമായി കാഴ്ചക്കാരനിൽ രോഗാതുരമായ ഭക്തിയുണർത്തുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി ബൈസന്റൈൻ-ഓറിയന്റൽ ഐക്കണോഗ്രഫിയിൽ ക്രൂശിൽ മരിച്ചു കിടക്കുന്ന ക്രിസ്തുവിന്റെ മുഖം വളരെ ശാന്തമാണ്. അദ്ദേഹത്തിന്റെ മുഖത്ത് വേദനയുടെ ലാഞ്ഛന ലവലേശമില്ല. ക്രിസ്തു തീർച്ചയായും മരണസമയത്ത് വളരെയധികം വേദന അനുഭവിച്ചിട്ടുണ്ടാകും. എന്നാൽ അദ്ദേഹം പീഡനങ്ങളെയും മരണത്തെയും അതിജീവിക്കുകയാണു ചെയ്തത്. ഈ സന്ദേശമാണ് ഇത്തരം ഐക്കണുകൾ നമുക്കു നൽകുന്നത്. ലോകത്തെ അതിജീവിച്ച് വിജയാളിയായി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ആരാധനയിൽ ആഘോഷിക്കുന്നത്. ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെയും മരണത്തെയും പറ്റി രണ്ടു വ്യത്യസ്ത വേദശാസ്ത്ര വീക്ഷണങ്ങളുണ്ടെങ്കിലും ഈ രണ്ടു ക്ലാസ്സിക്കൽ വ്യാഖ്യാനങ്ങളും, ഇന്നത്തെ എക്യുമെനിക്കൽ കാലഘട്ടത്തിൽ, കൃത്യമായി വേർതിരിച്ചു കാണാനാവുന്നില്ല. സാഹിത്യപരമായും യഥാർത്ഥമായും ക്രൈസ്തവ വിശ്വാസം പടിഞ്ഞാറ് വ്യാഖ്യാനം ചെയ്യുമ്പോൾ, കിഴക്ക് പൊതുവെ പ്രതീകാത്മകവും അതീന്ദ്രിയവുമായ സമീപനമാണ് ക്രിസ്തുവിന്റെ രഹസ്യത്തെക്കുറിച്ചും ക്രൈസ്തവപാരമ്പര്യത്തെക്കുറിച്ചുമുള്ളത്. മെൽ ഗിബ്സൻ മാതൃകാപരമായ പാശ്ചാത്യപാരമ്പര്യത്തിന്റെ ഒരു വ്യാഖ്യാതാവാണ്. അത്തരത്തിലുള്ള ചിത്രീകരണമാണ് ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ച് ഈ ചിത്രത്തിലുള്ളത്.


ക്രൂശീകരണമെന്നത് പ്രാചീന അസീറിയ, ബാബിലോൺ, പേർഷ്യൻ രാജ്യക്കാരുടെ പ്രസിദ്ധമായ ശിക്ഷാവിധിയായിരുന്നു. റോമാക്കാർക്ക് ക്രൂശീകരണത്തിലൂടെയുള്ള കൊല ഒരു വിദഗ്ദ്ധമായ കലയായിരുന്നു. ക്രിസ്തുമതസ്വാധീനത്തോടെ കോൺസ്റ്റന്റൈൻ ചക്രവർത്തിയാണ് ക്രൂരമായ ഈ ശിക്ഷാവിധി നിർത്തലാക്കിയത്. ക്രൂശിക്കപ്പെടുന്ന ഒരു മനുഷ്യൻ മരണമടയുന്നത് വിവിധങ്ങളായ ശാരീരിക കാരണങ്ങളാലാണെന്ന് എന്ന് ആധുനിക വൈദ്യശാസ്ത്ര ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു. ആഘാതങ്ങളും നിർജലീകരണവും ശരീരത്തിന്റെ ക്ഷതവും വലിയ എല്ലുകളുടെ ഒടിവുമെല്ലാം സംഭവിക്കുന്നു. ക്രമേണയുള്ള ശ്വാസതടസ്സം സൃഷ്ടിച്ചാണ് മരണം സംഭവിപ്പിക്കുന്നതെന്ന് സൗത്ത് ആഫ്രിക്കൻ ജേണൽ ഓഫ് മെഡിസിനിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ വിശദമായി പറയുന്നുണ്ട്. മരണം സംഭവിക്കാനായി ചിലപ്പോൾ ആറു മണിക്കൂർ മുതൽ നാലു ദിവസം വരെ എടുക്കും. അവസാനമായി മരണം സംഭവിക്കുന്നത് ഹൃദയസ്തംഭനം മൂലമാണ്. ക്രൂശിക്കപ്പെട്ടവർ മരിച്ചുവെന്ന് ഉറപ്പു വരുത്തിയശേഷമാണ് റോമൻ പടയാളികൾ അവിടം വിട്ടുപോകുന്നത്. അവർ മരണം ഉറപ്പിക്കുന്നതിനായി കാലിലെ വലിയ എല്ലുകൾ ഒടിക്കുകയും, നെഞ്ചിൽ ഹൃദയഭാഗത്ത് കുത്തുകയും അടിക്കുകയും ചെയ്യുന്നു. കുരിശിന്റെ ചുവട്ടിലിട്ട് തീ കത്തിച്ച് പുകയിടുകയും തന്മൂലം ശ്വാസം മുട്ടി മരിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ മരണം സാധാരണ രീതിയിൽ നിന്ന് വളരെ മുമ്പെ സംഭവിച്ചുവെന്നാണ്

## ദേശീയ മിത്തുകൾ *(പേജ് 19 തുടർച്ച)*

രിക്കും. വാസ്തവത്തിൽ, തദ്ദേശവാസികളായ ഇന്ത്യാക്കാരെ ആക്രമിച്ചു പിടിച്ചടക്കിയതിന്റെ ഓർമ്മ കൊണ്ടാടുന്ന ദിവസമാണത്. ഈ വിശദാംശങ്ങൾക്കുമപ്പുറം നമ്മുടെ ചിന്തയ്ക്കു വിഷയമായിരിക്കുന്നത്, ആക്രമണകാരികളായ തീർത്ഥാടകർ അവരുടെ ആക്രമണവും തദ്ദേശവാസികളെ നശിപ്പിച്ചതും സാധൂകരിക്കാനായി കെട്ടിച്ചമച്ച കഥകളാണ്. റെഡ് ഇന്ത്യാക്കാർ എന്നു വിളിച്ച ആ ദേശവാസികളെ അവർ കിരാതന്മാരായി ചിത്രീകരിച്ചു. അവർ അപരിചിതരും അന്യരുമായി. അതുകൊണ്ട് അവരെ പരിഷ്കൃതരാക്കേണ്ടിയിരുന്നു. ആവശ്യം വന്നാൽ അവരെ ഇല്ലാതാക്കിയും ആക്രമണകാരികളുടെയിടയിൽ ക്രമം പാലിക്കേണ്ടതുണ്ട്. തീർത്ഥാടകർ ഒരു ഏകീകൃത സംഘടിതസംഘമല്ലായിരുന്നു. അവരിൽ പ്യൂരിട്ടന്മാരും അല്ലാത്തവരും ഉണ്ടായിരുന്നു. എതിർത്തു നിൽക്കുന്ന ഇന്ത്യാക്കാർ കാടത്തമുള്ള ശത്രുക്കളാണ്. അതുകൊണ്ട് അവർ തമ്മിലുള്ള അതിരുകൾ നിർമ്മിച്ച് പുതിയ കഥകൾക്കു രൂപം കൊടുത്തു. ആ കഥകൾ ഇന്നും ഹോളിവുഡ് ചിത്രങ്ങളിലൂടെയും കോമിക്ക് പ്രസിദ്ധീകരണങ്ങളിൽ കൂടിയും പുനരവതരിപ്പിക്കുന്നുണ്ട്. അതിലുമുപരി, അമേരിക്കക്കാരുടെ രാഷ്ട്രീയചിന്തയിൽ അതു പ്രതിധ്വനിക്കുന്നു. അവരൊഴിച്ച് ലോകത്തിലുള്ള രാഷ്ട്രങ്ങളെല്ലാം പോക്കിരി രാഷ്ട്രങ്ങളാണ്. ലോകത്തിൽ പ്രജാധിപത്യസംവിധാനം നടപ്പാക്കുവാൻ അവർ ബാദ്ധ്യസ്ഥരാണു പോലും. ബ്രിട്ടീഷുകാരും ഐറിഷ് ജനതയും, തീർത്ഥാടകരും ദേശീയ ഇന്ത്യാക്കാരും ദേശീയതയ്ക്ക് അന്യരും അപരിചിതരുമായി ചിത്രീകരിക്കപ്പെട്ടു. മിത്തുകൾ രൂപപ്പെടുത്തി തദ്ദേശവാസികളെ അതിർത്തിയ്ക്കപ്പുറം നിർത്തി. ആക്രമണകാരികൾ തദ്ദേശവാസികളായി ചിത്രീകരിക്കപ്പെട്ടു.

*(തുടരും)*



# Christian Editors and Writers' Society

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാരുടെ വാർഷികസമ്മേളനം തിരുവല്ല പഴയ പുലാത്തീനിൽ ചേർന്നു. 'സത്യദീപം' പത്രാധിപർ ഫാ. ഡോ. പോൾ തേലക്കാട്ട് ആധ്യക്ഷ്യം വഹിച്ചു. വിവിധ സഭാ വിഭാഗങ്ങളിൽപ്പെട്ടവർ വ്യത്യസ്ത വിശ്വാസാചാരങ്ങൾ വച്ചുപുലർത്തുമ്പോഴും നാനാത്വത്തിൽ ഏകത്വം ദർശിക്കുവാൻ കഴിയുന്നതിലാണ് എക്യുമെനിസം അർത്ഥവത്താകുന്നതെന്ന് ഉൽഘാടനപ്രസംഗകൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത പറഞ്ഞു. സംസ്കാരത്തിന് അർത്ഥവും വ്യാപ്തിയും നൽകുന്നവയാണ് പത്രങ്ങളെന്നും, സാഹചര്യാടിസ്ഥാനത്തിൽ മൂല്യങ്ങളെ വിലയിരുത്തുവാൻ പത്രാധിപന്മാർക്കു കഴിയണമെന്നും അദ്ദേഹം ഉൽബോധിപ്പിക്കുകയുണ്ടായി. കേരള പ്രസ് അക്കാഡമി ചെയർമാൻ ശ്രീ. തോമസ് ജേക്കബ്, പ്രശസ്ത സാഹിത്യനിരൂപകൻ പ്രൊഫ. എം. തോമസ് മാത്യു എന്നിവർ പ്രഭാഷണങ്ങൾ നടത്തി. സെക്രട്ടറി ഡോ. മാത്യു കോശി പുന്നയ്ക്കാട് സ്വാഗതവും ട്രഷറർ ശ്രീ. അച്ചൻകുഞ്ഞ് ഇലന്തൂർ നന്ദിയും പ്രകാശിപ്പിച്ചു.

സുവിശേഷങ്ങൾ നമ്മോടു പറയുന്നത്. അതുകൊണ്ട് പടയാളികൾക്ക് അദ്ദേഹത്തിന്റെ കാലുകൾ ഒടിക്കേണ്ടതായി വന്നില്ല. ക്രിസ്തുവിനൊപ്പം ക്രൂശിലേറ്റപ്പെട്ട മറ്റു രണ്ടു പേർക്കും അങ്ങനെ ചെയ്യേണ്ടിവന്നു. ഒരു കുരിശിൽ ഒരു കഴുകൻ ഇരിക്കുന്നതായി ഗിബ്സൻ ചലച്ചിത്രത്തിൽ കാണിക്കുന്നുണ്ട്. ബന്ധുക്കൾ ഏറ്റു വാങ്ങാത്തതായ മൃതദേഹങ്ങൾ ചിലപ്പോൾ കഴുകന്മാർക്ക് വിട്ടുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ, ഗിബ്സന്റെ ചിത്രീകരണം പച്ചയായ ഹിംസയുടെ ഭാവം പ്രകടിപ്പിക്കുന്നു. ജൂതമതപുരോഹിതന്മാരുടെ ആ സ്ഥലത്തെ സാന്നിദ്ധ്യം മനസ്സിലാക്കുവാൻ പ്രയാസമാണ്. പാശ്ചാത്യ നാടുകളിൽ വിവാദമുയർത്തുവാൻ സിനിമ പ്രകോപനപരമാക്കിയിരിക്കുന്നു. പ്രത്യേകിച്ച്, ജൂതസമൂഹങ്ങൾ ഗിബ്സന്റെ സെമറ്റിക് വിരുദ്ധതയെ ചോദ്യം ചെയ്യുമ്പോൾ ഗിബ്സൻ വിദഗ്ധമായി അദ്ദേഹത്തെ ന്യായീകരിക്കുന്നുണ്ട്.

സ്നേഹത്തിന്റെയും ക്ഷമയുടെയും സന്ദേശമാണ് ഈ ചിത്രമെന്ന് അദ്ദേഹം പറയുന്നു; ഒരിക്കലും ഇത് വംശീയ വിരോധത്തിനോ വർഗ വിദ്വേഷത്തിനോ ഉദ്ദേശിക്കുന്നില്ല എന്ന്. റോമൻ കത്തോലിക്കാ സഭ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ജൂതസമൂഹത്തിലെ പിൻതലമുറയെ ക്രിസ്തുവിന്റെ കൊലപാതകത്തിൽ നിന്ന് കുറ്റവിമുക്തരാക്കുകയുണ്ടായി. എന്നാൽ ഒരു കത്തോലിക്കാ വിശ്വാസിയായ ഗിബ്സന്റെ ഈ ചലച്ചിത്രത്തിന്റെ വരവോടുകൂടി ആ തീരുമാനം ലംഘിക്കപ്പെടുമോയെന്ന് ഭയക്കുന്ന ചിലരുണ്ട്. കടുത്ത യാഥാസ്ഥിതികനായ മെൽ ഗിബ്സനും യാഥാസ്ഥിതികരായ ഇവാഞ്ചലിക്കൽ പ്രൊട്ടസ്റ്റന്റ് സമൂഹവും തമ്മിൽ വിശ്വാസപരമായി യോജിപ്പില്ലെങ്കിലും ഈ ചിത്രത്തിന്റെ വിജയത്തിനുവേണ്ടി അവരൊന്നിക്കുന്നതായി തോന്നിപ്പിക്കുന്ന റിപ്പോർട്ടുകളുണ്ട്. അമേരിക്കയിലെ ഇവാഞ്ചലിക്കൽ സമൂഹത്തിന്റെ നേതാവ് ബില്ലിഗ്രഹാം ഇങ്ങനെ പ്രസ്താവിച്ചു: ഒരു ജന്മത്തിലെ മുഴുവൻ സുവിശേഷപ്രവർത്തനവും ഈയൊരു ചലച്ചിത്രത്തിലൂടെ നടന്നിരിക്കുന്നു എന്ന്. പ്രചാരണത്തിന്റെ ശക്തികൊണ്ടും പ്രമേയത്തിന്റെ ആകർഷണീയത കൊണ്ടും വളരെ ആവേശകരമായ സ്വീകരണമാണ് ഈ ചിത്രത്തിന് ക്രൈസ്തവകേന്ദ്രങ്ങളിൽ ലഭിച്ചത്. പാശ്ചാത്യ ലോകത്ത് ക്രിസ്തീയസഭയുടെ വിശ്വാസ്യത നശിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മെൽ ഗിബ്സൻ ക്രിസ്തുവിന്റെ കഥയുടെ പുനരാഖ്യാനം നടത്തുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത് ജീർണ്ണതയുടെ വക്കിലെത്തി നിൽക്കുന്ന പാശ്ചാത്യസഭയ്ക്ക് ഒരു ഉയിർത്തെഴുന്നേൽപ്പിന് വക നൽകുമെന്ന് ചിലർ കരുതുന്നു.

*(കടപ്പാട്)*

## ഡോ. സഖറിയാസ് മാർ തിയോഫിലസ് മെത്രാപ്പോലീത്ത

മാർത്തോമാ സഭയുടെ ബാഹ്യകേരള എപ്പിസ്കോപ്പമാരിലൊരാളായ ഡോ. സഖറിയാസ് മാർ തിയോഫിലസ്, സഫ്രഗൻ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടു. ഇതോടെ സഭയിലെ സഫ്രഗൻ മെത്രാപ്പോലീത്തമാരുടെ എണ്ണം രണ്ടായി.

## NCCI പ്രസിഡന്റ്

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ പുതിയ പ്രസിഡന്റായി സി.എസ്.ഐ.തിരുനൽവേലി മഹായിടവക ബിഷപ്പ് റൈറ്റ് റവ. ഡോ. ജയപോൾ ഡേവിഡ് സ്ഥാനമേറ്റു.

## KCC യ്ക്ക് പുതിയ സെക്രട്ടറി

കേരള കൗൺസിൽ ഓഫ് ചർച്ചസ് സെക്രട്ടറിയായി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം പ്രൊഫ. ഫിലിപ്പ് എൻ. തോമസ് നിയമിതനായി. തിരുവല്ല മാർത്തോമാ കോളജിൽ ഫിസിക്സ് അധ്യാപകനാണദ്ദേഹം.



# പ്രതികരണങ്ങൾ

## ആത്മഹത്യാ പ്രശ്നം

വിഷാദരോഗം ബാധിച്ച ബലഹീന മനുഷ്യർക്ക് മനഃശസ്ത്രപരമായ ചികിത്സ ആവശ്യമാണ്. എന്നാൽ സമൂഹത്തിനു മൊത്തത്തിൽ ചികിത്സ ആവശ്യമായിത്തീർന്നിരിക്കുന്നു. "എല്ലാ രോഗങ്ങളും രോഗഗ്രസ്തമായ സാമൂഹിക ക്രമങ്ങളുടെ സൃഷ്ടിയാണ്." സമീപകാലത്ത് വർധിച്ചു വരുന്ന ആത്മഹത്യകൾ സമൂഹത്തിന്റെ സാമ്പത്തിക അസന്തുലിതാവസ്ഥയുടെ നിദർശനമാണ്. വിദ്യാഭ്യാസം ചെയ്യാൻ പരാധീനതയനുഭവിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വന്തം ജാമ്യത്തിൽ പലിശയില്ലാക്കടമായി വായ്പാ സ്കോളർഷിപ്പുകൾ സർക്കാർ നൽകിയിരുന്നു. എന്നാൽ പുത്തൻ സാമ്പത്തിക നയങ്ങളുടെ വേലിയേറ്റത്തിൽ അതൊക്കെ ഒലിച്ചു പോയി. വിദ്യാഭ്യാസം ജനങ്ങളുടെ അവകാശമാണ്. സൗജന്യവിദ്യാഭ്യാസം നൽകാൻ സർക്കാരിനു കഴിവില്ലെങ്കിൽ ലോൺ സ്കോളർഷിപ്പുകളെങ്കിലും കൊടുത്ത് നിർധനരായ വിദ്യാർത്ഥികളെ സഹായിക്കണം. തിരിച്ചടയ്ക്കാൻ നിർവാഹമില്ലാത്തവർക്ക് കാർഷിക വായ്പകളുൾപ്പെടെ എല്ലാ കടങ്ങളും ഇളവു ചെയ്തുകൊടുക്കണം. ക്രിസ്തീയ സഭകൾ പ്രവാചകശബ്ദമുയർത്തുകയും കർമ്മരംഗത്തിറങ്ങുകയും വേണം.

*എം. ടി. ഈപ്പച്ചൻ, മുഖത്തല*


NEW VISION FOR A CHANGING WORLD

SEPTEMBER 2004


Registered with the Registrar of Newspapers for India under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാരുടെ വാർഷിക സമ്മേളനത്തിൽ മലയാള മനോരമ അസ്സോസിയറ്റ് എഡിറ്റർ ശ്രീ. തോമസ് ജേക്കബ് മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ ഇടത്തുനിന്ന്: ഡോ. മാത്യു കോശി, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, ഫാ. ഡോ. പോൾ തേലക്കാട്ട്, പ്രൊഫ. എം. തോമസ് മാത്യു, ശ്രീ. അച്ചൻകുഞ്ഞ് ഇലന്തൂർ.



## GUESS WHAT?

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam.